# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 44

വാല്യം – 15 ലക്കം – 7 മിഥുനം – 1198 ജൂലൈ 2023



98-ാമത് വാർഷിക പൊതുയോഗത്തിൽ എറണാകുളം കരയോഗം
ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിക്കുന്നു.









# ഉള്ളടക്കം

വാല്യം 15 | ലക്കം 7 | ജൂലൈ 2023


എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 5
ബാലലോകം 7
വാസ്തു. 8
ക്ഷേത്രങ്ങളിലൂടെ. 9
ചട്ടമ്പിസ്വാമി തിരുവടികൾ - 5 11
സൗരോർജ്ജപാതയിൽ 13
മറവിയിലെ ഓർമ്മകൾ 17
തുർക്കി പർവ്വം (2) 19
ദൃക്ക് ദൃശ്യ വിവേകം (4) 22
മഴക്കകാല രോഗങ്ങൾ 24
നവരാത്രി 27
മനുഷ്യവർഗ്ഗത്തെക്കുറിച്ച് പകരുന്ന ഒരു ചരിത്രം 30
കർമ്മവും ജ്യോതിശ്ശാസ്ത്രവും 32
ചതികൾ വിരലറ്റത്ത് 34
തമസോ മാ ജ്യോതിർഗമയ 36
മറക്കില്ലൊരിക്കലും 39
മാസഫലം 41
മാട്രിമോണിയൽ. 42


## എഡിറ്റോറിയൽ

# മഴക്കാലദുരിതങ്ങൾ

മഴക്കാലത്തിന് തുടക്കമായി- കൊച്ചീക്കാരുടെ ദുരിതപർവ്വത്തിനും. ഇനിയങ്ങോട്ടുള്ള കുറെ നാളുകൾ നാനാവിധ കഷ്ടതകളും ബുദ്ധിമുട്ടുകളും യാതനകളും നിറഞ്ഞതാണ് ഈ നാട്ടുകാർക്ക്. എത്രയോ വർഷങ്ങളായി ഒരു തുടർക്കഥ പോലെ ഇത് അനുഭവിച്ചുകൊണ്ടേയിരിക്കുകയാണ് നാം. ഇന്നത് ഒരു പതിവുപോലെയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏറ്റവും കഠിനമായിട്ടുള്ളത് കൊതുകുകളുടെ ആക്രമണങ്ങളിൽ നിന്നും അവ പരത്തുന്ന രോഗങ്ങളിൽ നിന്നും രക്ഷപെടുകയെന്നുള്ളതാണ്. കൊച്ചിയിലെ കൊതുകുനശീകരണപ്രക്രിയ ആരംഭിച്ചിട്ട് വർഷങ്ങളോളമായി. മാറി മാറി വരുന്ന കോർപറേഷൻ കൗൺസിലുകൾ പല തരത്തിലും പരിശ്രമിച്ചിട്ടുണ്ട്. പല പരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. പക്ഷെ കൊതുകുശല്യത്തിൽ നിന്നും കൊച്ചിയെ രക്ഷിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഇതിന് കോർപറേഷനേയോ, സർക്കാരിനേയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കൊതുകിന്റെ പ്രജനനത്തേയും വളർച്ചയേയും തടയാൻ പറ്റം വിധം അവരവരുടെ പ്രദേശങ്ങളെ ശുചിത്വത്തോടെ, വെള്ളം ഒട്ടും കെട്ടിനില്ക്കാത്ത വിധത്തിൽ സൂക്ഷിക്കുകയും പൂർണ്ണമായ തോതിൽ മാലിന്യസംസ്ക്കരണം നടത്തുകയും ചെയ്യുക എന്ന പ്രാരംഭകർമ്മം നാട്ടുകാർ സ്വയം ഏറ്റെടുത്തേ മതിയാകൂ. അതാതു പ്രദേശങ്ങളിലെ റെസിഡൻഷ്യൽ അസ്സോസിയേഷനുകളും അതുപോലെയുള്ള


## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

കൂട്ടായ്മകളും മുൻകയ്യെടുത്ത് ശുചിത്വ പരിപാലനം ഉറപ്പാക്കേണ്ടതുണ്ട്.

ഈ സീസണിൽ മഴക്കാല രോഗങ്ങളായ കൊതുകു പരത്തുന്ന ചിക്കൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം, യെല്ലോഫീവർ മലമ്പനി തുടങ്ങിയവ മൂലം നമ്മുടെ ഹോസ്പിറ്റലുകൾ നിറയുകയും സാധാരണമാണ്. ചിക്കൻഗുനിയ കേരളത്തിൽ പലയിടത്തും റിപ്പോർട്ടു ചെയ്തു കഴിഞ്ഞു. ഇത് പരത്തുന്നത് ഈഡിസ് ഈജിപ്തീസ് വിഭാഗത്തിൽപെട്ട കൊതുകുകളാണ്. ശരീരത്തിൽ കറുത്ത നിറവും വെളുത്ത വരകളും പൊട്ടുപോലെയുള്ള അടയാളങ്ങളുമുള്ളതാണ് ഈഡിസ് ഈജിപ്തി വിഭാഗവത്തിൽപെട്ട ഈ കൊതുകുകൾ. ഇവയിലെ പെൺകൊതുകുകളാണ് പ്രധാന രോഗവാഹകർ. ജപ്പാൻ ജ്വരം, ഡെങ്കിപനി അല്ലെങ്കിൽ വൈറൽ പനി മുതലായവയെല്ലാം കൊതുകുകൾ പരത്തുന്ന മറ്റു രോഗങ്ങളാണ്. അതുപോലെ ഈ കാലയളവിൽ ശർദ്ദി, അതിസാരം, മഞ്ഞപ്പിത്തം ടൈഫോയിഡ് തുടങ്ങിയ ജലജന്യരോഗങ്ങളും ധാരാളമായി ഉണ്ടാകാറുണ്ട്. വ്യക്തിശുചിത്വവും പരിസരശുചിത്വവുമാണ് എല്ലാത്തിനും പരിഹാരം. രോഗം വന്നശേഷം ചികിത്സിക്കാൻ പോകുന്നതിനേക്കാൾ എത്രയോ ഭേദമാണ് രോഗം വരാതെ മുൻകരുതലെടുക്കുക എന്നുള്ളത്. അതിനായി നമുക്ക് സർക്കാരിനോടും സമൂഹത്തോടുമൊപ്പം അണിചേരാം.

അടുത്തത് വെള്ളക്കെട്ടും ഗതാഗതക്കുരുക്കുമാണ്. ഈ വർഷം ഒന്നോ രണ്ടോ മഴപെയ്തു കഴിഞ്ഞതേയുള്ളൂ. റോഡുകളിൽ പലയിടത്തും വെള്ളക്കെട്ടുകളും അതുമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്കും തുടങ്ങിക്കഴിഞ്ഞു. ഇതിനുള്ള പരിഹാരം പല പ്രാവശ്യം ഇതേ പംക്തിയിലൂടെ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നമ്മുടെ നഗരത്തിൽ നിന്നുള്ള വെള്ളം മുഴുവനും ഉൾക്കൊള്ളാൻ പര്യാപ്തമായ നാലു തോടുകൾ നമുക്കുണ്ട്. അവ കയ്യേറ്റം മൂലം വീതിയും മാലിന്യ നിക്ഷേപം മൂലം ആഴവും നഷ്ടപ്പെട്ടു മൃതപ്രായമായ അവസ്ഥയിലാണ്. ഈ നാടിനെ മഴക്കാലകെടുതികളിൽ നിന്നും ഗതാഗതക്കുരുക്കിൽ നിന്നും രക്ഷിക്കണമെങ്കിൽ ജാതി മതരാഷ്ട്രീയ പരിഗണനയില്ലാതെ, മുഖം നോക്കാതെ, ഈ തോടുകളിലെ കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുകയും, തോടുകളിലെ മാലിന്യം നീക്കം ചെയ്യുകയും ചെയ്ത് തോടുകളുടെ ആഴവും വീതിയും പുനസ്ഥാപിച്ചാൽ മതി. എത്ര വലിയ മഴ പെയ്താലും ഒരു തുള്ളി വെള്ളവും ഇവിടെ കെട്ടിക്കിടക്കില്ല. വെള്ളക്കെട്ടും ഉണ്ടാവില്ല. റോഡുകൾ തകരാതെ കാലങ്ങളോളം നില്ക്കും, ഗതാഗതക്കുരുക്ക് പരിപൂർണ്ണമായും ഒഴിവാകും. അതുകൊണ്ട് ബഹു. കൊച്ചിൻ കോർപറേഷൻ അധികാരികളോട് ഞങ്ങൾ വീണ്ടും അഭ്യർത്ഥിക്കുകയാണ് ഈ നാടിനെ രക്ഷിക്കാൻ ദയവായി നമ്മുടെ തോടുകളിലെ കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കണം ആഴവും കൂട്ടണം. നമ്മുടെ കൊച്ചിയുടെ മുൻപോട്ടുള്ള വളർച്ചയ്ക്ക് അടിയന്തിരമായി ചെയ്യേണ്ടതാണിത്. ഒട്ടും താമസിക്കാതെ വളർന്നുവരുന്ന കൊച്ചിയ്ക്ക് വേണ്ടി, ഈ കാര്യത്തിൽ അമാന്തം വരുത്താതെ കഴിവതും വേഗം നടപ്പിൽ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കോർപ്പറേഷൻ ധൈര്യസമേതം ഇതിനു മുന്നിട്ടിറങ്ങിയാൽ, നിക്ഷിപ്ത താല്പര്യക്കാരായ, സ്വാർത്ഥമതികളായ കുറേ ആളുകൾ ഇതിനെ എതിർത്തേക്കാമെങ്കിലും, ഈ നാടിനെ സ്നേഹിക്കുന്ന, നാടിന്റെ വളർച്ച കാംക്ഷിക്കുന്ന, ദേശസ്നേഹികളായ മുഴുവനാളുകളുടേയും പിന്തുണ ഇക്കാര്യത്തിൽ ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ധൈര്യസമേതം ഈ നല്ല കാര്യത്തിനു തുടക്കം കുറിക്കുക. കൊച്ചിയുടെ വളർച്ചയ്ക്ക് ആദ്യം ചെയ്യേണ്ടിയിരുന്ന ഈ പ്രവർത്തി വൈകിയാണെങ്കിലും ഇനിയും കാലവിളംബം വരുത്താതെ അടിയന്തിരമായി തന്നെ നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

**എ**റണാകുളം കരയോഗത്തിന്റെ 2023 ലെ വാർഷിക പൊതുയോഗം 25.06.2023 ൽ ടി.ഡി. എം ഹാളിൽ വെച്ച് വളരെ ഭംഗിയായി നടക്കുകയുണ്ടായി. മുൻ ലക്കം കരയോഗസൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കരയോഗത്തിന്റെ ഭരണ റിപ്പോർട്ടും വരവു ചിലവു കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ബഡ്ജറ്റും പൊതുയോഗം ഏകകണ്ഠേന പാസ്സാക്കുകയുണ്ടായി. ക്യാപ്പിറ്റൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 6 കോടി 90 ലക്ഷം എന്നത് ഭേദഗതിയോടെ 7 കോടി 25 ലക്ഷമായി യോഗം അംഗീകരിക്കുകയും ചെയ്തു. അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നല്കിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഭരണസമിതി ഓരോ വിഷയത്തിന്റെയും കാര്യഗൗരവങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ പരിഗണിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതായിരിക്കും. പൊതുയോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

2023 ഓഗസ്റ്റ് മാസം 17-ാം തീയതിയോടുകൂടി മുൻവർഷം തുടങ്ങിവെച്ചിട്ടുള്ള ചില പദ്ധതികൾ നടപ്പിലാക്കുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വേണ്ടി അവ സജ്ജമാക്കുകയും ചെയ്യുക എന്ന തീവ്രപരിശ്രമത്തിലാണ് ഭരണസമിതി. ടി.ഡി. എം പമ്പ ഹാളിന്റെ നവീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ലിഫ്റ്റിന്റെ നിർമ്മാണവും ഏകദേശം അന്തിമഘട്ടത്തിലാണ്. സോളാർ വൈദ്യുതി ഉല്പാദനത്തിന് 160 KWA ന്റെ പ്ലാന്റ് രണ്ടു മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്തു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അടുത്ത വർഷം പാലാരിവട്ടം പ്രശാന്തി ഹോം ഫോർ ഏജഡിൽ പ്രായമായവർക്ക് താമസിക്കുന്നതിനായി കുറച്ചു കൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ചില സജ്ജീകരണങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

എറണാകുളം കരയോഗത്തിൽ വിവിധ ക്ലാസ്സുകൾ, ഉപസമിതി യോഗങ്ങൾ എന്നിവയെല്ലാം കൂടി ഒരു മാസം ശരാശരി 70 പരിപാടികൾ അതായാത് പ്രതിവർഷം ഏതാണ്ട് 800-900 പരിപാടികൾ സാധാരണയായി നടന്നുവരുന്നുണ്ട്. ഇവ ഏകോപിപ്പിച്ച് ഈ വക ക്ലാസ്സുകളും മറ്റും നടത്തുന്നതിനുള്ള ഒരിടം തയ്യാറാക്കേണ്ടതുണ്ട്. ആ പദ്ധതിയും ഉടനെ തന്നെ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2023 ലെ ഭരണസമിതി കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ടതും പൊതുയോഗ ആവശ്യപ്രകാരം പല പദ്ധതികളും പരിപാടികളും നടപ്പിലാക്കണ്ടതുമുണ്ട്. കരയോഗാംഗങ്ങളിൽ സാമുദായിക, സമുദായ സേവനത്തിന് സമയവും മനസ്സുമുള്ള, കൂടുതൽ ചെറുപ്പക്കാർ സജീവമായി രംഗത്തുവരികയും കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കാലം ആർക്കുവേണ്ടിയും കാത്തു നില്ക്കുകയില്ല, കാലത്തിന്റെ ഒപ്പം വളരെ വേഗത്തിൽ -

പറ്റുമെങ്കിൽ ഒരടി മുമ്പിൽ നമുക്കും നടന്നു മുന്നേറണം. അതിന് ശേഷിയും, ശേമുഷിയും ഉള്ള ചെറുപ്പക്കാർ എറണാകുളം കരയോഗം എന്ന മഹാവടവൃക്ഷത്തിന്റെ നേതൃത്വം ഏറ്റെടുക്കുവാൻ സന്നദ്ധരായി മുന്നോട്ടു വരണമെന്ന് ജനറൽ സെക്രട്ടറിയെന്ന നിലയിൽ ഞാൻ വീണ്ടും വിനീതമായി അഭ്യർത്ഥിക്കുന്നു. ഏകദേശം 26 ഉപസമിതികൾ കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. താല്പര്യമുള്ള അംഗങ്ങൾക്ക് തങ്ങളുടെ കഴിവും അഭിരുചിയും അനുസരിച്ച് ഉചിതമായ ഉപസമിതികളിൽ പ്രവർത്തിക്കുവാനുള്ള അവസരം ഉണ്ടെന്നോർമിപ്പിക്കുന്നു.

2025 കരയോഗത്തിന്റെ ശതാബ്ധി വർഷമാണ്. 100 വർഷം പൂർത്തിയാക്കുമ്പോൾ ശതാബ്ധി സ്മരണയ്ക്കായി സമൂഹത്തിന് ഉപകാരപ്പെടുന്ന നല്ല സ്മാരകങ്ങൾ ഉണ്ടാവേണ്ടതുണ്ട്. അതിനായി നമുക്കൊരുമിച്ച് ചിന്തിക്കാം. നിങ്ങളുടെ മനസ്സിൽ തോന്നുന്ന പദ്ധതിയും പരിപാടികളും ഭരണസമിതിക്കു മുമ്പിൽ കൊണ്ടുവരണമെന്നും അവ രേഖാമൂലം നല്കിയാൽ നന്നായിരിക്കുമെന്നും അപേക്ഷിക്കുന്നു.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വി. കലാധരൻ കഥകളിയിലെ ദേശാതീത മാനങ്ങൾ എന്ന വിഷയത്തെ അധികരിച്ച് ജൂലൈ 15 ശനിയാഴ്ച വൈകുന്നേരം 5.00 ന് ടി.ഡി. എം.ഹാളിൽ വെച്ച് നടത്തുന്ന പ്രഭാഷണ പരമ്പരയിൽ ഏവരേയും സ്വാഗതം ചെയ്യുന്നു.

രാമായണ മാസമായ കർക്കിടക മാസത്തിൽ പതിവുപോലെ സമ്പൂർണ്ണ രാമായണ പാരായണം ജൂലൈ 17ന്, തിങ്കളാഴ്ച രാവിലെ 6.30 മുതൽ ടി.ഡി.എം.ഹാളിൽ ശ്രീ. എൻ.ടി.കാർത്തികേയന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിപണനമേള ഓഗസ്റ്റ് മാസം 11-ാം തീയതി മുതൽ ആരംഭിച്ച് തിരുവോണദിവസമായ ഓഗസ്റ്റ് 29 വരെ വിപുലമായ രീതിയിൽ ടി.ഡി. എം ഹാളിലെ വിവിധ സ്റ്റാളുകളിലായി സമാരംഭിക്കുന്നു.

2023-ലെ നവരാത്രി ആഘോഷം ഒക്ടോബർ 15 മുതൽ 24 വരെ നീണ്ടു നില്ക്കുന്ന വിവിധ കലാപരിപാടികളോടെ ടിഡിഎം ഹാളിൽ നടത്തപ്പെടും. അതിനോടനുബന്ധിച്ച് മുൻ വർഷങ്ങളിലെപ്പോലെ തന്നെ സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിലായി പുരാണങ്ങൾ, ഇതിഹാസങ്ങൾ, സംഗീതം, നൃത്തം എന്നീ വിവിധ ഇനങ്ങളിൽ കുട്ടികൾക്കായുള്ള മത്സരങ്ങൾ ഓഗസ്റ്റ് മാസം 6 മുതൽ ഒക്ടോബർ 10 വരെ നിശ്ചയിച്ചറിയിച്ചിട്ടുള്ള 10 ദിവസങ്ങളിലായി നടത്തപ്പെടും. വിശദവിവരങ്ങൾ ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ജൂലൈ 25 ചൊവ്വാഴ്ച വൈകുന്നേരം 6.00 ന് സന്താനഗോപാലം കഥകളി ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ജൂലൈ മാസം 30-ാം തീയതി ഞായറാഴ്ച 4.00 മണിക്ക് സംഗീത സായാഹ്നം ടി.ഡി. എം യമുന ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## പഠനം നന്നാവട്ടെ!

പ്രിയപ്പെട്ട കൂട്ടുകാരേ,

സുഖം? സ്കൂൾ തുറപ്പൊക്കെ അടിപൊളിയാക്കിയില്ലേ? ഗുരുക്കന്മാരെ വന്ദിച്ചുവേണം ഏതൊരു തുടക്കവും. ഗുരുവെന്നാൽ ലഘുവല്ലാത്തതാണ്. അറിവുകൊണ്ട് അകം കനപ്പെട്ടവനാണ് ഗുരു. ഗുരുക്കന്മാരെ പ്രണമിക്കാം.

ഒരിക്കൽ ഒരു ഗുരുവും ശിഷ്യനും കൂടി യാത്ര ചെയ്യുകയായിരുന്നു. നടന്ന്, ദൂരങ്ങൾ പിന്നിട്ട് അകലെയൊരു ഗുഹാക്ഷേത്രത്തിലേക്കായിരുന്നു അവരുടെ യാത്ര. വഴി മദ്ധ്യേ അവർ വിജനമായ ഒരു സ്ഥലത്തെത്തി. യാത്രാക്ലേശം മൂലം ഗുരുവിന് നന്നേ ക്ഷീണം തോന്നി. തെല്ലൊന്നിരുന്ന് അൽപം വിശ്രമിച്ചിട്ടാവാം ഇനി യാത്ര എന്ന് കരുതി ചുറ്റും നോക്കുമ്പോൾ അവിടെ അടുത്തെങ്ങും പറ്റിയൊരിരിപ്പിടം കണ്ടില്ല.

'കുറച്ച് കൂടി നടക്കാം, വരൂ..' എന്നു പറഞ്ഞ് ഗുരു ശിഷ്യനൊപ്പം നടന്നുനീങ്ങി. പിന്നെയും കുറേ ദൂരവും കൂടി ചെന്നു. ഗുരുവിന് ഒരടിപോലും നടക്കാൻ വയ്യെന്നായി.

'ഇനി എന്തായാലും കുറച്ചൊന്നിരുന്നിട്ടാവാം നടത്തം' – ഗുരു പറഞ്ഞു.

തെല്ലകലെ കണ്ട ഒരു അരയാലിന്റെ ചുവട്ടിൽ അദ്ദേഹം ഇരുന്നു. തൊട്ടടുത്തിരുന്ന് ശിഷ്യൻ ഗുരുവിന്റെ പാദങ്ങൾ രണ്ടും മടിയെലടുത്തുവച്ച് ഉഴിഞ്ഞു കൊണ്ടിരുന്നു.

'വല്ലാത്ത ദാഹം. കുറച്ചുവെള്ളം വേണമായിരുന്നു. തൊണ്ടയൊക്കെ വരണ്ടു.'

ശിഷ്യൻ ഗുരുവിനെ നോക്കി. ഗുരു കാതോർത്തു.– 'ആഹ്... അടുത്തെവിടെയൊ ഒരു പുഴയുണ്ട്. പുഴയൊഴുകുന്ന ശബ്ദം കേൾക്കാം.' – ഗുരു പറഞ്ഞു.

'ഞാൻ ചെന്നു നോക്കാം'– ശിഷ്യൻ പാത്രവുമെടുത്ത് വെള്ളം തേടിപോയി.

പുഴയോരത്തെത്തിയ ശിഷ്യൻ, കണ്ടത് കലങ്ങിയൊഴുകുന്ന പുഴയാണ്. ഒഴിഞ്ഞ പാത്രവുമായി മടങ്ങിവന്ന ശിഷ്യൻ പറഞ്ഞു.

'പുഴ വല്ലാതെ കലങ്ങിയിരിക്കുന്നു. ആ ജലം കുടിക്കാൻ പറ്റില്ല.'

ഗുരു ഏറെനേരം മൗനം പൂണ്ടു. പിന്നെ ശിഷ്യനോടു പറഞ്ഞു.

പാത്രവുമായി നീ പുഴയോരത്തേക്കു തന്നെ ചെല്ലൂ. ഏത് പുഴയാണ് കലങ്ങിയാൽ തെളിയാത്തത്... ?

ശിഷ്യൻ വീണ്ടും പുഴയോരത്തേക്ക് ചെന്നു.

അത്ഭുതമായിരിക്കുന്നു. പുഴ കണ്ണീരു പോലെ തെളിഞ്ഞിരിക്കുന്നു. ഗുരു പറഞ്ഞത് എത്രയോ ശരിയാണ്. കലങ്ങിയാൽ തെളിയാത്ത പുഴയില്ല.

ശിഷ്യൻ ജലവുമെടുത്ത് ഗുരുവിന്റെ സമീപത്തേക്ക് ചെന്നു.

അകകാമ്പിൽ കണ്ടറിഞ്ഞ് ഓരോന്നു പറയുന്ന ഗുരുക്കന്മാർ. ഗുരുവിന്റെ മഹത്വം വലുതാണ്.

പലതുകൊണ്ടും മനസ്സ് കലങ്ങാം. കുറേ കഴിയുമ്പോൾ മനസ്സും ശാന്തമാകും. സ്വസ്ഥമാകും. പുഴപോലെ!

പറക്കാൻ ചിറകുകൾ ഉണ്ടായിരുന്നെങ്കിലെന്ന് ആഗ്രഹിക്കാത്ത കൂട്ടുകാരുണ്ടോ? ഉണ്ടാവാൻ വഴിയില്ല. സുന്ദരമായ ഈ ഭൂമിയിലെ കാഴ്ചകൾ അങ്ങ് മുകളിൽ നിന്ന് നോക്കിക്കാണുന്നതിന്റെ രസം ഒന്നു വേറെ തന്നെയാണ്. അങ്ങനെ നോക്കുമ്പോൾ പുഴകളും മലകളും കാടും മേടുമൊക്കെ എത്ര ചെറുതായിട്ടായിരിക്കും കാണുന്നത്, ഇല്ലേ?

പക്ഷികൾക്കൊപ്പം പറന്ന്പറന്ന് ചെന്ന് വൻമരങ്ങളുടെ തുഞ്ചത്തെത്തി തൊടുമ്പോൾ, എന്താവും നിങ്ങളുടെ കുട്ടി മനസ്സുകളിൽ..? പക്ഷികളും, തുമ്പികളും, വണ്ടുകളുമൊക്കെ ദിനംതോറും എത്ര സമയമാണ് പറക്കുന്നത്. പറക്കുന്ന പക്ഷികളെ കണ്ട് അമ്പരന്ന ആദിമനുഷ്യൻ മുതൽ ഇന്നത്തെ തലമുറയ്ക്കു വരെ ഉള്ളിന്റെ ഉള്ളിൽ പറക്കാൻ മോഹമായിരിക്കും. പുരാണങ്ങളിൽ പുഷ്പക വിമാനമെന്നൊക്കെ കൂട്ടുകാർ കേട്ടിട്ടില്ലേ? മനുഷ്യന്റെ ആഗ്രഹത്തിൽ നിന്നാകാം അത്തരം സൃഷ്ടികൾ ഉടലെടുത്തിരിക്കുക.

ഇന്ന് ആകാശയാത്രയ്ക്ക് വിമാനം ഉണ്ട്. മുൻപ് ബലൂണുകൾ ഉണ്ടായിരുന്നു. 1903–ൽ റൈറ്റ് സഹോദരന്മാരാണ് ആദ്യത്തെ വിമാനം പറത്തിയത്. മനുഷ്യൻ പിന്നീട് ചന്ദ്രനിൽ വരെ പറന്നിറങ്ങി.

മനുഷ്യന് ദൈവം തന്ന വരമാണ് ബുദ്ധി. ബുദ്ധികൊണ്ട് അവൻ പറക്കുന്നു. പക്ഷികളെപ്പോലെ പറക്കാൻ മനുഷ്യർക്കായിട്ടില്ല. നാളെ ഒരു പക്ഷേ മനുഷ്യർക്ക് അതിനും ആയേക്കാം. ശാസ്ത്രം അതിനും വഴിതെളിച്ചേക്കാം. ശാസ്ത്രജ്ഞർ നമുക്കിടയിലുണ്ടല്ലോ. നാളത്തെ ശാസ്ത്രജ്ഞർ നിങ്ങളാണ്. വലിയ വലിയ കണ്ടുപിടിത്തങ്ങൾ നടത്തേണ്ടവർ നിങ്ങൾ തന്നെയാണ്. അതിന് ഇപ്പോൾ വേണ്ടത് എന്തെന്നറിയുമോ? നന്നായി പഠിച്ചാൽ മതി!

*****




# വാസ്തുശാസ്ത്രം


ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## കന്നിമൂലയിൽ ടോയിലറ്റ് വന്നാൽ മാറ്റേണ്ടതില്ല


1. സ്കെച്ച് നോക്കുക. ടോയ്ലറ്റിലേക്കുള്ള വാതിൽ കിടപ്പുമുറിയുടെ തെക്കു കിഴക്കാണ്. തെക്കു പടിഞ്ഞാറ് വരരുത്. മാറ്റേണ്ടതില്ല.




3. സ്കെച്ച് നോക്കുക. ടോയ്ലറ്റിന്റെ വാതിൽ കിടപ്പുമുറിയുടെ തെക്കു പടിഞ്ഞാറാണ്. ഇങ്ങനെ വന്നാൽ ടോയ്ലറ്റിന്റെ നിലം 6 സെമീ. ഉയർത്തണം. ടോയ്ലറ്റ്ലേക്കു കടക്കുന്ന വാതിലിന് അടിപ്പടിവേണം.




2. സ്കെച്ച് നോക്കുക. ടോയ്ലറ്റിലേക്കുള്ള വാതിൽ കിടപ്പുമുറിയുടെ തെക്കു പടിഞ്ഞാറ് ഡ്രസ്സിങ്ങ് റൂമിൽ നിന്നാണ്. ഡ്രസ്സിങ്ങ് റൂമിന്റെ വാതിൽ 36 സെമീ. കിഴക്കുവശത്തേക്കു മാറ്റി കിടപ്പുമുറിയുടെ തെക്ക് പടിഞ്ഞാറ് വരാതെ നോക്കണം. ഡ്രസ്സിങ് റൂമിന്റെ ഫ്ളോർ. കിടപ്പുമുറിയുടെ ഫ്ളോർ ലെവൽ തന്നെയായിരിക്കണം. ടോയ്ലറ്റ് മാറ്റേണ്ടതില്ല.




കന്നിമൂലയിൽ ടോയ്ലറ്റ് കുഴപ്പമില്ല എന്നതു പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. വീണ്ടു വീണ്ടും പലരും ചോദിക്കുന്നതുകൊണ്ടാണ്. സ്കെച്ച് സഹിതം വിവരിക്കുന്നത്. ദയവായി വീണ്ടും ചോദിയ്ക്കരുത്.

പ്ലോട്ട് ചെറുതായാലും, വലുതായാലും തെക്കു പടിഞ്ഞാറ് ഉയർത്തി. വടക്കു കിഴക്കു താഴ്ന്ന് കിടക്കുവാൻ പാകത്തിന് ശരിയാക്കണം. തെക്കു പടിഞ്ഞാറ് മൂലയിൽ കിണർ, കുളം, വെള്ളത്തൊടി, താമരക്കുളം എന്നിവ വരരുത്. വടക്കു കിഴക്ക് ഭാഗത്ത് ഒഴിഞ്ഞ സ്ഥലം വേണം. പല വീടുകളിലും വീടു പണികഴിഞ്ഞശേഷം. വടക്കു കിഴക്കു മൂലയിൽ അടച്ചുകെട്ടി. വർക്ക് ഏരിയ എടുക്കുന്നതായി കാണുന്നു. കഴിയുന്നതും വേഗം പൊളിച്ച് മാറ്റണം. തെക്കു പടിഞ്ഞാറും മതിലിനോട് ചേർത്തും പണിയാം. വടക്കു കിഴക്കും കഴിയാവുന്ന അത്ര സ്ഥലം വിടണം. അടുക്കള തെക്ക് പടിഞ്ഞാറ് വരാതെ നോക്കണം.

*****

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# പത്തിയൂർ ശ്രീദുർഗ്ഗാ ഭഗവതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



**ഭാ**രതീയ സംസ്കാരത്തിൽ ദേവീ ഉപാസനയ്ക്ക് വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നുണ്ട്. പുരാതന കാലം മുതൽ തന്നെ ഭാരതീയർ ഭഗവതിയെ ശക്തിയായും ദുർഗ്ഗയായും സരസ്വതിയായും ഭദ്രകാളിയായും പ്രതിഷ്ഠിച്ച് പൂജിച്ചിരുന്നു. അതിപുരാതനമായ നിരവധി ദേവീക്ഷേത്രങ്ങളും നമ്മുടെ നാട്ടിലുണ്ട്. ഭക്തജനങ്ങൾ പരാശക്തിയായ ജഗദംബയെ വിഷമഘട്ടങ്ങളിൽ അഭയം പ്രാപിക്കുന്നു. നമ്മുടെ പുരാണങ്ങളിൽ ദുഷ്ടനിഗ്രഹണത്തിനായും ശിഷ്ഠജനപരിപാലനത്തിനായും ദേവിയെ ആശ്രയിക്കുന്നതായും ദേവി ആശ്രിതർക്കഭയം നൽകുന്നതുമായ നിരവധി സന്ദർഭങ്ങളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. 'ദുർഗ്ഗേ ഭഗവതി ദുഖവിനാശിനി, ദുർഗ്ഗതി നീക്കി തുണച്ചിടുകംബികേ' എന്ന് വരികൾ ചൊല്ലി പരാശക്തിയായ മഹാമായയുടെ തിരുമുന്നിലെത്തുന്ന ഭക്തജനങ്ങൾ ദേവിയെ സ്തുതിക്കുന്നു. ജഗദംബികയുടെ തിരുസന്നിധിയിൽ നിന്ന് ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ഒരു ആത്മവിശ്വാസവും സുരക്ഷിതത്വവും നമുക്കനുഭവപ്പെടുന്നു. തെറ്റുകൾ ചെയ്യാത്ത മനുഷ്യരുണ്ടാവില്ല. ചെയ്തുപോയ തെറ്റുകൾ ആവർത്തിക്കാതിരിക്കാനും തെറ്റുകൾക്ക് പരിഹാരമായും നാം പ്രായശ്ചിത്തം ചെയ്യാറുണ്ട്. എത്ര വലിയ തെറ്റുകൾ ചെയ്തവരാണെങ്കിലും ഒരു ഭഗവതി ക്ഷേത്രത്തിന്റെ പുറത്തെ പ്രവേശനകവാടത്തിലെ തൃപ്പടികൾ തൊട്ടു വന്ദിച്ചാൽ പാപങ്ങളിൽ നിന്നും മുക്തരാകുമെന്നാണ് വിശ്വാസം. അങ്ങനെയുള്ള ഒരു ഭഗവതി ക്ഷേത്രമാണ് പത്തിയൂർ ശ്രീഭഗവതി ക്ഷേത്രം. ഭഗവതി ക്ഷേത്രാങ്കണത്തിന്റെ പുറത്തെ പടിവാതിലിലെത്തുന്ന ഭക്തരെ പാപവിമുക്തരാക്കി തന്റെ തിരുനടയിലെത്തിക്കുന്ന ഒരമ്മ കുടിക്കൊള്ളുന്ന പുരാതനമായ ഭഗവതി ക്ഷേത്രമാണ് പത്തിയൂർ ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം. പത്തിയൂർ ഭഗവതി ക്ഷേത്രാങ്കണത്തിലേക്കുള്ള പുറത്തെ പടിയിൽ തൊട്ടുതൊഴുത് പ്രാർത്ഥിച്ചാൽ പത്തിയൂർ കാവിലമ്മയുടെ കൃപാകടാക്ഷത്താൽ സകല പാപങ്ങളും തീർന്ന് പുണ്യം ലഭിക്കും എന്നാണ് പത്തിയൂർ നിവാസികളുടെ ഉറച്ച വിശ്വാസം.
ഇതിഹാസകാലത്തോളം പഴക്കമുള്ള ഒരു ക്ഷേത്രമാണ് പത്തിയൂർ ശ്രീദുർഗ്ഗ ഭഗവതി ക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായനൂറ്റെട്ടു ദുർഗ്ഗാ ക്ഷേത്രങ്ങളിലൊന്നായി കണക്കാക്കുന്ന ഒരു ക്ഷേത്രമാണിത്. പാപം പോക്കി പാലിക്കുന്ന അമ്മയാണ് പത്തിയൂരമ്മ. പത്തിയൂരമ്മ ആരെയും ശിക്ഷിക്കാറില്ല. പത്തിയൂർ ഭഗവതിയുടെ അപ്രീതി മൂലം ആർക്കും ഒരനർത്ഥവും ഉണ്ടാകില്ല എന്നാണ് വിശ്വാസം. അമ്മയെ ഭജിച്ചാലും പഴിച്ചാലും അമ്മയുടെ പൂജകളിൽ പിഴവുകൾ വരുത്തിയാലും ക്ഷേത്രകാര്യങ്ങളിൽ വീഴ്ച വരുത്തിയാലും ഒന്നും പത്തിയൂരമ്മ ഒരു ഭാവമാറ്റവും കാട്ടില്ല. സൽപ്രവർത്തികളേയും ദുഷ്പ്രവർത്തികളേയും നിസ്സംഗതയോടെ നോക്കി കാണുന്ന ഭഗവതിയാണ് പത്തിയൂർ കാവിലമ്മ. അമ്മ ആരെയും ശിക്ഷിക്കില്ല എന്ന് കരുതി ആരും പിഴവുകൾ കാട്ടാൻ ഒരുങ്ങുകയും വേണ്ട. കാരണം പത്തിയൂരമ്മ യ്ക്ക് നിരവധി കാവൽക്കാരുണ്ട്. അമ്മയുടെ മുന്നിൽ പിഴവുകൾ കാട്ടുന്നവരെ അടുത്തുതന്നെയുള്ള ഭദ്രകാളിയമ്മ അർഹിക്കുന്ന ശിക്ഷ നൽകി കുറ്റക്കാരെ അഭയാർത്ഥിക ളാക്കി പത്തിയൂർ തിരുനടയിൽ എത്തിക്കും എന്നാണ് വിശ്വസിക്കുന്നത്. പത്തിയൂരമ്മയോട് തെറ്റുചെയ്യുന്നവർക്ക് ഉടനടി ശിക്ഷ വിധിക്കുന്നത് അടുത്തുള്ള കുറ്റിക്കുളങ്ങര ക്ഷേത്രത്തിലെ ഭദ്രകാളിയമ്മ ആണെങ്കിലും പത്തിയൂർ പരിസര പ്രദേശങ്ങളിലുള്ള എല്ലാ ദേവീദേവന്മാരും പത്തിയൂരമ്മയുടെ സംരക്ഷകരാണ്.

പല സ്ഥലങ്ങളിലും ഭക്തരുടെ അഭീഷ്ടപ്രകാരം ഭഗവതിയെത്തിയെത്തിയിട്ടുണ്ട് എന്നും ദേവീ ചൈതന്യത്തെ ക്ഷേത്രം നി ർമ്മിച്ച് അവിടങ്ങളിൽ കുടിയിരുത്തിയിട്ടുള്ളതായും ഐതിഹ്യങ്ങളിലൂടെ നാം കേട്ടിട്ടുണ്ട്. എന്നാൽ പത്തിയൂർ ഭഗവതിയുടെ ചൈതന്യം അങ്ങനെ എത്തിപ്പെട്ടതല്ല, ഭൂലോകപരിപാലനത്തിനായി കല്പാദിയിൽ തന്നെ

ദേവി പത്തിയൂരിൽ ആവിർഭവിച്ചതാണ്. മഹാഭാരത കഥയിലെ ഖാണ്ഡവവനദഹന കഥയുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് പത്തിയൂർ ക്ഷേത്രത്തിനുള്ളത്. ഒരിക്കൽ ഒരു ബ്രാഹ്മണൻ അർജ്ജുനന്റെ മുന്നിലെത്തി. വിശന്നു വന്നതാണ്, ആഹാരം തരണമെന്ന് അപേക്ഷിച്ചു. വിശക്കുന്നവന് ഭക്ഷണം നൽകുക എന്നത് തന്റെ കടമയാണ് എന്ന് വിശ്വസിച്ച് അർജ്ജുനൻ വിശപ്പ് മാറ്റാൻ ആഹാരം നൽകാം എന്ന് വാക്കുകൊടുക്കുകയും ചെയ്തു. ഈ ബ്രാഹ്മണൻ നിസ്സാരനായിരുന്നില്ല, ബ്രാഹ്മണവേഷധാരിയായ അഗ്നിദേവനായിരുന്നു അത് . ഇത് അർജ്ജുനന് മനസ്സിലായതുമില്ല. ഖാണ്ഡവവനമാണ് ബ്രാഹ്മണവേഷധാരിയായ അഗ്നിദേവൻ ആഹാരമായി ആവശ്യപ്പെട്ടത്. കൊടുത്ത വാക്കിൽ നിന്നും പിന്മാറാൻ സാധിക്കില്ലല്ലോ, അർജ്ജുനൻ സമ്മതിച്ചു. ഖാണ്ഡവവനം തക്ഷകന്റെ വാസസ്ഥലമാണ്. അവിടെ എപ്പോഴും മഴ പെയ്തുകൊണ്ടിരിക്കുന്നതിനാൽ ദിവ്യാസ്ത്രങ്ങളെക്കൊണ്ട് കൂടാരമുണ്ടാക്കി തന്റെ ഇംഗിതം സാധിപ്പിച്ചുതരണമെന്നും അഗ്നിദേവൻ അർജ്ജുനനെ അറിയിച്ചു. അഗ്നിദേവന് ഖാണ്ഡവവനം ഭക്ഷിക്കുന്നതിന് മഴ തടസ്സാമാവാതിരിക്കാൻ ശരകൂടാരമുണ്ടാക്കുവാൻ അർജ്ജുനൻ ശ്രീകൃഷ്ണഭഗവാന്റെ സഹായം തേടി. അർജ്ജുനന്റെ അപേക്ഷ പ്രകാരം ശ്രീകൃഷ്ണൻ ദിവ്യാസ്ത്രങ്ങളെയ്ത് ശരകൂടാരമുണ്ടാക്കി. അങ്ങനെ ശ്രീകൃഷ്ണ സഹായത്താൽ അഗ്നിദേവൻ ഖാണ്ഡവവനം ഭുജിച്ചു. ശ്രീകൃഷ്ണൻ ദിവ്യാസ്ത്രങ്ങളെയ്ത ഊര് ഏവൂർ എന്നും അഗ്നി ആഹരിച്ച ഊര് കത്തിയ ഊരായും കത്തിയ ഊര് പിൽക്കാലത്ത് പത്തിയൂർ എന്നും അറിയപ്പെട്ടു. അഗ്നിദേവൻ ഖണ്ഡവവനം ആഹരിക്കുന്ന സമയത്ത് ഖാണ്ഡവവനത്തിന്റെ തെക്കേ അറ്റത്ത് പത്തിയൂരമ്മയും വടക്കെയറ്റത്ത് കുമാരനല്ലൂരിലെ കാർത്ത്യായനി ദേവിയും തെക്കു നിന്നും വടക്കു നിന്നും അഗ്നി ദേവനെ തടുത്തു നിർത്തി. തെക്കു നിന്നും വടക്കു നിന്നും ദേവിമാർ അഗ്നിദേവനെ തടുത്തുനിർത്തിയതിനാൽ അഗ്നിദേവന് മറ്റു സ്ഥലങ്ങളെ ആഹരിക്കുവാൻ സാധിച്ചില്ല. അഗ്നി ദേവന് ഈ രണ്ട് ദേവിമാരുടെയും വാസസ്ഥാനങ്ങളായ ക്ഷേത്രങ്ങൾക്കിടയിലുള്ള ഭാഗത്തായി ഒതുങ്ങിനിൽക്കേണ്ടിവന്നു. ഒരേ ദിശയിലാണ് ഈ രണ്ട് ദേവിമാരും സ്ഥിതിചെയ്യുന്നത്. ഇത് ഐതിഹ്യമോ കഥയോ ചരിത്ര വസ്തുതയോ എന്തുതന്നെയായലും ശരി പത്തിയൂർ ഗ്രാമത്തിലെ പല സ്ഥലങ്ങളിലും വീടുനിർമ്മാണത്തിനോ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കോ വേണ്ടി ഭൂമി കുഴിക്കുമ്പോൾ കത്തികരിഞ്ഞ വൻമരങ്ങളുടെ ശിഷ്ടഭാഗങ്ങൾ ഇന്നും കാണാറുണ്ട്. ഇതിൽ നിന്നും പത്തിയൂരമ്മയുടെ ഐതിഹ്യത്തിലെ സത്യത്തിന്റെ അടയാളങ്ങൾ തെളിയുന്നു. പുരാതന കാലത്ത് പത്തിയൂർ ക്ഷേത്രത്തിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ ധാരാളം വൃക്ഷങ്ങൾ നിന്നിരുന്ന എന്നും ഖാണ്ഡവവനദഹനത്തിൽ എല്ലാം ദഹിച്ചുപോയി എന്നും വിശ്വസിക്കുന്നു. എങ്കിലും വനപ്രദേശങ്ങളിൽ മാത്രം കാണാറുള്ള അത്യപൂർവ്വങ്ങളായ പലതരം വൃക്ഷങ്ങൾ ഇന്നും ഈ പ്രദേശങ്ങളിൽ കാണാറുണ്ട്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തിനടുത്ത് സ്ഥിതിചെയ്യുന്ന അതിപുരാതനമായ ക്ഷേത്രമാണ് പത്തിയൂർ ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം. പത്തിയൂർ ക്ഷേത്രവും ക്ഷേത്രാചാരങ്ങളും ഉത്സവാഘോഷങ്ങളും കൗതുകകരമായ ഐതിഹ്യങ്ങളാൽ പ്രസിദ്ധമാണ്. പത്തിയൂർ ക്ഷേത്രപ്പടിവാതിൽക്കലിലെത്തുന്നവരെ ദേവി പാപവിമുക്തരാക്കി ക്ഷേത്രതിരുനടയിലെത്തിക്കുന്നു എന്നാണ് വിശ്വാസം. അതിവിശാലമായ ക്ഷേത്രാങ്കണത്തിലേക്ക് കടക്കുമ്പോൾ തന്നെ ഇമ്പമാർന്ന ദേവസംഗീതത്തിന്റെ സ്വരമാധുരിയാണ് കാതുകളിലെത്തുന്നത്. ഉഗ്രനാഗങ്ങൾ കാവലിരിക്കുന്നതും ഗന്ധർവ്വശിൽപ്പങ്ങളാൽ അലങ്കരിച്ചിരിക്കുന്നതുമായ കൊടിമരം പത്തിയൂർ ക്ഷേത്രത്തിലെ ഒരു പ്രത്യേകത തന്നെയാണ്. ബലിക്കൽപ്പുരയുടെ വാതിൽക്കൽ ദീപമേന്തി നിൽക്കുന്ന ദ്വാരപാലികമാരെയും കാണാം. ഈ ദ്വാരപാലികമാർ ദേവിയുടെ ദാസിമാരും കാവൽക്കാരും സദാ ദേവിയെ സംഗീതസ്വരമാധുരിയാൽ പ്രസന്നവതിയാക്കുന്നവരുമാണ് എന്നാണ് വിശ്വാസം. പത്തിയൂരമ്മ സദാ എന്തോ ആലോചനയിലാണെന്ന് ദേവസുന്ദരിമാർക്കു തോന്നുന്നതിനാൽ അവർ സംഗീതധാരയാൽ ദേവിയെ സന്തോഷിപ്പിക്കുന്നു എന്നതാണ് വിശ്വാസം. ക്ഷേത്രാന്തരീക്ഷം നിത്യവും സംഗിതസാന്ദ്രമായ ദേവീസ്തുതികളാൽ മുഖരിതമാണ്. ഇതും പത്തിയൂർ ഭഗവതിയുടെ ഒരു ഐതിഹ്യമാണ്.

തുടരും

*****

# ചട്ടമ്പിസ്വാമി തിരുവടികൾ - 5

## ചട്ടമ്പിസ്വാമികളും വിവേകാനന്ദസ്വാമികളുമായി എറണാകുളത്ത് നടന്ന കൂടിക്കാഴ്ച

എം.ആർ.എസ് മേനോൻ - 9037126220

*(തുടർച്ച)*

**വൈ**ക്കം, പെരുമ്പാവൂർ, ആലുവ, ഇടപ്പള്ളി, എറണാകുളം തുടങ്ങിയ സ്ഥലങ്ങൾ സ്വാമിയുടെ പ്രവർത്തനമേഖലകളിൽപ്പെട്ടിരുന്നു. ആലുവായിലെ അത്തരമൊരു സൗഹൃദസദസിൽ വച്ച് പങ്കെടുത്ത കണ്ടൻ വൈദ്യന്റെ ആതിഥ്യം സ്വീകരിച്ചാണ് സ്വാമി എറണാകുളം കലൂര് എത്തുന്നത്. എറണാകുളത്തെ ഉയർന്ന പല ഉദ്യോഗസ്ഥന്മാരും സ്വാമിയുടെ ആരാധകന്മാരായി ഉണ്ടായിരുന്നു. കൊച്ചിയിലെ പോലീസ് സൂപ്രണ്ടായിരുന്ന രാജസ്ഥാൻ സ്വദേശിയായ ചന്തുലാൽ സ്വാമിയുടെ ഒരു ഭക്തനായിരുന്നു. കൊച്ചിയിലും ആദ്ധ്യാത്മികാശയങ്ങൾ ചർച്ച ചെയ്യുന്ന ഒരു സംഘം സ്വാമിയുടെ നേതൃത്വത്തിൽ രൂപം കൊണ്ടതിലും ചന്തുലാലും കൊച്ചി ദിവാൻെറ സെക്രട്ടറി രാമയ്യരും അദ്ധ്യാത്മിക രംഗത്ത് പണ്ഡിതനായിരുന്ന പത്മനാഭൻ ആചാരിയും ഉണ്ടായിരുന്നു. ആ സംഘത്തിൽ ആത്മീയത മാത്രമല്ല കലയും സംഗീതവും സാമൂഹ്യവിഷയങ്ങളും ഒക്കെ ചർച്ചാവിഷയങ്ങളായിരുന്നു.

സ്വാമി ചന്തുലാലിന്റെ ഭവനത്തിൽ താമസിക്കുന്ന കാലത്താണ് ചന്തുലാലും രാമയ്യരും ഒരു ദിവസം രാവിലത്തെ നടപ്പിനിടയിൽ വിവേകാനന്ദസ്വാമികളെ കാണുന്നത്. ഷൊർണ്ണൂർ വരെ തീവണ്ടിക്ക് വന്ന സ്വാമി അവിടുന്നു കാളവണ്ടിയിൽ കൊടുങ്ങല്ലൂരെത്തി. അക്കാലത്ത് സ്വാമി കേരളത്തിൽ ഒട്ടും പരിചിതനായിരുന്നില്ല. കൊടുങ്ങല്ലൂരെത്തിയ സ്വാമി കൊടുങ്ങല്ലൂരെ കോവിലകത്തെ സ്ത്രീകൾ സംസ്കൃതത്തിൽ സംസാരിക്കുന്നത് കണ്ട് അത്ഭുതപ്പെട്ടുവത്രെ. ഭാരതത്തിൽ ഒരിടത്തും ഇത്തരം ഒരു കാഴ്ച അദ്ദേഹം കണ്ടിട്ടില്ലായിരുന്നു. അത്ര ഉന്നതമായിരുന്നു കൊടുങ്ങല്ലൂരിന്റെ വൈജ്ഞാനിക പാരമ്പര്യം. ബ്രാഹ്മണനല്ലാതിരുന്നതിനാൽ സ്വാമിജിക്ക് ക്ഷേത്രത്തിൽ കേറാൻ കഴിഞ്ഞില്ല. ഹിന്ദുക്കളിലെ താഴ്ന്നതെന്ന് കരുതപ്പെട്ട ജാതിക്കാർക്ക് പൊതുവഴികളിൽ കൂടി നടക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും അക്കാലത്ത് ഇല്ലായിരുന്നു. പക്ഷേ അവൻ മതം മാറി കൃസ്ത്യാനിയായാൽ നിർബാധം സഞ്ചരിക്കുകയുമാവാം. ഈ സ്ഥിതി കണ്ടിട്ടാണ് സ്വാമി മലബാർ ഒരു ഭ്രാന്താലയമാണ് എന്ന് പറഞ്ഞത്. പലരും പരാമർശിക്കുന്നതുപോലെ കേരളത്തിലെ ജാതി സമ്പ്രദായമായിരുന്നില്ല സ്വാമിജിയെക്കൊണ്ട് ഇത്തരമൊരു അഭിപ്രായം. പറയിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയത്. കാരണം ജാതിയുടെ പേരിലുള്ള അനാചാരങ്ങൾ സ്വാമിജി സന്ദർശിച്ച നാടുകളിലൊക്കെ അനുഭവപ്പെട്ടതാണ്.

ചന്തുലാൽ വഴിയിൽ വച്ച് കണ്ടുമുട്ടിയ സുന്ദരനും അരോഗ്യദൃഢഗാത്രനുമായ യുവസന്യാസിയോട് മലയാളത്തിലും തമിഴിലും ചില ചോദ്യങ്ങൾ ചോദിച്ചെങ്കിലും ഒരു മറുപടിയും ലഭിച്ചില്ല. അദ്ദേഹത്തെ വള്ളക്കടവിലെത്തിച്ച വഞ്ചിക്കാരൻ വള്ളത്തിലുണ്ടായിരുന്ന പലരും സംസാരിക്കാൻ ശ്രമിച്ചെങ്കിലും ഇദ്ദേഹം മറുപടി പറയാത്തതിനാൽ ബധിരനായിരിക്കുമെന്നാണ് അഭിപ്രായപ്പെട്ടത്. നല്ല ഭാഷയിൽ ചന്തുലാൽ ഹിന്ദിയിൽ ചോദിച്ചപ്പോൾ മറുപടി പറഞ്ഞതിനാൽ അദ്ദേഹത്തെ

വീട്ടിലേക്കു ക്ഷണിച്ചു. ഇതിനിടെ ചന്തുലാൽ രാമയ്യരോട് ഇത്തരക്കാരെ മുഴുവൻ വിശ്വസിക്കാൻ സാധ്യമല്ലെന്നു പറഞ്ഞു. പറ്റിക്കാൻ വേഷം കെട്ടി നടക്കുന്ന പലരും ഉണ്ടെന്നും ഇംഗ്ലീഷിൽ പറയുന്നതുകേട്ട് വിവേകാനന്ദൻ ചിരിച്ചപ്പോഴാണ് അദ്ദേഹത്തിന് ഇംഗ്ലീഷ് അറിയാമെന്ന് ചന്തുലാലിന് മനസ്സിലായത്. തുടർന്ന് സ്വാമി അതിമനോഹരമായി ഇംഗ്ലീഷിൽ സംസാരിക്കുന്നത് അവരെ അത്ഭുതപ്പെടുത്തി. നല്ലവണ്ണം ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു സ്വാമി വന്നിട്ടുണ്ടെന്നറിഞ്ഞു. മഹാരാജാസ് കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ നിന്നു വരെ അദ്ധ്യാപകരും വിദ്യാർത്ഥികളും എത്തിച്ചേർന്നു. ചന്തുലാലിന് അദ്ദേഹം വിവേകാനന്ദനായിരുന്നെന്ന് അനേക വർഷങ്ങൾ കഴിഞ്ഞാണ് മനസ്സിലായത്. ചട്ടമ്പിസ്വാമികളെയും വിവേകാനന്ദനേയും തമ്മിൽ പരിചയപ്പെടുത്തണമെന്ന് ചന്തുലാലിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും വിവേകാനന്ദൻ അതിന് വലിയ താല്പര്യം കാണിച്ചില്ല. പക്ഷേ ചന്തുലാലിനെ പ്രേരണക്ക് വഴങ്ങി അവസാനം വിവേകാനന്ദ സ്വാമിജി ഈ കൂടിക്കാഴ്ചക്ക് അനുവാദം നൽകി. 1892 നവംബറിലാണ്. രാമയ്യരുടെ വീട്ടിൽ വച്ച് ഈ കൂടിക്കാഴ്ച നടന്നത്. രണ്ടുപേരും പ്രഥമദർശനത്തിൽത്തന്നെ പരസ്പര ആകൃഷ്ടരായി രണ്ടുപേർക്കം അറിയാവുന്ന പൊതുഭാഷ സംസ്കൃതമായിരുന്നതിനാൽ സംഭാഷണം പൂർണ്ണമായി ഉൾക്കൊള്ളാൻ മറ്റുള്ളവർക്കായില്ല. രണ്ടാം ദിവസവും അവർ ദീർഘനേരം സംസാരിച്ചു. വിവേകാനന്ദന് ചിന്മുദ്രയെപ്പറ്റി ചല സംശയങ്ങൾ ഉണ്ടായിരുന്നു. ഭാരതമൊട്ടാകെ സഞ്ചരിച്ച അദ്ദേഹത്തിന് ഈ സംശയങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാൻ കഴിവുള്ള ഒരു മഹാത്മാവിനെയും അവിടെയെങ്ങും കാണാൻ കഴിഞ്ഞില്ല. വിവിധ യോഗസമ്പ്രദായങ്ങളിൽ പാണ്ഡിത്യവും പ്രായോഗിക ജ്ഞാനവും ഉള്ള ചട്ടമ്പിസ്വാമികൾക്ക്, സ്വാമി വിവേകാനന്ദന്റെ ചിന്മുദ്ര പരമാത്മജ്ഞാനത്തിലേക്ക് എങ്ങിനെ നയിക്കുമെന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരം നൽകാൻ കഴിഞ്ഞു. ഉപനിഷത്തുക്കളുടെയും യോഗശാസ്ത്രത്തിന്റെയും സിന്ധവൈദ്യശാസ്ത്രത്തിന്റെയും തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ചിന്മുദ്ര ഒരു വ്യക്തിയെ എങ്ങിനെ ആത്മസാക്ഷാത്ക്കാരത്തിന്റെ തലത്തിലേക്ക് എത്തിക്കുമെന്ന് ചട്ടമ്പിസ്വാമികൾ വ്യാഖ്യാനിച്ചപ്പോൾ സ്വാമിജി പറഞ്ഞു 'ഞാൻ ബംഗാൾ മുതൽ ഭാരതം മുഴുവൻ സഞ്ചരിച്ച് അനേകം യോഗികളെയും സന്യാസിമാരെയും കണ്ട് ഈ ചോദ്യം ചോദിച്ചിട്ട് ഇപ്പോഴാണ് എനിക്കു ഈ വിഷയത്തിൽ തൃപ്തികരമായ ഉത്തരം കിട്ടിയത്.' സ്വാമി വിവേകാനന്ദൻ അത്ഭുതമനുഷ്യനെന്ന് വിശേഷിപ്പിച്ച ചട്ടമ്പിസ്വാമികളുടെ അഗാധജ്ഞാനത്തിന് ഇത് തെളിവാണ്. വീണ്ടും ശങ്കരമേനോന്റെ ഭവനത്തിൽ പോയി വിവേകാനന്ദൻ ചട്ടമ്പിസ്വാമികളെ കണ്ടു സംഗീതവും സംഗീതത്തിന് ചിത്ത വൃത്തി നിരോധത്തിൽ ഉള്ള പങ്കും ഒക്കെ അവരുടെ സംഭാഷണ വിഷയങ്ങളായിരുന്നു. വിവേകാനന്ദനെപ്പറ്റി ചട്ടമ്പിസ്വാമികൾ പറഞ്ഞത് ആ പൊന്നിൽകുടം. പാടിയാൽ മണൽത്തരി പോലും മധുരിക്കും എന്നാണ്. കണ്ണുകൾക്കുള്ള നവലക്ഷണങ്ങൾ ഒമ്പതും ചേർന്നത് വിവേകാനന്ദനിലാണ് എന്നായിരുന്നു. ചട്ടമ്പി സ്വാമികളുടെ അഭിപ്രായം വിവേകാനന്ദൻ മടങ്ങിപ്പോയ ശേഷം തന്റെ ശിഷ്യനായ ആനന്ദാജിയെ സ്വാമിജിയുടെ അടുത്തേക്ക് അയച്ചു. അദ്ദേഹം രണ്ടുമൂന്നുമാസക്കാലം സ്വാമിജിയോടൊപ്പം താമസിച്ചു പല വിഷയങ്ങളും പഠിക്കുകയും ചെയ്തു.

കേരളചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമായിരുന്നു ചട്ടമ്പിസ്വാമികളും വിവേകാനന്ദസ്വാമികളും തമ്മിൽ നടന്ന കൂടിക്കാഴ്ച. പക്ഷേ ഈ സംഭവത്തിന് അർഹിക്കുന്ന പ്രാധാന്യം നാം നൽകിയില്ല എന്നത് ഖേദകരം തന്നെയാണ്.

*****

# സൗരോർജ്ജപാതയിൽ ലോകം(2)

പത്മപ്രിയ – 8589018487


**ഭൂ**മിയിൽ സുലഭമായി ലഭിക്കുന്ന സൂര്യപ്രകാശം ഉപയോഗിച്ച് സസ്യങ്ങൾ എങ്ങനെ ഊർജ്ജമുല്പാദിപ്പിക്കുന്നുവോ അതുപോലെ അർദ്ധചാലകനിർമ്മിത സോളാർസെൽ സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി മാറ്റുന്നു.സോളാർസെല്ലിലെ ഈ പ്രകാശവോൾടൈക്പ്രഭാവം ആദ്യമായി കണ്ടെത്തിയത് ഫ്രഞ്ച്കാരനായ എഡ്മണ്ട് ബെക്വറൽ (Edmond Becquerel) എന്ന ശാസ്ത്രജ്ഞനാണ്. പത്തൊൻപതാം വയസ്സിൽ അച്ഛന്റെ (അദ്ദേഹത്തിന്റെ അച്ഛനും ഒരു ശാസ്ത്രജ്ഞനായിരുന്നു) ലബോറട്ടറിയിൽ ചെയ്തുകൊണ്ടിരുന്ന ഒരു പരീക്ഷണമാണ് വഴിത്തിരിവായത്. എഡ്മണ്ടിന്റെ അച്ഛനും മകനും രസതന്ത്രഗവേഷണ രംഗത്ത് സജീവമായിരുന്നു. മകൻ ഹെൻറിബെക്വറൽ (Henri Becquerel) റേഡിയോആക്റ്റിവിറ്റിയുടെ കണ്ടുപിടുത്തത്തിന് 1903ൽ ക്യൂറി ദമ്പതികളുടെ കൂടെ നോബൽ സമ്മാനം പങ്കുവെച്ചിരുന്നു. 1839ൽ എഡ്മണ്ട്പ്രകാശവോൾടൈക് പ്രഭാവത്തെ തിരിച്ചറിഞ്ഞെങ്കിലും, പിന്നീട് വർഷങ്ങൾ നീണ്ട പരീക്ഷണങ്ങൾക്ക് ശേഷം 1954ൽ അമേരിക്കയിലെ ബെൽലബോറട്ടറീസിൽ വെച്ചാണ് ഇപ്പോഴത്തെ മാതൃകയിൽ ഉള്ള പ്രായോഗിക അർദ്ധചാലക സിലിക്കൺ സോളാർസെൽ നിർമ്മിച്ചത്. Pearson, Chapin Fuller എന്നീ മൂന്ന് ശാസ്ത്രജ്ഞർ ചേർന്നാണ് ഇത് യാഥാർഥ്യമാക്കിയത്.



ഇടതു നിന്നും Gerald Pearson, Daryl Chapin, and Calvin Fuller




Edmond Becquerel



Perovskite solar cell

ഒരു ഉത്പന്നം നിർമ്മിക്കുമ്പോൾ പലകാര്യങ്ങളും പ്രായോഗികമാകണം. ഉദാഹരണത്തിന് നിർമ്മാണചെലവ്, അസംസ്കൃതവസ്തുക്കളുടെ ലഭ്യത, ഗുണമേന്മ, ആധുനിക സാങ്കേതികവിദ്യ, കൈകാര്യം ചെയ്യാനുള്ള എളുപ്പം എന്നിവ എല്ലാം പരിഗണിക്കണം. സോളാർ സെൽ നിർമ്മാണത്തിലും ഇവ ഓരോന്നും വെല്ലുവിളികളാണ്. അർദ്ധചാലക സാങ്കേതികവിദ്യ പുരോഗമിച്ചതോടെ വിവിധതരം നൂതന നിർമ്മാണ വിദ്യകൾ ആവിഷ്കരിച്ചു. ഈ നൂതന നിർമ്മാണ രീതികളുടെ അടിസ്ഥാനത്തിൽ 1954 മുതലുള്ള സോളാർ സെല്ലിന്റെ നിർമ്മാണത്തെ പലതായി തരം തിരിച്ചിരിക്കുന്നു. സിലിക്കൺ സോളാർ സെൽ, പോളിക്രിസ്റ്റലൈൻ, ഇൻഓർഗാനിക്, ഓർഗാനിക്, ഫ്ളെക്സിബിൾ സോളാർ സെൽ (വളക്കാനും തിരിക്കാനും സാധിക്കുന്നവ) എന്നിങ്ങനെ പലതരം സോളാർ സെല്ലുകൾ നിർമ്മിച്ചു വന്നു. സോളാർ സെല്ലിന്റെ നിർമ്മാണത്തിന്റെ ആദ്യകാലങ്ങളിൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ചത് സിലിക്കൺ ആണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അവ പരിസ്ഥിതിയ്ക്ക് നിരുപദ്രവവുമായതിനാലും സിലിക്കൺ ആദ്യഘട്ടത്തിൽ സോളാർസെൽ നിർമ്മാണത്തിൽ അവിഭാജ്യഘടകമായി.

സോളാർസെൽ എന്നത് സൗരോർജ്ജ ശേഖരണത്തിനുള്ള അടിസ്ഥാന നിർമ്മാണ ഘടകമാണ്. നിരവധി സോളാർസെല്ലുകൾ നിർദ്ദിഷ്ട രീതിയിൽ ക്രമീകരിച്ച് സോളാർ പാനലുകൾ ഉണ്ടാക്കുന്നു. സൗരോർജ്ജ ശേഖരണത്തിനായി സോളാർ പാനലുകളാണ് ഉപയോഗിക്കുന്നത്. ഇന്ന് ലോകത്തിൽ




കൂടുതലും ഉപയോഗിക്കുന്നത് സിലിക്കൺ സോളാർ പാനലുകൾ ആണെങ്കിലും അവയുടെ ഭാരക്കൂടുതൽ കാരണം ക്രമീകരിക്കാനും, സ്ഥാപിക്കാനും ബുദ്ധിമുട്ടുകളുണ്ട്. അതുമാത്രവുമല്ല ഒരു മൂലകത്തിന് (സിലിക്കൺ എന്ന ഒറ്റ മൂലകം ഉപയോഗിക്കുമ്പോൾ) പരമാവധി ആഗിരണം ചെയ്യാൻ പറ്റുന്ന പ്രകാശോർജ്ജത്തിന് ഒരു പരിധിയുണ്ട്. അതിനാൽ സൗരോർജ്ജത്തെ കൂടുതൽ വൈദ്യുതി ആക്കിമാറ്റാൻ രണ്ടോ അതിൽ അധികമോ മൂലകങ്ങൾ ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ തുടങ്ങി. രണ്ടോ അതിൽ കൂടുതലോ അർദ്ധചാലകമൂലകങ്ങൾ ചേർത്താൽ സൂര്യപ്രകാശത്തെ കൂടുതൽ ആഗിരണം ചെയ്യാമെന്നും അതിലൂടെ കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കാമെന്നും കണ്ടുപിടിച്ചത് സോളാർ സെൽ നിർമ്മാണത്തിൽ പുതിയ വഴിത്തിരിവായി. പല രീതിയിൽ മിശ്രിത അർദ്ധചാലകങ്ങൾ പരീക്ഷിച്ചു. ആവർത്തന പട്ടികയിലെ വിവിധ മൂലകങ്ങൾ (Ga, In, As, P, Si) കൂട്ടിക്കലർത്തി പല അർദ്ധചാലകങ്ങൾ ഉണ്ടാക്കി പരീക്ഷിച്ചു. ഇതിനെ സംയുക്ത അർദ്ധചാലക സോളാർസെല്ലുകൾ എന്ന് വിളിക്കുന്നു. ഓരോമിശ്രണം കൊണ്ട് ഉണ്ടാക്കുന്ന സോളാർ സെല്ലിൽ സൂര്യപ്രകാശത്തിന്റെ ആഗിരണം, സെല്ലിന്റെ ഉള്ളിൽ ഉണ്ടാവുന്ന വൈദ്യുതി വാഹകരായ ഇലക്ട്രോൺഹോൾ, ഊർജ്ജനഷ്ടം എന്നിവ ഗവേഷണശാലയിൽ പലതരം പരീക്ഷണങ്ങൾ വഴി കണ്ടുപിടിച്ചു. ഓരോ പോരായ്മകളും പരിഹരിച്ചു. നേർത്ത ഫിലിം സാങ്കേതികവിദ്യ (thin film technology) യുടെ വരവോടെ സോളാർസെല്ലിന്റെ വലുപ്പം, നി ർമ്മാണചെലവ്, ഭാരക്കുടുതൽ എന്നിവ എങ്ങനെ കുറയ്ക്കാം എന്ന് ആലോചിക്കാൻ തുടങ്ങി. സോളാർ സെല്ലിലും നേർത്ത ഫിലിം ഉപയോഗിച്ചു തുടങ്ങി. ഒന്നിൽ കൂടുതൽ p-n ജങ്ഷൻ ഉണ്ടാക്കുന്നതിലൂടെ സോളാർ സെല്ലിന്റെ കാര്യക്ഷമത കൂട്ടി. ഓർഗാനിക് സോളാർ സെല്ലിന്റെ വരവോടെ ഭാരം കുറഞ്ഞതും, നേരിയതും, ചെലവ് കുറഞ്ഞതും, കൈകാര്യം ചെയ്യാൻ എളുപ്പം ഉള്ളതുമായ സോളാർ സെൽ എന്ന ആശയം ഉടലെടുത്തു. പേപ്പർ പ്രിന്റിങ് രീതി ഉപയോഗിച്ച് ഓർഗാനിക് സോളാർ സെൽ ഉണ്ടാക്കാം എന്നത് ഈ സോളാർ സെല്ലിന്റെ ആകർഷണങ്ങളിൽ ഒന്നാണ്. പെറോവ്സ്കൈറ്റ് (perovskite) സോളാർ സെൽ, ഓർഗാനിക് സോളാർ സെൽ എന്നിവയാണ് ഇപ്പോൾ ഗവേഷണരംഗത്ത് മുന്നിട്ട് നിൽക്കുന്നത്.

നിർമ്മാണത്തിൽ വരുന്ന ന്യൂനത കൊണ്ട്, സെല്ലിൽ ഉണ്ടാക്കുന്ന ഊർജ്ജം സെല്ലിന്റെ ഉള്ളിൽ തന്നെ നഷ്ടമായി പോകാൻ (energy dissipation or internal loss) കാരണമാകാറുണ്ട്. ആഗിരണം ചെയുന്ന പ്രകാശോർജ്ജം കൃത്യമായി വേർതിരിച്ചു ചാലക വാഹകരാക്കി (electron-hole pair), ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തെ ഒട്ടും നഷ്ടപ്പെടുത്താതെ പുറത്തേക്കു വൈദ്യുതോർജ്ജമായി തരുമ്പോഴാണ് പൂർണ്ണരൂപ

ത്തിൽ സോളാർ സെൽ അർത്ഥവത്താകുന്നത്. നൂറു ശതമാനം പ്രായോഗികമല്ലെങ്കിലും ചെറിയ കുറവുകളോടെ ഇപ്പോൾ വിപണിയിൽ സോളാർസെൽ സജീവമായിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത കൂടി വരുന്ന ഈ കാലത്ത് സോളാർ സെല്ലിന്റെ മഹത്വവും കൂടി. പണ്ട് വാച്ചിലും, കാൽക്കുലേറ്ററിലും കണ്ടിരുന്ന സോളാർ സെൽ ഇപ്പോൾ വാട്ടർ ഹീറ്ററിൽ തുടങ്ങി കാറിലും വലിയ കെട്ടിടങ്ങളുടെ ജനലിന്റെ ചില്ലുകളിൽ വരെ കാണാൻ സാധിക്കും.

സിലിക്കൺ കൊണ്ട് ഉണ്ടാക്കുന്ന സോളാർ സെൽ ഭാരം കൂടിയവയാണ്. സ്ഥലപരിമിതി ഇതിന്റെ വേറൊരു പോരായ്മയാണ്. വീടുകളിൽ ഇത് സ്ഥാപിക്കുമ്പോൾ നല്ല സൂര്യപ്രകാശം കിട്ടുന്ന മേൽക്കൂര, അല്ലെങ്കിൽ പ്രകാശം സുലഭമായി ലഭിക്കുന്ന വിസ്താരമുള്ള സ്ഥലം എന്നിവ അത്യാവശ്യമാണ്. ശരിയായ രീതിയിൽ അല്ലാത്ത ഇൻസ്റ്റലേഷൻ, മഴ പെയ്യുമ്പോൾ സർക്യൂട്ടുകളിൽ വരുന്ന തകരാറുകൾ, മഞ്ഞു പെയ്യുമ്പോഴുള്ള പ്രശ്നങ്ങൾ, എന്നിവയൊക്കെ മറ്റു പ്രതിസന്ധികളാണ്.

മഞ്ഞുപെയ്യുന്ന രാജ്യങ്ങളിൽ നമ്മുടെ രാജ്യത്തെ പോലെ വർഷം മുഴുവനും സൂര്യപ്രകാശം ലഭിക്കില്ല. ആ സാഹചര്യത്തിൽ, സൗരോർജ്ജം നന്നായി കിട്ടുന്ന സമയം ശേഖരിച്ചു ആവശ്യാനുസരണം വൈദ്യുതി ഉപയോഗിക്കുന്നു. മഞ്ഞു പെയ്യുന്ന രാജ്യങ്ങളിൽ മാത്രമല്ല എല്ലാ സോളാർ പാനലുകളിലും ഉണ്ടാക്കുന്ന വൈദ്യുതി വേണ്ട രീതിയിൽ ഉപയോഗിക്കണമെങ്കിൽ അവ യഥാവിധം ശേഖരിച്ചു വെക്കേണ്ടത് ആവശ്യമാണ്. പകൽ സമയം ഉല്പാദിപ്പിക്കുന്ന വൈദ്യുതി രാത്രി ഉപയോഗിക്കണമെങ്കിൽ കിട്ടുന്ന വൈദ്യുതി വേണ്ട രീതിയിൽ ശേഖരിച്ചു വെയ്ക്കണം. സൗരോർജ്ജശേഖരണത്തിനു വിവിധ തരം ബാറ്ററികൾ ഉപയോഗത്തിലുണ്ട്. അവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ ബാറ്ററിയുടെ ഗുണമേന്മ തീരുമാനിക്കുന്നു. ഈയം (Lead), ലിഥിയം (Lithium), നിക്കൽ കാഡ്മിയം (Nickel Cadmium) എന്നീ പദാർത്ഥങ്ങളാണ് പ്രധാനമായും സോളാർ ബാറ്ററി ഉണ്ടാക്കാനായി ഉപയോഗിക്കുന്നത്. ഇവയിൽ ലിഥിയം ബാറ്ററികളാണ് ഇപ്പോൾ കൂടുതൽ ആയി ഉപയോഗിക്കുന്നത്. ലിഥിയം ബാറ്ററികൾ ഭാരക്കുറഞ്ഞതും, ഈടുനിൽക്കുന്നതുമാണ്. അധികം പരിപാലനം ഇതിനു ആവശ്യമില്ല. ഈ ഗുണങ്ങൾ ലിഥിയം ബാറ്ററിയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഇൻസ്റ്റലേഷനിൽ (installation) ഉണ്ടാവുന്ന പാകപ്പിഴ ലിഥിയം അയോൺ ബാറ്ററികളിൽ തീപിടുത്തത്തിന് കാരണം ആകാം. അതിനാൽ ബാറ്ററിയുടെ ഇൻസ്റ്റലേഷൻ ശ്രദ്ധിക്കേണ്ടതാണ്.

ചെറിയ ചെറിയ മാറ്റങ്ങളിലൂടെ മാത്രമേ വലിയ പരിവർത്തനത്തിലേക്ക് നമുക്ക് മാറാൻ സാധിക്കൂ. സോളാർസെൽ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും നൂതനസാങ്കേതികവിദ്യയുടെ സ്വാധീനമുണ്ടായിട്ടുണ്ട്. കൂടുതൽ വൈദ്യുതിയുല്പാദിപ്പിക്കുന്നതോടൊപ്പം ഉപഭോക്തൃ സൗഹൃദ സോളാർ പാനൽ കൂടി ആവശ്യമാണ്. വരും വർഷങ്ങളിൽ കൂടുതൽ സൗരോർജ്ജ ഉത്പന്നങ്ങൾ ഉപയോഗത്തിൽ വരുന്നത് നമുക്ക് കാണാം. പല രാജ്യങ്ങളും ജൈവ ഇന്ധനങ്ങളെ എങ്ങിനെ പൂർണ്ണമായും ഒഴിവാക്കാം എന്ന ആലോചനയിലാണ്. ഭാരതത്തിൽ അർദ്ധചാലക വ്യവസായ രംഗത്ത് അസംസ്കൃത വസ്തുക്കൾ വിദേശത്തു നിന്നും കൊണ്ട് വന്നു ഇവിടെ അസ്സംബ്ലിങ് ചെയ്ത് സോളാർ സെൽ അല്ലെങ്കിൽ പാനൽ ഉണ്ടാക്കുന്നു. അതോടൊപ്പം നമ്മുടെ ഗവേഷണശാലകളിൽ വികസിപ്പിച്ചെടുത്ത അസംസ്കൃതപദാർത്ഥങ്ങൾ കൊണ്ട് നമ്മുടേതായ സോളാർ സെൽ ഉണ്ടാക്കി എടുക്കുകയും ഉപയോഗിക്കുകയും ചെയ്താലേ ഭാരതത്തിന് നൂതന സാങ്കേതിക വിദ്യയുടെ വ്യ

വസായരംഗത്ത് സ്വയംപര്യാപ്തതയിലേക്ക് കുതി ക്കാൻ സാധിക്കുകയുള്ളൂ. ഐഐടികളിലും, രാജ്യത്തിലെ വിവിധ ഗവേഷണ ശാലകളിലും, പ്രമുഖവ്യവസായ സ്ഥാപനങ്ങളിലും ഇതിനായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തുടർച്ചയായ പരീക്ഷണങ്ങളിലൂടെയും തിരുത്തലിലൂടെയും മാത്രമേ സാങ്കേതിക വിദ്യയുടെ ഈ രംഗത്ത് മുന്നോട്ട് പോകാൻ സാധിക്കൂ. ദീർഘവീക്ഷണത്തോടെയുള്ള നിക്ഷേപവും പ്രവർത്തനവും ഈ രംഗത്ത് ആവശ്യമാണ്.

അന്തരീക്ഷമലിനീകരണവും അത് മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും കൊണ്ട് പൊറുതിമുട്ടുന്ന ഈ കാലഘട്ടത്തിൽ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത നൂതന സാങ്കേതികവിദ്യകൾ ഉടലെടുത്തേ മതിയാവൂ. ഉല്പാദിപ്പിക്കുന്നതിനേക്കാൾ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുമ്പോൾ അന്തരീക്ഷ വായു മലിനീകരണം ഗണ്യമായി കുറഞ്ഞു ഇല്ലാതെയാവുന്നു. ഇത് യാഥാർഥ്യമാക്കി കാണിച്ചു തന്ന രാജ്യമാണ് ഭൂട്ടാൻ. ഇന്ന് പലരാജ്യങ്ങളും 2050 ഓടെ കാർബൺ ഫ്രീ രാജ്യം എന്ന ലക്ഷ്യത്തിലേക്കു തയ്യാറെടുക്കുകയാണ്. വനസംരക്ഷണവും പരിസ്ഥിതി സൗഹൃദ ഊർജ്ജഉപഭോഗത്തിലൂടെയും ഇത് സാധ്യമാണ്. അങ്ങനെ ഭാവി തലമുറ ആരോഗ്യമുള്ളവരും സന്തോഷമുള്ളവരും ആവട്ടെ. നമുക്ക് പ്രയത്നിക്കാം......

****


## THOTTEKKATT DIWAN'S MEMORIAL A/C HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160

Email: ekmkgm@gmail.com,

Web: www.ernakulamkarayogam.com


## രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ

### രാമായണ മാസാചരണം



17-7-2023 മുതൽ 16-08-2023 വരെ (1198 കർക്കടകം 1 മുതൽ 31 വരെ)

ദിവസവും അഷ്ടദ്രവ്യഗണപതിഹോമം, ഭഗവത്സേവ, നിറമാല,

ചുറ്റുവിളക്ക് എന്നിവയോടെ രാമായണമാസാചരണം നടത്തുന്നു.

23-7-2023-ന് (കർക്കിടകം 7) രാവിലെ 6 മുതൽ വൈകിട്ട് 6 വരെ

**ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ**

**സമ്പൂർണ്ണ രാമായണപാരായണം** നടത്തുന്നു.

# മറവിയിലെ ഓർമ്മകൾ

പ്രൊഫ. അംബുജാക്ഷി – 9447577652

ഇവിടെ എന്തൊക്കെയോ സംഭവിക്കുന്നു. എല്ലാവർക്കും എന്തോ കുഴപ്പമുണ്ട്. എന്തിനാണ് എല്ലാവരും കൂടി എന്നെ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.? എത്ര ആലോചിച്ചിട്ടും ഒരു പിടി കിട്ടുന്നില്ല.

ഇതെന്റെ വീടല്ല.

എന്റെ വീട് ഒരു പടിഞ്ഞാറ്റപ്പുരയാണ്. അതിന് ചാണകം മെഴുകിയ വലിയ ഒരു മുറ്റമുണ്ട്. തെക്കുകിഴക്കുഭാഗത്ത് ഒരു പത്തായപ്പുരയും തെക്കുപടിഞ്ഞാറു ഭാഗത്തായി ഒരു വലിയ തൊഴുത്തും.

ഇവിടെ അതൊന്നുമില്ല.!

'നിങ്ങളൊക്കെ ആരാ? എന്തിനാണ് എന്നെ ഇവിടെ കൊണ്ടുവന്നത്.?'

'അമ്മേ' ഒരു സ്ത്രീ എന്നെ വിളിച്ചു. ഇത് നമ്മുടെ വീടല്ലേ? അമ്മ തന്നെ സ്വന്തം ഇഷ്ടത്തിന് പുതുക്കിപ്പണിത വീട്.

അമ്മയോ! നിങ്ങളാരാ?

'ഞാനമ്മയുടെ ഒരേ ഒരു മോളല്ലേ? കുട്ടി, അമ്മയുടെ പ്രിയക്കുട്ടി. അമ്മ എന്നെ കുട്ടീന്നല്ലേ വിളിക്കാറുള്ളൂ.'

'ഞാനോ' എനിക്കേ രണ്ട് ഏടത്തിമാരും ഒരനിയനും ഒരനേ്യത്തിയും മാത്രമേ ഉള്ളൂ.

മൂത്തത് ഏടത്തി, പിന്നെ ശാരദേടത്തി

ഞാൻ മൂന്നാമത്തേതാണ്. എല്ലാവരും ഉണ്ണീ എന്ന് വിളിക്കും. പിന്നെ അനിയൻ കുട്ടൻ, അനേ്യത്തി അമ്മു.

അവരെ ആരെയും കാണാനില്ല ഇവിടെ. അവരൊക്കെ എവിടെപ്പോയി

അമ്മേ ഞാനമ്മയുടെ മോളാണ്. ഇത് അച്ഛൻ. എല്ലാവരും പോയി. ഇനി അമ്മു ച്ചെറ്യമ്മ മാത്രമേ ഉള്ളൂ. പോയോ എവിടെപ്പോയി തൊടീല് ആൾക്കാര് പണിയെടുക്കുന്നുണ്ടാവും. അവിടേക്കു പോയതായിരിക്കും. എനിക്കും പോണം അവരുടെ അടുത്തേക്ക്.

'എന്താ മിണ്ടാത്തത്? അവരൊക്കെ എവിടെ? അല്ല. നിങ്ങളെന്തിനാ കരയണത്. എന്നെ എന്റെ വീട്ടിലാക്കൂ.

ആരും ഒന്നും മിണ്ടുന്നില്ല. രാവിലെ എന്നെ കുളിപ്പിച്ച് കുറിതൊടീച്ച് നല്ല മുണ്ടും വേഷ്ടിയുമൊക്കെ ഉടുപ്പിച്ച് ഇവിടെ ഇരുത്തും. സമയാസമയത്തിന് മരുന്നും ഭക്ഷണോം തരും.

എന്തിനാണാവോ? എനിക്കൊരു കുഴപ്പോ ഇല്ല. അച്ഛനേം അമ്മേം ഏടത്തിമാരെയുമൊക്കെ ഒന്ന് കാണണം. എന്റെ വീട്ടിലേക്ക് പോകണം. അതു പറയുന്നതുകൊണ്ടാണോ ഈ മരുന്നൊക്കെ? എന്തു ഭാവിച്ചാ നിങ്ങൾ?

മകളാണെന്ന് ഒരു സ്ത്രീ പറയുന്നു.

അവളുടെ അച്ഛനാണെന്ന് വേറൊരാളും

പിന്നെ കുറെയാൾക്കാർ കാണാൻ വരും. ടീച്ചറേ എന്നു വിളിച്ച്. എനിക്കൊന്നും മനസ്സിലാകുന്നില്ല. ഒരു മായാലോകം ഞാനാരുടെ ടീച്ചറാണ്?

ആരുടെ അമ്മയാണ്?, ആരുടെ ഭാര്യയാണ്? എനിക്കൊന്നും അറിയുന്നില്ലല്ലോ.

'വഴി തെറ്റുന്നു വയസ്സാകുമ്പോൾ' എന്ന് എവിടെയോ വായിച്ചിട്ടുണ്ട്. എനിക്കും വഴി തെറ്റിയോ?

പക്ഷെ എനിക്കറിയാം. എന്റെ വലിയ വീടും പത്തായപ്പുരയും തൊഴുത്തും വലിയ തൊടിയും മരങ്ങളും ഒക്കെ അറിയാം.

തൊഴുത്തിൽ നാലു പോത്തുകൾ ഉണ്ട്.

അവ പാവങ്ങളാണ്. കാണുമ്പോഴേക്കും ഞായ്, ഞായ് എന്നു വിളിക്കും. അടുത്തു ചെന്ന് താടി തടവിയാൽ അവ മൃദുലമായ നാക്കുകൊണ്ട് എന്നെ നക്കിത്തുടയ്ക്കും.

പശുക്കൾ കുറുമ്പികളാണ്. അമ്മയും ഏടത്തിമാരുമാണ് അവരുടെ ഇഷ്ടക്കാർ. ഞാൻ ചെന്നാൽ കൊമ്പുകുലുക്കി എന്നെ ഭീഷണി

പ്പെടുത്തും. എന്നാലും ഞാൻ വല്ലപ്പോഴു മൊന്നു തൊടും.

അമ്മയും അച്ഛനും എവിടെ? അവർ ഒരു നേ രം വെറുതെയിരിക്കില്ല. വീട്ടുവളപ്പിൽ എവി ടെയെങ്കിലും ഉണ്ടായിരിക്കും. വെണ്ടയ്ക്ക യോ വഴുതനങ്ങയോ പൊട്ടിച്ചെടുക്കാൻ, പച്ചമുളകു പറിക്കാൻ, ചക്ക ഇടാൻ, മാങ്ങ യോ പുളിയോ പെറുക്കാൻ.....എല്ലാം ഈ വീ ട്ടുവളപ്പിൽത്തന്നെയുണ്ടല്ലോ?

'ആരാണ് എന്നെ ഒന്നു പിടിക്കുക. നട ക്കാൻ വയ്യ. എഴുന്നേൽക്കാനും പ്രയാസം.'

അപ്പോഴേക്കും ആ സ്ത്രീ ഓടി വരുന്നു.

'അമ്മേ അവിടെ കിടക്കൂ ഞാൻ താങ്ങി പ്പിടിക്കാം. പതുക്കെപ്പതുക്കെ എഴുന്നേൽപ്പി ക്കാം.'

'അമ്മയോ! ഞാനോ!'

അവരുടെ കണ്ണു നനഞ്ഞിട്ടുണ്ടോ?

'അമ്മേ, ഞാനമ്മയുടെ ഒരേ ഒരു പ്രിയ ക്കുട്ടിയല്ലേ? അമ്മയെ നോക്കാൻവേണ്ടിയല്ലെ ജോലിയിൽനിന്ന് വാളന്ററിയായി റിട്ടയർ ചെ യ്തത്?'

അവരെന്തൊക്കെയോ പറയുന്നു. എനി ക്കൊന്നും മനസ്സിലാവുന്നില്ല. എന്നാലും പ തുക്കെപ്പതുക്കെ എന്നെ എഴുന്നേൽപ്പിക്കു ന്നുണ്ട്. ഉമ്മറത്തേക്ക് പിടിച്ചുകൊണ്ടുവന്ന പ്പോഴേക്കും ഞാൻ ക്ഷീണിച്ചുപോയി.

'ഇനി ഞാൻ കുറച്ചുനേരം ഇവിടെ ഇരി ക്കട്ടെ. എന്നെ ഒന്ന് പിടിക്കോ നിങ്ങള്?'

'അമ്മേ, ഞാനമ്മയുടെ കുട്ട്യല്ലേ സെൻട്രൽ സ്കൂളിലെ പി.ജി. ടീച്ചറായിരുന്നല്ലേ, ഞാൻ? അമ്മയ്ക്ക് വയ്യ എന്ന് കേട്ടപ്പോൾ ഞാൻ സ്വയം വിരമിച്ചുപോന്നതാണ്. അച്ഛന് ഒറ്റക്ക് അമ്മയെ നോക്കാൻ പറ്റില്ലല്ലോ. ദാസേട്ടനും അമ്മയുടെ പേരക്കുട്ടിയും ഇപ്പോഴും ഹൈദ രാബാദിലാണ്.'

'എന്തോ!' എനിക്കൊന്നും മനസ്സിലാകു ന്നില്ല. ഇതെന്റെ വീടല്ല. എന്റെ വീടിന്റെ മുറ്റം ചാണകം മെഴുകിയതാണ്. അവിടെ ഒരു ഭാഗത്ത് വൈക്കോൽക്കൂനകൾ ഉണ്ട്. ഉഴുന്നും മുതിരയും പറിച്ച് ഉണക്കാൻ ഇട്ടിട്ടുണ്ട് മറ്റൊ രിടത്ത്.

വേറൊരിടത്ത് എള്ളുകൊയ്തു കറ്റയാക്കി കുത്തിനിർത്തിയിട്ടുണ്ട്. പിന്നെ, തൊഴുത്തി നോടു ചേർന്നു ചാണം കോരിയിട്ടിട്ടുണ്ടാ കും, ഉണക്കിപ്പൊടിക്കാൻ അതൊന്നും ഇവി ടെ കാണുന്നില്ലല്ലോ.

'അമ്മേ നമ്മളല്ലേ മുറ്റത്ത് ടൈൽ വിരിച്ചത്. അമ്മ തെരഞ്ഞടുത്ത കാവിയും കറുപ്പും നി റമുള്ള ടൈൽ.'

'അല്ലേ അല്ല. ഇവിടെ ഇപ്പോൾ പത്തായ പ്പുര ഇല്ല. തൊഴുത്തില്ല. ഇതെന്റെ വീടേ അല്ല. എനിക്കെന്റെ വീട്ടിൽ പോണം.'

അമ്മേ

നിങ്ങളെന്തിനാണ് കരയുന്നത്? ഞാനൊ ന്നും പറഞ്ഞില്ലല്ലോ. ഇതെന്റെ വീടല്ല. എനി ക്കെന്റെ വീട്ടിൽ പോണം. അച്ഛനേം അമ്മേം കാണണം. വീട് എവിടെയാണെന്ന് അറിയില്ല. പക്ഷെ, കണ്ടാൽ അറിയാം. പറഞ്ഞു തരാം. ഒരു പടിപ്പുരയുണ്ട്. അതിനുപുറത്ത് രണ്ടു ഭാഗത്ത് വഴിയാത്രക്കാർക്ക് ഇരിക്കാൻ തി ണ്ണയുണ്ട്. ഒക്കെ അച്ഛന്റെ ഇഷ്ടമായിരുന്നു. കിണറുകുഴിപ്പിക്കലും അത്താണി കുഴിച്ചിട ലുമായിരുന്നു അച്ഛന്റെ ഇഷ്ടം എന്ന് അമ്മ കുറ്റപ്പെടുത്താറുണ്ട്.

പിന്നെ പടിപ്പുരക്കു പുറത്ത് ഒരു വലിയ സിമന്റുതൊട്ടിയുണ്ട്. കന്നുകാലികൾക്ക് വെള്ളം കുടിക്കാൻ മക്കളായ ഞങ്ങളെക്കൊ ണ്ടാണ് അതിൽ വെള്ളം നിറപ്പിച്ചിരുന്നത്. പു ണ്യം കിട്ടാനാണത്രെ.

നാൽക്കാലികൾ മാത്രമല്ല, ഇരുകാലിമനു ഷ്യരും അതിൽനിന്ന് വെള്ളമെടുത്തു കയ്യും കാലും മുഖവും കഴുകാറുണ്ട്. എന്തുപറ യാനാ.

'അമ്മേ, ഇതൊക്കെ എത്ര പ്രാവശ്യം അമ്മ പറഞ്ഞു തന്നിട്ടുണ്ട്. അതൊക്കെ പണ്ടല്ലേ. ഇപ്പോൾ അവരാരും ഇല്ല. ഇവിടെ ഇപ്പോൾ അച്ഛനും അമ്മയും ഈ പ്രിയക്കുട്ടിയും മാത്ര മേ ഉള്ളൂ. ഇതുതന്നെയാണ് അമ്മേടെ വീട്.'

'വെറുതെ എന്നെ ദേഷ്യം പിടിപ്പിക്കണ്ട. ഇതല്ല ഇതല്ല ഇപ്പൊ' ഞാനൊന്നു കിടക്കട്ടെ. ഇത്തിരി കഴിഞ്ഞാൽ എന്നെ വീട്ടിലേക്ക് കൊണ്ടുപോകണം.

*****



*****

യാത്രാവിവരണം

# തുർക്കി പർവ്വം 2

ബുർസയും കുസദസിയും

ടി. വത്സല മേനോൻ – 9884083138

**മൂന്നാം ദിവസം ഏപ്രിൽ 26**

മഴ പെയ്യുന്ന പ്രഭാതം. പ്രാതലിനു ശേഷം ഞങ്ങളേവരും പുൾമാനിൽ നിന്നും ചെക്ക് ഔട്ട് ചെയ്തു ഒരു ഗ്രൂപ്പ് ഫോട്ടോക്ക് വേണ്ടി നിരന്നു നിന്നു. അതിനു ശേഷം ഇസ്താൻബുളിൽ നിന്നും ബുർസക്കു യാത്രയായി. ഇനി ഞങ്ങൾ ബസിൽ ആണ് തുർക്കി മുഴുവൻ കാണാൻ പോകുന്നത്. ഗൈഡ് ഹുസ്നിയ ഞങ്ങളെ 'ഗുനൈഡാൻ ജനം' എന്ന് തുർക്കി ഭാഷയിൽ അഭിവാദ്യം ചെയ്തു. പ്രിയ സുഹൃത്തുക്കൾക്ക് സുപ്രഭാതം എന്നാണു ഇതിന്റെ അർത്ഥം.

ഏതാണ്ട് രണ്ടു മണിക്കൂറിനുള്ളിൽ ഞങ്ങൾ ബുർസയിൽ എത്തി. ബുർസ ഉലുഡഗ് എന്ന മലനിരകളുടെ താഴ്‌വാരത്തിൽ മർമര കടലിന്റെ വക്കത്തു സ്ഥിതി ചെയ്യുന്നു. ആദ്യകാല ഓട്ടോമൻ സാമ്രാജ്യത്തിലെ പഴയകാല പള്ളികൾക്കും ചരിത്ര സ്മാരകങ്ങൾക്കും പ്രസിദ്ധമാണ് ബുർസ. ബുർസ സാധാരണയായി എസിൽ ബുർസ എന്നാണു അറിയപ്പെട്ടിരുന്നത്. എസിൽ എന്നാൽ പച്ച ആണ്. തിങ്ങി നിൽക്കുന്ന മരങ്ങളും പാർക്കുകളും ആ പേരിനെ അന്വർത്ഥമാക്കുന്നു. തിളങ്ങുന്ന നിറങ്ങളുള്ള കെട്ടിടങ്ങളും വളവും തിരുവുമുള്ള തെരുവുകളും ജലധാരകളും നിറഞ്ഞ നഗരമാണ് ബുർസാ.

ഞങ്ങൾ ആദ്യം ചെന്നെത്തിയത് ഉലു മോസ്കിൽ ആണ്. ഇത് ബുർസയിലെ മഹത്തായ പള്ളി എന്നും അറിയപ്പെടുന്നു. ഓട്ടോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ബുർസയിലെ ഏറ്റവും വലിയ പള്ളിയാണിത്. അസാധാരണമായി ചതുരാകൃതിയിലുള്ള ഈ പള്ളിക്കു മൂന്നു കവാടങ്ങളുണ്ട്. അതിൽ ഉത്തര ദിശയിലുള്ളതിനാണ് ഏറ്റവും പ്രാധാന്യം. പള്ളിയുടെ ഉള്ളിൽ ഇരുപതു താഴികക്കുടങ്ങളുണ്ട്. അവയെ താങ്ങി നിർത്തുന്നത് പന്ത്രണ്ടു തൂണുകളാണ്. ഈ തൂണുകളിൽ പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിലെ ഏറ്റവും പ്രസിദ്ധമായ ചിത്രപ്പണികളും ഖുറാനിലെ വാക്യങ്ങളും കൊത്തി വച്ചിരിക്കുന്നു. അകത്തു കയറും മുൻപ് ഇസ്ലാമിക സമ്പ്രദായപ്രകാരം ഞങ്ങൾ തല തൂവാല കൊണ്ട് മൂടുകയും പാദരക്ഷകൾ അഴിച്ചു വെക്കുകയും ചെയ്തു. പുറത്തിറങ്ങിയപ്പോൾ പിന്നെയും മഴ.



ഇനി പോവുന്നത് ടോഫനെ ക്ലോക്ക് ടവർ കാണാനാണ്. ടോഫനെ ഇസ്താൻബുളിലെ ഒരു ജില്ലയാണ്. ഇത് പ്രസിദ്ധമായ ബോസ്‌പോറാസ് കടലിടുക്കിന്റെ സമീപത്താണ്. ഈ ടവർ നിർമ്മിച്ചത് ഓട്ടോമൻ സുൽത്താൻ അബ്ദുൽ മെസിഡ് ആണ്. ചതുരാകൃതിയിലുള്ള ഈ ടവർ മൂന്നു നിലകളും

പതിനഞ്ചു മീറ്റർ ഉയരത്തിലുമാണ്. മലമുകളിലുള്ള ടവറിൽ നിന്ന് നോക്കിയാൽ വളരെ താഴെയുള്ള ബുർസ നഗരം മുഴുവനും കാണാം.

മലയിറങ്ങവേ താഴ്‌വാരത്തിന്റെ വക്കിൽ ഒരു ഹോട്ടലിൽ ഉച്ച ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ കുസദസിയിലേക്കുള്ള ആറു മണിക്കൂർ ദൈർഘ്യമുള്ള യാത്ര തുടങ്ങി. സൂരജ് മൈക്ക് എടുത്തു എല്ലാവരെയും സ്വയം പരിചയപ്പെടുത്താൻ അഭ്യർത്ഥിച്ചു. മിക്കവരും മുൻപത്തെ കരയോഗം യാത്രകളിൽ പങ്കെടുത്തിട്ടുള്ളവരായിരുന്നു. എന്നാൽ ഞങ്ങളെപ്പോലുള്ളവർ ആദ്യമായായിരുന്നു ഈ ഉദ്യമത്തിൽ ഭാഗഭാക്കാവുന്നത്. പരിചയപ്പെടലിനു ശേഷം പാട്ടുകാരെ മൈക്കിലേക്കു ക്ഷണിച്ചു. സുധ ബാലഗോപാൽ മനോഹരമായ ഒരു സിനിമാ ഗാനത്തോടെ തുടങ്ങി. പിന്നീട് രാജഗോപാൽ,അജിത് പി വാസു, മോഹൻ മേനോൻ, ഹരിഹരനന്ദനൻ, ശോഭ അനിൽകുമാർ, ഗൗരി, അരവിന്ദ്, ശ്രീകുമാർജി, ഗിരിജ എന്നിവർ ഗാനമേളയിൽ പങ്കെടുത്തു. അങ്ങനെ ആ ബസ്സ് യാത്രയുടെ ദൈർഘ്യം ലഘൂകരിച്ചു. മാത്രമല്ല തുർക്കിയുടെ ഗ്രാമീണ ഭംഗിയും മനോഹരമായ പട്ടണങ്ങളും ഞങ്ങളെ വിസ്മയിപ്പിച്ചു. ഇടയ്ക്കിടെ വഴിയോരകാഴ്ചകൾ ഗിരിജാവല്ലഭനും വിശ്വനാഥനും തങ്ങളുടെ മൊബൈൽ ക്യാമറകളിൽ പകർത്തി. പിന്നീട് അവർ അതിന്റെ ഫോട്ടോകളും വിഡിയോകളും ഞങ്ങളുടെ വട്സപ് ഗ്രൂപ്പിൽ അയച്ചു.



അങ്ങനെ ഏഴു മണിയോടെ കുസദസിയിലെ ഞങ്ങളുടെ താമസസ്ഥലമായ ഫാൻടാസിയ ഡീലക്സ് ഹോട്ടലിൽ എത്തി. എല്ലാവരും പെട്ടെന്ന് അത്താഴം കഴിക്കാൻ സൂരജ് നിർദ്ദേശിച്ചു. ഹോട്ടൽ റൂമുകളിലെ ജനലുകൾ ഗ്രീക്ക് പുരാണങ്ങളിലെ പ്രശസ്തമായ ഐയ്ജിയെൻ കടലിലേക്ക് തുറക്കാവുന്നതായിരുന്നു.

**നാലാം ദിവസം ഏപ്രിൽ 27...**

പ്രാതലിനു ശേഷം ചെക് ഔട്ട് ചെയ്തു വിർജിൻ മേരിയുടെ വീട് അഥവാ ഹൌസ് ഓഫ് വിർജിൻ മേരി കാണാൻ പുറപ്പെട്ടു. നൈറ്റിങ്ങേൽ മലമുകളിലുള്ള ഒരു കത്തോലിക്കാ പള്ളിയാണ് ഇത്. യാത്ര തുടങ്ങിയപ്പോൾ അവിടത്തെ താപനില എട്ടു ഡിഗ്രി ആയിരുന്നു. പുറത്തിറങ്ങിയപ്പോൾ എല്ലാവരും തണുത്തു വിറക്കുന്നുണ്ടായിരുന്നു.അതായത് ഇസ്താൻബുളിനെക്കാൾ ഏതാണ്ട് പത്തു ഡിഗ്രി താഴെയാണത്. ഈ മലയുടെ മുകളിൽ നിന്ന് നോക്കിയാൽ പഴയ ഗ്രീക് നഗരമായ എഫേസൂസ് കാണാം. ഈ പള്ളിക്കു ശേഷം ഞങ്ങൾ അവിടേക്കാണ് പോകാനുള്ളത്.

കന്യാമറിയയുടെ ഈ പള്ളി പത്തൊമ്പതാം നൂറ്റാണ്ടിലാണ് അറിയപ്പെട്ടത്. ആൻ കാതറിൻ എമരിച്ച് എന്ന ഒരു കന്യാസ്ത്രീയുടെ സ്വപ്നത്തിൽ കണ്ട ദൃശ്യങ്ങളെ ആസ്പദമാക്കിയാണ് ഈ പള്ളിയുടെ വിവരങ്ങൾ ലോകം അറിഞ്ഞത്. അതിനു ശേഷം ഇവിടേയ്ക്ക് ഭക്തരുടെ ഒരു പ്രവാഹമായിരുന്നു. ഇതിന്റെ ചരിത്രം മരിയയെ സെയ്ന്റ് ജോൺ ഈ പള്ളിയിലേക്കാണ് കൂട്ടിക്കൊണ്ടു വന്നത് എന്നതായിരുന്നു. പള്ളിയിൽ കയറുമ്പോൾ ഒരു വലിയ മുറിയിലെ അൾത്താരയിൽ മേരിയുടെ വലിയൊരു ബിംബം കാണാം. പള്ളിയുടെ പുറത്തു കുറച്ചു പടവുകൾ ഇറങ്ങി ചെന്നാൽ ഒരു ഫൗണ്ടെൻ ഉണ്ട്. അതിലെ ജലത്തിന് അസുഖങ്ങൾ മാറ്റാനുള്ള അത്ഭുത സിദ്ധികളുണ്ടെന്നാണ് വിശ്വാസം. അതിനു സമീപമാണ് ഒരു വിഷിങ് വോൾ ഉള്ളത്. അതിൽ നമ്മുടെ ആഗ്രഹങ്ങൾ ഒരു കടലാസിൽ എഴുതി തൂക്കിയാൽ അവ സഫലമാകുമെന്നാണ് വിശ്വാസം. ഞങ്ങളിൽ പലരും അങ്ങനെ ചെയ്തു.



യാത്രക്കിടയിൽ ടോയ്‌ലറ്റുകൾക്കായി ഞങ്ങളെ സഹായിച്ചത് പള്ളികളും, സൂപ്പർ മാർക്കറ്റുകളുമായിരുന്നു. ബേ എന്ന് പുരുഷന്മാരുടെ ടോയ്‌ലെറ്റുകൾക്കും ബയേൺ എന്ന് സ്ത്രീകളുടേതിനും ഇംഗ്ലീഷിൽ എഴുതി വച്ചിരുന്നു. രണ്ടു മണിക്കൂർ കൂടുമ്പോളാണ് ഈ ഇടവേള ഞങ്ങൾക്ക് കിട്ടിയിരുന്നത്. ഗൈഡ് ഹുസ്നിയെക്കു എവിടെയൊക്കെ നിർത്തണമെന്നു നല്ല നിശ്ചയമുണ്ടായിരുന്നു.

പള്ളിയിൽ നിന്നും ഞങ്ങൾ പോയത് ആർട്ടിമിസിന്റെ ക്ഷേത്രത്തിലേക്കാണ്. അതിനെ ആർട്ടിമിഷ്യം എന്നും അറിയപ്പെടുന്നു. ഗ്രീക്ക് ദേവതയായ ആർട്ടിമിസിന് സമർപ്പിക്കപ്പെട്ട ക്ഷേത്രമായിരുന്നു ഇത്. ചാരിത്ര്യത്തിന്റെ ദേവതയാണ് പുരാതന ഗ്രീസിൽ ആർട്ടിമിസ്. ഇത് തുർക്കിയിലെ സെൽസുഖ് എന്ന പട്ടണത്തിലാണ്. പണ്ട് ഇതിന്റെ പേരായിരുന്നു എഫിസിസ്. യുനെസ്കോ ഏറ്റെടുത്ത ഒരു ലോക ഹെറിറ്റേജ് കേന്ദ്രമാണ് ഇത്. 401 AD യിൽ നശിപ്പിക്കപ്പെട്ട ഉദ്ദേശം രണ്ടു മണിക്കൂറോളം നടന്നു കാണാനുള്ള സ്തൂപങ്ങളുടെയും ശില്പങ്ങളുടെയും അവശിഷ്ടങ്ങൾ അവിടെ ഇപ്പോളും ഉണ്ട്. ഈ ക്ഷേത്രം പണി കഴിപ്പിച്ചത് ക്രോഎസ്സ് എന്ന ലിഡിയൻ രാജാവായിരുന്നു. ഒരു ഭ്രാന്തൻ ഇതിനെ കത്തിച്ചു കളയുകയായിരുന്നു. ചരിത്രം വിളിച്ചോതുന്ന മനോഹരമായ കല്മണ്ഡപങ്ങളും ശില്പങ്ങളും നിറഞ്ഞ ഈ പൈതൃക ഭൂമി ഒരിക്കൽ ഒരു ലോക അതിശയമായി ഗണിക്കപ്പെട്ടിരുന്നു. ഒരു വലിയ ഗ്രന്ഥശാലയുടെയും ഓഡിറ്റോറിയത്തിന്റെയും അവശിഷ്ടങ്ങൾ ഞങ്ങളുടെ മൊബൈൽ ക്യാമറകൾക്കു ഒരു വിസ്മയ വിരുന്നായി. നടന്നു ക്ഷീണിച്ച ഞങ്ങൾ ഉച്ച ഭക്ഷണത്തിനു ശേഷം അടുത്ത ലക്ഷ്യമായ



പമുക്കലെയിലേക്കുള്ള യാത്ര തുടർന്നു. യാത്രാമദ്ധ്യേ പതിവ് ഗാനാലാപങ്ങൾക്കിടയിൽ നാട്ടിൽ നിന്നും കൊണ്ടുവന്ന, ഞങ്ങളിൽ പലരുടെയും കൈവശമുണ്ടായിരുന്ന നാടൻ പലഹാരങ്ങൾ ശ്രീ ഗിരിജാവല്ലഭൻ എല്ലാവരുടെയും ഇരിപ്പിടങ്ങളിൽ എത്തിക്കുകയും ചെയ്തു. ആറു മണിയോടെ ഞങ്ങൾ പാമുക്കലയിലെ പോലാട് തെർമൽ ഹോട്ടലിൽ എത്തി. ഭൂമിക്കടിയിൽ നിന്നും ഉത്ഭവിക്കുന്ന ചൂടുള്ള നീരുറവകൾ കൊണ്ട് നിർമിക്കപ്പെട്ട കുളം ഹോട്ടലിന്റെ ഉള്ളിൽ തന്നെ ഉണ്ടായിരുന്നു. ഞങ്ങളിൽ താൽപ്പര്യമുള്ളവർ അതിലിറങ്ങി കുളിച്ചു ക്ഷീണം മാറ്റി. രാത്രി ഹോട്ടലിൽ നടന്ന സംഗീത വിരുന്നും ഡാൻസും ഞങ്ങളെല്ലാവരും സന്തോഷപൂർവ്വം ആസ്വദിച്ചു.

(തുടരും)

# ദൃക്ക് ദൃശ്യ വിവേകം (4)

സി. നാരായണൻ - 9819456012

കണ്ണു ഒരു സ്വതന്ത്ര ദൃക്ക് തത്വമാണെന്ന് ആദ്യം തോന്നിയെങ്കിലും പിന്നീടുള്ള അന്വേഷണത്തിൽ അതിന് മനസ്സിന്റെ സഹായമില്ലാതെ തന്റെ ജോലി നിർവഹി ക്കാനാവില്ലെന്നും മനസ്സിനെ സംബന്ധിച്ച് അത് ദൃശ്യ മാണെന്നും കണ്ടു. അതേ രീതിയിലുള്ള തുടരന്വേഷണത്തിൽ മനസ്സും ദൃശ്യ ലൽക്കരിക്കപ്പെടാമെന്നു കണ്ടു. പിന്നീട് സാക്ഷിചെതന്യമായ ബോധം മാത്രമാണ്, അന്യപേക്ഷകൂടാതെ സ്ഥിതി ചെയ്യുന്ന ഒരേയൊരു തത്വമെന്നും അതുമാത്രമാണ് ഒരിക്കലും മറ്റൊന്നിനും ദൃശ്യമാവാത്ത എല്ലാ അവസ്ഥയിലും ദൃക്കായിരിക്കുന്ന തത്വമെന്നു കണ്ടു.

നമ്മുടെ അന്വേഷണം ഇവിടെ പൂർത്തിയാവുന്നില്ല. ആ സാക്ഷിയെക്കുറിച്ച് കൂടുതൽ അറിയേണ്ടതുണ്ട്. ഈ ഗ്രന്ഥത്തിലെ അടുത്ത രണ്ടു ശ്ലോകങ്ങൾ ആ ദിശയിലുള്ളവയാണ്. നമുക്കവയൊന്നു പരിശോധിക്കാം

നീലപീതസ്ഥൂലസൂക്ഷ്മ
ഹ്രസ്വദീർഘാദിഭേദതഃ
നാനാവിധാനി രൂപാണി
പശ്യേ്ലോചനമേകധാ (2)

രൂപാണി = രൂപങ്ങൾ

നീലപീതസ്ഥൂലസൂക്ഷ്മഭേദതഃ = നീല , മഞ്ഞ, വലുത് , ചെറുത് നീണ്ടത് കുറിയത് എന്നീ വ്യത്യാസങ്ങളൊടു കൂടിയ

നാനാവിധാനി = വിവിധതരത്തിലുള്ള

കിന്തു= എന്നാൽ

ലോചനം = കണ്ണ്

ഏകധാ = ഒരുപോലെ

പശ്യേത് = കാണപ്പെടുന്നു

നീല , മഞ്ഞ , തടിച്ചത് , ചെറിയത് , നീണ്ടത്, കുറിയത് , എന്നീ തരത്തിൽ രൂപങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും അവയെ കാണുന്ന കണ്ണു വ്യത്യാസമില്ലാതെയിരിക്കുന്നു

കാണപ്പെടുന്ന വസ്തുക്കൾ നിറത്തിലും വലിപ്പത്തിലും അതിശയകരമാം വിധം വൈവി ദ്ധ്യമാർന്നവയാണ്. എന്നാൽ ആ ദൃശ്യങ്ങളുടെ സ്വഭാവവ്യത്യാസമനുസരിച്ച് അവയുടെ ദൃക്കായ കണ്ണുകൾ വ്യത്യാസപ്പെടുന്നില്ല. നീളമുള്ള ഒരു വസ്തുവിനെ കാണുമ്പോൾ അതനുസരിച്ച് കണ്ണുകൾ നീളം പ്രാപിക്കുന്നില്ല. ചുവപ്പു നിറം കാണുമ്പോൾ കണ്ണുകൾ നീലനിറം കാണുമ്പോളുള്ളതു പോലെത്തന്നെയിരിക്കുന്നു. വ്യത്യാസങ്ങളെ വീക്ഷിക്കാൻ സ്വയം വ്യത്യാസപ്പെടാത്ത ഒരു കാഴ്ച്ചക്കാരനേ പറ്റൂ എന്ന തത്വമാണ് നാമിവിടെ ഓർക്കേണ്ടത്.ഒരു വസ്തുവിന്റെ ചലനം ചലിച്ചുകൊണ്ടിരിക്കാത്ത നിരീക്ഷകനേ അറിയാൻ പറ്റൂ. ആ തത്വമറിയാതെ പലപ്പോളും കാണപ്പെടുന്ന വസ്തുവിന്റെ ചലനം നമ്മുടേതാണെന്ന് നാം ഭ്രമിക്കാറുണ്ട്.

ആദ്യശ്ലോകത്തിൽ കണ്ണുകൾ, രൂപത്തെ ആശ്രയിച്ചു മാത്രമാണ് ദ്രഷ്ടായെന്നു അറിയപ്പെടുന്നതെന്ന് പറഞ്ഞിട്ടുണ്ടല്ലോ. കണ്ണുകൾ മനസ്സിന്റെ ദൃശ്യങ്ങളാണെന്നും പറഞ്ഞിരുന്നു. അതായത് കണ്ണിനുണ്ടാവുന്ന പ്രത്യേകതകൾക്ക് മനസ്സ് സാക്ഷിത്വം വഹിക്കുമെന്ന്. ആ ആശയമാണ് മൂന്നാമത്തെ ശ്ലോകത്തിൽ പറയുന്നത്.

ആന്ധ്യമാന്ദ്യപടുത്വേഷു
നേത്രധർമ്മേഷു ഏകധാ
സങ്കല്പയേന്മനഃ ശ്രോത്രത്വ
ത്വഗാദൗയോജ്യതാമിദം ( 3 )

ആന്ധ്യമാന്ദ്യപടുത്വേഷു=
അന്ധത , മങ്ങൽ , തീഷ്ണത മുതലായ

നേത്രധർമ്മേഷു = കണ്ണിന്റെ പ്രത്യേകതകൾ

മനഃ ഏകധാഃ = മനസ്സ് സ്വയം മാറാതെ

സങ്കല്പയേത് = മനസ്സിലാക്കുക.

ഇദം = ഈ നിരീക്ഷണം

ശ്രോത്രത്വഗാദൗ = ശ്രവണേന്ദ്രിയം, സ്പർശനേന്ദ്രിയം മുതലായവയക്കും

യോജ്യതാം = ബാധകമാണ് .

സ്വയം ഒരു മാറ്റവുമില്ലാതെ മനസ്സ് കണ്ണിന്റെ അന്ധത, മങ്ങൽ മുതലായവയെ

വിലയിരുത്തുന്നു. കേൾവി , തൊട്ടറിയൽ എന്നിവയുടെ കാര്യത്തിലും ഇതു ബാധകമാണ്.

സ്വയം മാറാതെ മാറിക്കൊണ്ടിരിക്കുന്ന രൂപവർണ്ണാദീകളെ കണ്ണു വിഷയീകരി

ക്കുമെന്നു നാം കണ്ടു. പക്ഷേ ഇതിൽ നിന്ന് കണ്ണ് സ്വതന്ത്രമായ ഒരു ദൃക്ക് തത്വമാണെന്നു വിചാരിക്കരുത്. കണ്ണും വിഷയീകരിക്കപ്പെടുന്നുണ്ടെന്നു കാണാം. നിർഭാഗ്യവശാൽ കണ്ണിനു കാഴ്ച്ചശക്തി നഷ്ടപ്പെട്ടാൽ ആ വസ്തുത മനസ്സ് അറിയും. അതു പോലെ തിമിരം പോലെയുള്ള നേത്രരോഗങ്ങൾ കാരണം കണ്ണിന്റെ കാണാനുള്ള ക്ഷമതക്ക് ന്യൂനം സംഭവിക്കാം. അതും മനസ്സിന് വിഷയമാവും. എന്നാൽ കണ്ണിനു സംഭവിക്കുന്ന ഇത്തരം പരിണാമങ്ങളിൽ നിന്ന് മനസ്സ് അബാധിതമാണ്. ഒരു കണ്ണട വെച്ച് കണ്ണിന്റെ കാഴ്ച്ചശക്തിക്കു കഴിവ് വർദ്ധിപ്പിച്ചാൽ മനസ്സിനു അതുകൊണ്ടു പ്രത്യേകിച്ച് കാര്യമൊന്നുമില്ല.

ശ്രോത്രം, സ്പർശം, ചക്ഷു, രസനം, ഘ്രാണം എന്നീ അഞ്ചാണല്ലോ നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾ.

ഈ ഇന്ദ്രിയങ്ങളിലൂടെ നമുക്ക് പുറത്തുള്ള വസ്തുക്കളുടെ പ്രത്യക്ഷജ്ഞാനം ലഭിക്കുന്നു. അവ ക്രമത്തിൽ. ശബ്ദം, സ്പർശം, രൂപം, രസം, മണം എന്നിവയാണ്. ഇവയെല്ലാം വ്യത്യസ്തങ്ങളാണെന്നു തോന്നുമെങ്കിലും എല്ലാം അറിവുകളാണ്. ആ അറിവുകൾ ചെന്നു ചേരുന്നത് മനസ്സിലേക്കാണ്.

ഇന്ദ്രിയങ്ങളിലൂടെ കിട്ടുന്ന ഈ അറിവുകളെ പ്രത്യക്ഷജ്ഞാനമെന്നു പറയും. ഈ പ്രത്യക്ഷം ഒരു പ്രമാണമാണ്. എന്നു വെച്ചാൽ ഒരു ജ്ഞാനസാധനം. പ്രത്യക്ഷം കൂടാതെ മറ്റു പ്രധാനപ്രമാണങ്ങൾ അനുമാനം , അർത്ഥാപത്തി , അനുപലബ്ധി വേദവാക്യം എന്നിവയാണ്. എന്നാൽ അവയെല്ലാം പ്രത്യക്ഷപ്രമാണത്തെ ആശ്രയിച്ചിരിക്കുന്നു. ദൂരെ ഒരു പർവ്വതത്തിന്റെ മുകളിൽ പുക കണ്ടാൽ നമ്മൾ അവിടെ അഗ്നിയുണ്ടെന്നു നമുക്കൂഹിക്കാം. ആ പ്രമാണത്തിന് അനുമാനമെന്നു പറയും. പ്രത്യക്ഷപ്രമാണത്തെ ആശ്രയിച്ചു കൊണ്ടാണല്ലോ പുകയുടെ സാന്നിദ്ധ്യമറിഞ്ഞത്. അടുത്ത പ്രമാണമായ അർത്ഥാപത്തിയും ഇന്ദ്രിയജ്ഞാനങ്ങളിൽ നിന്നു കിട്ടിയ വിവരങ്ങളെ ആശ്രയിച്ച് നാം എത്തിച്ചേരുന്ന ഒന്നാണ്. മഴ പെയ്തിട്ടില്ല, ഡാമിലെ വെള്ളം കൂടിയിട്ടുമുണ്ട്. അപ്പോൾ വെള്ളം ഉറവയായി ഭൂമിക്കടിയിലൂടെ വരുന്നുണ്ടെന്ന നിഗമനത്തിൽ നാ മുക്കെത്താം . മിക്കവാറുമെല്ലാ രോഗനിർണ്ണയങ്ങളും ഈ മാർഗ്ഗത്തിലധിഷ്ഠിതമാണ്.

പക്ഷേ ഇവിടെയെല്ലാം ഒരു വസ്തുത നമുക്കു കണക്കിലെടുക്കേണ്ടതുണ്ട്. ഇന്ദ്രിയങ്ങൾക്ക് അറിവ് ശേഖരിക്കാനുള്ള കഴിവ് പരിമിതമാണ്. ഉദാഹരണത്തിന്, വർണ്ണരാജിയിൽ ഇൻഫ്രാ റെഡിന്റേയും അൾട്രാ വയലറ്റിന്റേയും ഇടക്കുള്ളതിനെ മാത്രമേ നമുക്ക് കാണാനൊക്കൂ. അതിനപ്പുറവും ഇപ്പുറവുമുള്ളതിനെക്കുറിച്ചറിയാൻ നമുക്ക് പറ്റില്ല. ഭൗതികമാർഗ്ഗങ്ങളാൽ എല്ലാം നമ്മുടെ അറിവിന്റെ പരിധിയിൽ കൊണ്ടു വരാമെന്ന സയന്റിസ്റ്റുകളുടെ ധാരണ അസ്ഥാനത്താണെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ.

ഇനി എല്ലാ ഇന്ദ്രിയങ്ങളുടേയും നിയന്താതാവായ മനസ്സും ജഡവും അസ്വതന്ത്രമാണെന്നാണ് അടുത്ത ശ്ലോകത്തിൽ പറയുന്നത്.

( തുടരും )

## 2023 ജൂൺ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**നാരായണൻ കുട്ടി മേനോൻ**
L/2262, പൂർണ്ണശ്രീ 37/2982
പോണോത്ത് റോഡ്,
കൊച്ചി -17



**കൃഷ്ണൻ കുട്ടി മേനോൻ**
L/2585, മംഗലത്ത് ഹൗസ്
പനമ്പിള്ളിനഗർ, കൊച്ചി -36



**സരസ്വതി. എസ്. പണിക്കർ**
L/0942, ഭാരതീയം
കെ.എസ്.എൻ മേനോൻ റോഡ്,
കൊച്ചി -16

# മഴക്കാല രോഗങ്ങൾ

ഡോ. പാർവ്വതി. കെ.എസ്.

മഴക്കാലമെത്തുന്നതോടെ മലിനമായ വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ വ്യാപിക്കാറുണ്ട്. ഇത്തരം രോഗങ്ങൾ വ്യക്തിശുചിത്വം പാലിക്കുന്നതു വഴി തടയാനാകും.

**ഹൈപ്പറൈറ്റിസ് എ**

മഴക്കാലത്ത് കൂടുതൽ കണ്ടു വരുന്ന രോഗമാണ് ഹെപ്റ്റൈറ്റിസ് എ. ഹെപ്റ്റൈറ്റിസ് എ എന്ന പേരിൽ അറിയപ്പെടുന്ന വൈറസ് ആണ് രോഗകാരി. പലതരം മഞ്ഞപ്പിത്തങ്ങളിൽ ഒരു തരമാണിത്. കരളിനേയാണ് ഈ രോഗം ബാധിക്കുന്നത്. മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയുമാണ് രോഗം പകരുന്നത്.

**ലക്ഷണങ്ങൾ**

അണുബാധയുണ്ടായി രണ്ട് മുതൽ ആറ് ആഴ്ചയ്ക്കുള്ളിലാണ് ലക്ഷണങ്ങൾ ഉണ്ടാകുക. പനി, കടുത്ത ക്ഷീണം, വിശപ്പില്ലായ്മ, ഓക്കാനം, ഛർദ്ദി എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. ഒരാഴ്ച കഴിയുമ്പോൾ കണ്ണിലും മൂത്രത്തിലും മഞ്ഞനിറം കണ്ടു തുടങ്ങും.

**രോഗനിർണ്ണയം**

ലിവർഫങ്ഷൻ ടെസ്റ്റ് വഴി രോഗനിർണ്ണയം നടത്താം. രോഗം ബാധിച്ചവർക്ക് എസ്.ജി.പി.ടി വളരെ കൂടിയ അളവിൽ ഉണ്ടാകാറുണ്ട്. പതുക്കെ ബിലിറൂബിന്റെ അളവും വർദ്ധിക്കും. അപൂർവ്വമായി കരളിന് തകരാറുണ്ടാകാൻ ഈ രോഗം കാരണമാകാറുണ്ട്.

**ചികിത്സ**

രോഗം ബാധിച്ചവരുടെ ശരീരത്തിൽ ജലാംശം നിലനിർത്തണം. ഇതിനായി ധാരാളം വെള്ളം കുടിക്കണം.

**ടൈഫോയ്ഡ്**

ശരീരത്തിലെ വിവിധ അവയവങ്ങളെ ബാധിക്കുന്ന രോഗമാണ് ടൈഫോയ്ഡ്. സാൽമൊണെല്ലു ടൈഫി എന്ന ബാക്ടീരിയയാണ് ഈ രോഗം പരത്തുന്നത്.

മലിനമായ കുടിവെള്ളത്തിലൂടെയും രോഗിയുടെ വിസർജ്ജ്യത്തിന്റെ അംശമടങ്ങിയ ഭക്ഷണത്തിലൂടെയും രോഗം പകരാം. ഭക്ഷണസാധനങ്ങളിൽ വന്നിരിക്കുന്ന ഈച്ചകൾ വഴി ഈ രോഗം പകരാം. ബാക്ടീരിയ കുടലിലെത്തിയാൽ അത് രക്തത്തിൽ കലർന്ന് പിത്താശയം, കരൾ, പ്ലീഹ തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും. കുടലിൽ രക്തം വാർന്നുപോകൽ, വൃക്കകളുടെ തകരാർ തുടങ്ങിയവ രോഗത്തിന്റെ സങ്കീർണതയായി കാണാറുണ്ട്. ഈ സാഹചര്യമുണ്ടായാൽ നാലാഴ്ചയ്ക്കുള്ളിൽ രോഗം മൂർച്ഛിക്കാൻ ഇടയുണ്ട്. വിദഗ്ധ ചികിത്സ ലഭിച്ചില്ലെങ്കിൽ രോഗിയുടെ നില ഗുരുതരമാകാൻ സാധ്യതയുണ്ട്.

**ലക്ഷണങ്ങൾ**

പനി, തലവേദന, വയറുവേദന, വയറിളക്കം, ചുമ എന്നിവയാണ് സാധാരണയായി കാണുന്ന ലക്ഷണങ്ങൾ. ഒരാഴ്ചയിൽ കൂടുതൽ പനി നീണ്ടു നിൽക്കുമ്പോഴാണ് സാധാരണ ടൈഫോയ്ഡ് ആണോ എന്ന് സംശയിക്കുന്നത്.

**രോഗം നിർണ്ണയം**

രക്തപരിശോധനയിലൂടെ രോഗം തിരിച്ചറിയാം. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ നടത്തുന്ന ബ്ലഡ് കൾച്ചർ ടെസ്റ്റ്, മലം പരിശോധന എന്നിവയിലൂടെ ബാക്ടീരിയയുടെ സാന്നിധ്യം തിരിച്ചറിയുക.

**വയറിളക്ക രോഗങ്ങൾ**

ദിവസത്തിൽ പലതവണ വെള്ളം പോലെ മലം പോകുന്ന അവസ്ഥയാണ് വയറിളക്ക രോഗങ്ങളുടെ പ്രത്യേകത, ഇതുമൂലം ശരീരത്തിൽ നിന്ന് ജലാംശവും പോഷകങ്ങളും ധാതുലവണങ്ങളും നഷ്ടപ്പെടുന്നു.

മനുഷ്യമലത്തിന്റെ അംശം കലർന്ന വെള്ളമോ ഭക്ഷണമോ കഴിക്കുമ്പോഴാണ് ഈ രോഗമുണ്ടാകുന്നത്. വയറിളക്ക രോഗങ്ങളിൽ ഭൂരിഭാഗവും വെള്ളം പോലെ മലം പോകുന്ന അക്യൂട്ട്വാട്ടറി ഡയേറിയ എന്ന തരം വയറിളക്കമാണ്. ഷിഗെല്ല, വിബ്രിയോ കോളറ എന്ന ബാക്ടീരിയകളാണ് ഇതിനു കാരണക്കാർ.

ഇതിന് കാരണം പത്ത് ശതമാനത്തിൽ താഴെ വയറിളക്ക രോഗങ്ങളിൽ മലവും കഫവും കൂടി കലർന്നിട്ടുണ്ടാകും. അക്യൂട്ട് ഡിസൻട്രി എന്ന് പറയുന്നത് ഇത്തരം വയറിളക്കങ്ങളെയാണ്. ഇതിന് കാരണം ഷിഗെല്ല എന്ന ബാക്ടീരിയയാണ്.

ഷിഗെല്ലബാക്ടീരിയ കുടലിന്റെ ശ്ലേഷ്മ സ്കരത്തിലേക്കാണ് നുഴഞ്ഞുകയറുന്നത്. അതിനുള്ളിൽ വെച്ചു തന്നെ പെരുകുകയും ചില വിഷപദാർത്ഥങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഇതു കുടലിന്റെ സ്വാഭാവിക പ്രവർത്തനങ്ങളെ ബാധിക്കും. ഇതോടൊപ്പം കുടലിന്റെ സ്കരത്തിന്റെ എറ്റവും മുകളിലുള്ള ഭാഗം അഴുകി മലത്തോടൊപ്പം പുറത്തേക്ക് പോകും. ഇതാണ് മലത്തോടൊപ്പം രക്തവും പഴുപ്പുമൊക്കെ പോകുന്ന ഡിസന്ട്രിക്കു കാരണം.

**രോഗലക്ഷണങ്ങൾ**

രോഗാണു ശരീരത്തിൽ പ്രവേശിച്ച് പരമാവധി ഏഴു ദിവസത്തിനകം രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങും. വയറിളക്കം, അതിസാരം, പനി, ഓക്കാനം, ഛർദ്ദി, വയറുവേദന, ദഹനക്കുറവ്, പെട്ടെന്ന് മലവിസർജ്ജനത്തിനുള്ള തോന്നൽ എന്നിവയാണ് ലക്ഷണങ്ങൾ. കടുത്ത വയറിളം മൂലമുണ്ടാകുന്ന നിർജ്ജലീകരണം ഷോക്ക് എന്ന അവസ്ഥയിലേക്ക് എത്തിച്ചേക്കും. ഇത് മരണത്തിന് ഇടയാക്കും.

**രോഗനിർണ്ണയം**

രോഗലക്ഷണങ്ങളിലൂടെ രോഗം തിരിച്ചറിയാം. മലം കൾച്ചർ ചെയ്യുന്നതുവഴി രോഗാണുവിനെ തിരിച്ചറിയാം.

**ചികിത്സ**

ജലനഷ്ടം പരിഹരിക്കാൻ ധാരാളം പാനീയങ്ങൾ നൽകണം. ORS ലായനി ഉപയോഗിച്ചുള്ള ചികിത്സയാണ് ചെയ്യേണ്ടത്. ശരീരത്തിലെ ജലവും ധാതുക്കളും നഷ്ടപ്പെട്ട് നിർജ്ജലീകരണം സംഭവിക്കാതിരിക്കാൻ ഇത് സഹായിക്കും.

**കോളറ**

വിബ്രിയോ കോളറ എന്ന ബാക്ടീരിയ മൂലം കുടലുകളിൽ ഉണ്ടാകുന്ന അണുബാധയാണ് കോളറ. മലം കഞ്ഞിവെള്ളം പോലെ. പോകുന്ന വയറിളക്കമാണ് കോളറ ബാധിച്ചവരിൽ ഉണ്ടാകും. രോഗാണുക്കൾ അടങ്ങിയ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയുമാണ് രോഗം പകരുന്നത്.

ആഹാരത്തിലൂടെയും വെളത്തിലൂടെയും ശരീരത്തിലെത്തുന്ന ബാക്ടീരിയ ചെറുകുടലിൽ പെരുകുകയും ഒരു വിഷപദാർത്ഥം വമിപ്പിക്കുകയും ചെയ്യും. ഇത് കുടലിന്റെ ഭിത്തിയിലെ കോശങ്ങളിൽ പറ്റിപിടിച്ചിരിക്കുകയും കോശങ്ങളിൽ നിന്ന് ജലാംശം നഷ്ടപ്പെടുകയും ചെയ്യും. ഇതാണ് വെള്ളം പോലെ മലം പോകാൻ കാരണം.

കോളറ അണുക്കളുള്ള മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയുമാണ് രോഗാണുക്കൾ ശരീരത്തിലെത്തുന്നത്. തുറസ്സായ സ്ഥലത്തുള്ള മലവിസർജ്ജനം, ശുദ്ധമല്ലാത്ത ജലസ്രോതസുകൾ, മാലിന്യം കലർന്ന ജല വിതരണം എന്നിവ ഇതിന് കാരണമാണ്.

**ലക്ഷണങ്ങൾ**

രോഗാണുക്കൾ ഉള്ളിൽ കടന്നാൽ രണ്ടു

ദിവസംത്തിനം ലക്ഷണങ്ങൾ കണ്ടു തുടങ്ങും. വയറിളക്കമാണ് ആദ്യം ഉണ്ടാകുക. മലം കഞ്ഞിവെള്ളം പോലെ പോകും. തുടർന്ന് ഛർദ്ദി ഉണ്ടാകും.

കോളറയുടെ ഏറ്റവും ഗുരുതരമായ ലക്ഷണമാണ് നിർജലീകരണം. വയറിളക്കവും ഛർദ്ദിയും മൂലം ശരീരത്തിലെ ജലാംശം നഷ്ടപ്പെടുന്നത ാണ് ഇതിന് കാരണം. കോളറ ബാധിതരിൽ കുറച്ചു വേഗത്തിൽ നിർജലീകരണം ഉണ്ടാകും. വൈകാതെ കടുത്ത ദാഹം ഉണ്ടാകും. ജലാംശം നഷ്ടപ്പെടുന്നതനുസരിച്ച് ക്ഷീണം, തലകറക്കം എന്നീ ലക്ഷണങ്ങൾ ഉണ്ടാകും. പത്ത് ദിവസത്തിൽ കൂടുതൽ ശരീരഭാരം കുറഞ്ഞാൽ ഗുരുതരാവസ്ഥയായി. ഓർമ്മക്കുറവ്, ബോധക്ഷയം, കണ്ണുകൾ കുഴിയുക, മൂത്രത്തിന്റെ അളവ് കുറയുക എന്നീ ലക്ഷണങ്ങൾ ഉണ്ടാകും.

**രോഗനിർണ്ണയം**

കോളറക്ക് സാധ്യതയുള്ള മേഖലയിലാണെങ്കിൽ അക്കാര്യം പരിഗണിച്ചുവേണം ചികിത്സ ചെയ്യാൻ. പ്രത്യേക സാഹചര്യങ്ങളിൽ മലത്തിൽ നിന്ന് രോഗാണുവിനെ വേർതിരിച്ച് അസുഖം സ്ഥിരീകരിക്കാം.

**ചികിത്സ**

ഒ.ആർ.എസ്. ലായനിയാണ് നിർജ്ജലീകരണം തടയാൻ ഉപയോഗിക്കുന്നത്. കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഡ്രിപ്പുകളും നൽകേണ്ടിവരും. മുലപ്പാൽ കുടിക്കുന്ന കുഞ്ഞാണെങ്കിൽ മുലപ്പാൽ കൃത്യമായും നൽകണം. മുതിർന്ന കുട്ടികൾക്ക് കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം എന്നിവ പോലെ വീട്ടിൽ ലഭ്യമായ മറ്റു പാനീയങ്ങളും നൽകാം.

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ജൂലൈ – ആഗസ്റ്റ്

| | | | | |
|---|---|---|---|---|
| 1. | 13-07-2023<br>20-07-2023<br>27-07-2023<br>03-08-2023 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 15-07-2023 | ശനി | ഹെറിറ്റേജ് – | 5.00 p.m. |
| 3. | 16-07-2023 | ഞായർ | സാഹിതിയോഗം | 4.00 p.m. - 6.00 p.m. |
| 4. | 25-07-2023 | ചൊവ്വ | ബീം – സന്താനഗോപാലം കഥകളി | 6.00 pm |
| 5. | 30-07-2023 | ഞായർ | സാംസ്കാരിക വേദി – സംഗീത സായാഹ്നം | 4.00 pm |
| 6. | 15-07-2023<br>22-07-2023<br>29-07-2023<br>05-08-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 7. | 12-07-2023<br>19-07-2023<br>26-07-2023<br>02-08-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

ERNAKULAM KARAYOGAM, D.H.ROAD,TDM HALL COMPLEX, COCHIN 682016 - PH. 0484 - 2361160

## NAVARATHRI COMPETITIONS 2023

| DATE | TIME | ITEM |
|---|---|---|
| 06/08/2023 Sunday | 9.30 am Sub Juniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramayanam, Njanappana , Krishnagatha |
| | 1.00.pm Juniors | Lalitha Sahasranamam, Vishnu Sahasranamam Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramayanam,Njanappana, Krishnagatha |
| 13/08/2023 ( Sunday) | 9.30.am Seniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha,Narayaneeyam, Harinamakeerthanam, Ramayanam,Devimahatmyam, Krishnagatha, Bharatham, |
| | 3.00 pm Combined | Veena, Violin, Mridangam , Ottamthullal, Kathakali Cholliyattom , Kathakalipadam Sopanasangeetham (Ashtapathi) |
| 15/08/2023 (Tuesday) | 9.30 am | Namavali -Bhajan(Malayalam only)(Single) Sub Juniors, Namavali Bhajan(Malayalam only)( (Single & Group) (Juniors & Seniors) ) Patriotic Song ( Combined) |
| | 2.00 pm | Speech (English & Malayalam) (Juniors & Seniors) |
| 3/09/2023 (Sunday) | 09.30 am | Carnatic Music (Sub Juniors, Juniors) |
| | 10.30 am | Painting (Sub Juniors, Juniors & Seniors) |
| | 2.00 pm | Floral arrangement (Pookalam) (Combined) |
| | 2.30 pm | Carnatic Music (Seniors) |
| 10/09/2023 (Sunday) | 9.30 am | Light Music (Sub Juniors & Juniors ) |
| | 2.00 pm | Light Music (Seniors) |
| 17/09/2023 (Sunday) | 10.00 am | Essay (English,Malayalam,Hindi) (Juniors & Seniors) |
| | 2.00 pm | Purana-Quiz (Sub Juniors), Purana Quiz (writteen test) (Juniors & Seniors) |
| 22/09/2023 (Friday) | 9.30 am | Recitation in Malayalam & Karayogam Smaranikageetham (Sub Juniors , Juniors & Seniors) |
| | 2.30 pm | Handwriting (English, Malayalam & Hindi) (Sub-Juniors, Juniors & Seniors ), |
| 24/09/2023 (Sunday) | 10.30 am | Aksharaslokam (Juniors , Seniors & Super Seniors), |
| 01/10/2023 (Sunday) | 8.30 am | Bharathanatyam, Kuchippudi, Mohiniyattom, (Juniors) Folk dance (Single & Group) (Sub Juniors & Juniors ) |
| 08/10/2023 (Sunday) | 9.30 am 10.00 am | Thiruvathirakali (Combined), Bharathanatyam , Kuchippudi, Mohiniyattom (Seniors) Folk dance (Single & Group) Seniors), |

## മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

**1. പ്രായപരിധി**

a) 8 വയസ്സു വരെ സബ് ജൂനിയർ, 8 വയസ്സു മുതൽ 12 വയസ്സു വരെ ജൂനിയർ, 12 വയസ്സു മുതൽ 16 വയസ്സു വരെ സീനിയർ

b) 2023 ജൂൺ 30 നുള്ള വയസ്സാണ് മത്സരാർത്ഥികളുടെ പ്രായം നിശ്ചയിക്കുന്നതിന് കണക്കാക്കുക. മത്സരാർത്ഥികൾ അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് /ആധാർ കോപ്പി ഹാജരാക്കേണ്ടതാണ്.

c) വീണ, വയലിൻ, മൃദംഗം ഓട്ടൻതുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നീ ഇനങ്ങളിലുള്ള മത്സരങ്ങളിൽ18 വയസ്സു വരെയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.

d) തിരുവാതിരകളി മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല.

2. a) തിരുവാതിരകളി മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ ടീമിനും 10 അംഗങ്ങളിൽ കൂടുവാൻ പാടുള്ളതല്ല. പിന്നണിയിൽ പാട്ടുമാത്രവും കൈമണിയും ഉപയോഗിക്കാം. പാട്ടുകാർ രണ്ടു പേരിൽ കൂടരുത്.

   b) ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം നാടോടിനൃത്തം, ഓട്ടൻതുള്ളൽ, കഥകളി ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണി വാദ്യസംഘങ്ങളെ സ്വന്തം ചിലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. നൃത്ത ഇനങ്ങളിൽ CD, Pen Drive,Mobile Phone എന്നിവ ഉപയോഗിക്കുന്നവർ കളിക്കുന്ന പാട്ട് മാത്രം റിക്കാർഡ് ചെയ്തു നൽകേണ്ടതാണ്.

   c) ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും വ്യക്തിഗത മത്സരവിഭാഗങ്ങളിൽ ഏതെങ്കിലും ഇനത്തിൽ മത്സരാർത്ഥികളുടെ എണ്ണം 5 ൽ കുറഞ്ഞാൽ ടി ഇനം ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും ഒന്നായിട്ടായിരിക്കും (Combined) നടത്തപ്പെടുക.

   d) ഗ്രൂപ്പായുള്ള മത്സരങ്ങളിൽ 3 ഗ്രൂപ്പിൽ കുറഞ്ഞാൽ ആ ഇനത്തിൽ മത്സരം നടത്തുന്നതല്ല.

   e) അക്ഷരശ്ലോക മത്സരത്തിൽ 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

   10 വയസ്സു മുതൽ 16 വയസ്സു വരെ (ജൂനിയർ വിഭാഗം), 17 വയസ്സു മുതൽ 25 വയസ്സു വരെ (സീനിയർ വിഭാഗം), സൂപ്പർ സീനിയർ പ്രായപരിധി 26 വയസ്സിന് മുകളിൽ

3. 2023 ജൂലൈ1–ാം തിയതി മുതൽ കരയോഗം ഓഫീസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഓരോ ഫോറത്തിനുമുള്ള അപേക്ഷാഫീസ്സ് 30 രൂപയാണ്.എന്നാൽ ഡാൻസ് ഇനങ്ങൾക്ക് (ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം) 100 രൂപയാണ് അപേക്ഷാഫീസ്.

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2023, ജൂലൈ 30-ാം തിയതി വരെ സ്വീകരിക്കുന്നതാണ്
   30-ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും late fee അടക്കം 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 200 രൂപ വീതവും ഈടാക്കുന്നതാണ്. late fee അടക്കം ലഭിക്കുന്ന അപേക്ഷകൾ മത്സരത്തിന് 24 മണിക്കൂർ മുമ്പ് വരെ മാത്രമേ സ്വീകരിക്കുകയുള്ളു.

5. മത്സരങ്ങളെക്കുറിച്ചുള്ള വിശദമായ നിയമങ്ങളും നിബന്ധനകളും നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

6. നൃത്ത മത്സരങ്ങളിൽ നറുക്കിലൂടെ മത്സരസമയം മത്സരത്തിന്റെ തലേ ദിവസം 4 മണിയ്ക്കു നിശ്ചയിക്കുന്നതും തദവസരത്തിൽ രക്ഷകർത്താക്കൾ എത്തിച്ചേരേതും അതനുസരിച്ച് മത്സരാർത്ഥികൾ സമയ ക്ലിപ്തത നിർബന്ധമായും പാലിക്കേതുമാണ്

7. മത്സരങ്ങൾ നോട്ടീസിൽ കാണിച്ചിരിക്കുന്നതു പോലെ കൃത്യസമയത്തു തന്നെ ആരംഭിക്കുന്നതാണ്.

8. നവരാത്രി ആഘോഷമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം വിജയദശമിനാൾ (24 –10 – 2023) വൈകുന്നേരം 5.00 മണിയ്ക്ക് സമാപനസമ്മേളനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

# നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജൂനിയർ വിഭാഗം

| | | |
|---|---|---|
| 1. ലളിതാ സഹസ്രനാമം | - | ശ്രീമാതാ.....................................................ബ്രഹ്മാണ്ഡമണ്ഡല (1 മുതൽ 3 വരെ) |
| 2. വിഷ്ണുസഹസ്രനാമം | - | ഓം വിശ്വം..................................................................ധാതുരുത്തമ: (1 മുതൽ 5 വരെ) |
| 3. ഭഗവദ്ഗീത | - | രണ്ടാം അദ്ധ്യായം - സാംഖ്യയോഗം - അർജ്ജുന ഉവാച - സ്ഥിതപ്രജ്ഞസ്യ .......................................ദൃഷ്ട്വാ നിവർത്തതേ (54 മുതൽ 59 വരെ – 12 വരികൾ) |
| 4. നാരായണീയം | - | പത്താം ദശകം വൈകുണ്ഠ വർദ്ധിത........................സ്മരണം വിശുദ്ധ്യൈ (1-2) |
| 5. ഹരിനാമകീർത്തനം | - | നക്ഷത്രപംക്തികളും..........ഗ്രഹിയ്ക്ക ഹരിനാരായണായനമ: (12 മുതൽ13വരെ) |
| 6. അദ്ധ്യാത്മരാമായണം | - | ബാലകാണ്ഡം 51. ഇഷ്ടദേവതാവന്ദനം - കരുണാഭൂതന്മാരാം..............വന്ദിക്കുന്നേൻ (4 വരികൾ) |
| 7. ജ്ഞാനപ്പാന | - | ഗുരുനാഥൻ തുണചെയ്ക............തണ്ടിലേറ്റിനടത്തുന്നതും ഭവാൻ (12 വരികൾ) |
| 8. കൃഷ്ണഗാഥ | - | കൃഷ്ണോൽപത്തി ഇന്ദിരതന്നുടെ..................തുണയ്ക്കേണമേ (1 മുതൽ 4 വരെ – 8 വരികൾ) |

## ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - വിശ്വാധികാ വേദവേദ്യാ...............തനുമദ്ധ്യാ തമോപഹാ (75 മുതൽ 79 വരെ 10 വരികൾ)
2. വിഷ്ണുസഹസ്രനാമം - രാമോ വിരാമോ............................കൃതലക്ഷണഃ (43 മുതൽ 51 വരെ 18 വരികൾ)
3. ഭഗവദ്ഗീത - പതിനെട്ടാമദ്ധ്യായം - മോക്ഷസന്യാസയോഗം - അർജ്ജുന ഉവാചഃ
   - സന്യാസസ്യ മഹാബാഹോ..................................................ത്യാഗഃ സാത്ത്വികോമതഃ (1 മുതൽ 9 വരെ 18 വരികൾ)
4. നാരായണീയം - പതിനാലാം ദശകം - സമനുസ്മൃത..............................................സമാസ്സിഷേവേ (1 മുതൽ 2 വരെ 8 വരി)
5. ഹരിനാമകീർത്തനം - രവികോടിതുല്ല്യമൊരു..........അയയ്ക്കുന്നതെന്നു ഹരിനാരായണായ നമഃ (58 മുതൽ 61 വരെ16 വരികൾ)
6. അദ്ധ്യാത്മരാമായണം - ലക്ഷ്മണസാന്ത്വനം (1070) വത്സസൗമിത്രേ.................................ധാന്യധനാദിയും
7. ജ്ഞാനപ്പാന - മുന്നമിക്ക വിശ്വമശേഷവും................................കർമ്മങ്ങളൊക്കെയും (16 വരികൾ)
8. കൃഷ്ണഗാഥ - ഉലൂഖലബന്ധനം (പേജ് 86) പാലഞ്ചും പുഞ്ചിരി ..................... ഒട്ടുനാളങ്ങനെ ചെന്നവാറേ (91 - 95 വരെ)

## സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - ശിവപ്രിയ ശിവപരാ....................................... വിഘ്നനാശിനി (89 മുതൽ 94 വരെ)
2. വിഷ്ണുസഹസ്രനാമം - ഭഗവാൻ ഭഗഹാനന്ദി........................................ശോക നാശനഃ (60 മുതൽ 67 വരെ)
3. ഭഗവദ്ഗീത - ദ്വാദശോദ്ധ്യായഃ ഭക്തിയോഗംഃ - അർജ്ജുന ഉവാചഃ - ഏവം സതതയുക്താ .......................... കുരു യതാത്മവാൻ (1മുതൽ 11 വരെ)
4. നാരായണീയം - മുപ്പത്തി എട്ടാം ദശകം - വക്ഷഃസ്ഥലീസുഖ...................... മാനുഷബാലവേഷം (4 മുതൽ 7 വരെ)
5. ഹരിനാമകീർത്തനം - ധന്യോഹമെന്നുമതി.....................................ഒന്നാക്കിടൊല്ലഹരിനാരായണായ നമഃ (50 മുതൽ 54 വരെ)
6. അദ്ധ്യാത്മരാമായണം - സുന്ദരകാണ്ഡം - ലങ്കാദഹനം - പേജ് 348 (1151 മുതൽ 1170 വരെ)
   - പവനജനുമതികൃശശരീരനായീടിനാൻ............................വൃത്താന്തമെല്ലാമറിയിച്ചു കൊള്ളുവാൻ
7. കൃഷ്ണഗാഥ - രുഗ്മിണി സ്വയംവരം - (പേജ് 302 -303)
   ലീലയായ് നിന്നു...........................................ചൊല്ലിനാരെല്ലാവരും (19 വരികൾ)
8. ദേവീമാഹാത്മ്യം - ചതുർത്ഥോദ്ധ്യായഃ ദേവ്യാ യയാ തതമിദം................ഗണാദികേഷു (3 മുതൽ 6 വരെ -16 വരികൾ)
9. ശ്രീമഹാഭാരതം - ശാന്തിപർവ്വം - ജനിച്ച നേരം തന്നെ............................................നരകം വന്നീടാതെ (പേജ് 638 -639) - 20 വരികൾ)

### എറണാകുളം കരയോഗം ഓണം വിപണനമേള - 2023

**ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിപണനമേള ഓഗസ്റ്റ് മാസം 11-ാം തീയതി മുതൽ 29 വരെ വിപുലമായ രീതിയിൽ ടി.ഡി. എം ഹാളിൽ സമാരംഭിക്കുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട വിവിധയിനം പ്രഥമനുകൾ തുടങ്ങിയവ സ്റ്റോളുകളിൽ ലഭിക്കുന്നതാണ്. തിരുവോണദിവസത്തേയ്ക്ക് പ്രഥമനുകൾ 4 പേർക്കുള്ള സദ്യ എന്നിവ മുൻകൂറായി ബുക്ക് ചെയ്യുവാനും വിപണനമേളയിൽ ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.**

# മനുഷ്യവർഗ്ഗത്തെകുറിച്ച് പ്രത്യാശ പകരുന്ന ഒരു ചരിത്രം.

പി. ജയരാമൻ - 9847102015

*തുടർച്ച*

### 3.1 വെറുപ്പിനും അനീതിക്കും, മുൻവിധിക്കും എതിരായ പരിഹാരം

കുറ്റവാളികൾക്കും, ഭീകരവാദികൾക്കും നേരെ നമുക്ക് മറുകവിൾ നീട്ടാൻ കഴിഞ്ഞാൽ, ബദ്ധശത്രുക്കളെ പോലും ഒന്നിച്ചുകൊണ്ടുപോകാനും, വർഗ്ഗീയ മനോഭാവവും വെറുപ്പും തുടച്ചുനീക്കാനും കഴിയും. 27 വർഷങ്ങൾ തടവിൽ കഴിഞ്ഞ നെൽസൺ മണ്ടേല 1990 ഫെബ്രുവരി 9 ന് ഒരു സ്വതന്ത്രമനുഷ്യനായി. 4 വർഷങ്ങൾക്കുശേഷം 1994 ഏപ്രിൽ 26ന്, തെക്കെ ആഫ്രിക്കയിൽ കറുത്തവർഗ്ഗക്കാർ ഉൾപ്പടെ എല്ലാ ജനങ്ങളും പങ്കെടുത്ത ആദ്യത്തെ തിരഞ്ഞെടുപ്പ് നടന്നു. മണ്ടേല രാജ്യത്തെ ആദ്യത്തെ കറുത്ത പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. വർഗ്ഗീയ വിദ്വേഷം നിറഞ്ഞ ഒരു ഭരണകൂടം ജനാധിപത്യസംവിധാനത്തിന് വഴി മാറി കൊടുത്തു. പക്ഷെ, അതെളുപ്പമായിരുന്നില്ല. മണ്ടേല സ്വതന്ത്രനായി, രാജ്യത്ത് ജനാധിപത്യം നിലവിൽ വരുന്നതിനു മുൻപുള്ള 4 വർഷങ്ങൾ രാഷ്ട്രം ഒരു ആഭ്യന്തരയുദ്ധത്തിന്റെ വക്കിലായിരുന്നു. രണ്ട് ഇരട്ട സഹോദരന്മാർ, Constand ഉം Abraham ഉം കലാപം തടയാനും, തിരഞ്ഞെടുപ്പിന് വഴിയൊരുക്കാനും ചെയ്ത ശ്രമങ്ങൾ അധികമാർക്കും അറിയില്ല. അവയെക്കുറിച്ച് ഈ പുസ്തകത്തിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്. മണ്ടേലയും സൈന്യതലവന്മാരുമായും നടത്തിയ നിരവധി ചർച്ചകൾക്ക് ഈ സഹോദരങ്ങൾ മുൻകൈയെടുത്തു. പരസ്പരവിശ്വാസം തീരെയില്ലാത്ത ഒരു സ്ഥിതിയിൽ നിന്ന് അവരെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഈ സഹോദരങ്ങൾ ചെയ്ത സഹായങ്ങൾ തികച്ചും അഭിനന്ദനാർഹവും, മറക്കാനാവാത്തതുമാണ്.

### 3.2 സൈനികർ കിടങ്ങുകൾക്ക് പുറത്ത്

1914 അവസാനത്തോടെ, ആദ്യ ലോകമഹായുദ്ധത്തിന്റെ ഒന്നാം വർഷം തന്നെ ലക്ഷണക്കണക്കിന് സൈനികർ മരിച്ചുകഴിഞ്ഞിരുന്നു. 1914 ക്രിസ്തുമസിന്റെ തലേന്നാൾ ഫ്രാൻസിലെ La Chapella d'Armentiers എന്ന സ്ഥലത്തെ യുദ്ധഭൂമിയിൽ ജർമ്മൻ സൈനികരും, ബ്രിട്ടീഷ് സൈനികരും വെടിനിർത്തി തങ്ങളുടെ കിടങ്ങുകളിൽ നിന്ന് (trenches) പുറത്തുവന്ന് അന്യോന്യം ക്രിസ്തുമസ് സന്ദേശങ്ങൾ കൈമാറാനും, തമാശകൾ പൊട്ടിക്കാനും, പാട്ട് പാടാനും, നൃത്തം ചെയ്യാനും, സമ്മാനങ്ങൾ പങ്കുവയ്ക്കാനും, ഒന്നിച്ച് ഫോട്ടോ എടുക്കാനും മറ്റും ആരംഭിച്ചു. തികച്ചും ആശ്ചര്യജനകമായ ഒരു കാഴ്ചയായിരുന്നു അത്. വളരെകാലം ഇതൊരു കാൽപനിക കഥയായി നിലനിന്നു. ഇത് ഒറ്റപ്പെട്ട ഒരു സംഭവമല്ലത്രെ. സ്പെയിനിലെ ആഭ്യന്തര യുദ്ധകാലത്തും, ബോയർ യുദ്ധകാലത്തിലും, അമേരിക്കയിലെ സ്വാതന്ത്ര്യസമര പോരാട്ടത്തിലുമെല്ലാം ഇതുപോലത്തെ സംഭവങ്ങൾ നടന്നിട്ടുണ്ടെന്ന് പറയപ്പെടുന്നു. സൈനീകർ ഈ വെടിനിർത്തൽ കുറച്ചുകാലത്തേക്ക് തുടർന്നു. പിന്നീട് മുകളിൽ നിന്നുള്ള ആജ്ഞകളനുസരിച്ച് യുദ്ധം തുടരുകയും, രണ്ട് ഭാഗത്തും സൈനികർ മരിക്കാൻ തുടങ്ങുകയും ചെയ്തു. ദയയും, പൊറുക്കാനുള്ള കഴിവും, മറ്റും മനുഷ്യസഹജമായ വികാരങ്ങളാണെന്ന് ഈ സംഭവം ഒരിക്കൽ കൂടി അടിവരയിട്ട് സൂചിപ്പിക്കുന്നു.

### ജീവിതത്തിൽ പകർത്തേണ്ട 10 നിയമങ്ങൾ

സ്വയം അറിയാൻ ശ്രമിക്കുക. വളരെ കാലങ്ങളായി നമ്മൾ സ്വായത്തമാക്കിയിരിക്കുന്നത് മനുഷ്യർ സ്വാർത്ഥരാണെന്നും, മൃഗപ്രായരാ (beast) ണെന്നുമാണ്. ഇപ്പോൾ നമ്മുക്കറിയാം, മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള

ആ വീക്ഷണം തീർത്തും യാഥാർത്ഥ്യമല്ലെന്ന്. നാം, മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള വീക്ഷണം മാറ്റിയാൽ നമ്മെ കാത്തിരിക്കുന്ന ഒരു പുതിയ ലോകത്തെ പരിചയപ്പെടുത്താൻ ഗ്രന്ഥകർത്താവ് തന്റെ കൃതിയുടെ രണ്ടാം ഭാഗത്തിൽ മുതിരുന്നുണ്ട്. ജനങ്ങൾ മാന്യരും, അനുകമ്പയുള്ളവരുമാണെന്ന് നാം വിശ്വസിച്ചാൽ എല്ലാം മാറും. നമ്മുടെ ജീവിതം എങ്ങനെ ജീവിക്കണമെന്നും, നമ്മുടെ ജയിലുകളും സ്കൂളുകളും, ബിസിനസ്സുകളും, ജനാധിപത്യ സംവിധാനങ്ങളും എങ്ങിനെ പുഃനസംഘടിപ്പിക്കണെമെന്നും നമുക്ക് ചിന്തിക്കാം. കൂടുതൽ മെച്ചപ്പെട്ട ഒരു ലോകം എന്നിൽ നിന്നല്ല, നമ്മളെല്ലാവരിൽ നിന്നുമാണ് ആരംഭിക്കേണ്ടത്. നമ്മുടെ പ്രധാന കർത്തവ്യം വ്യത്യസ്ത സ്ഥാപനങ്ങൾ നിർമ്മിക്കലാണ്. മനുഷ്യപ്രകൃതിയെ പറ്റി യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു വീക്ഷണത്തിന് മറ്റുള്ളവരുമായുള്ള നമ്മുടെ സംവേദനരീതി തന്നെ മാറ്റി മറിക്കാൻ കഴിവുണ്ട്. ജീവിതത്തിൻ നമ്മുക്ക് പകർത്താൻ സാധിക്കുന്ന ചില നിയമങ്ങൾ ഗ്രന്ഥകർത്താവ് തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പുസ്തകത്തിന്റെ അവസാനം ചർച്ച ചെയ്യുന്നുണ്ട്.

1. സംശയമുണ്ടെങ്കിൽ നല്ലത്, ചീത്തയല്ല സ്വീകരിക്കുക.
2. രണ്ടു കൂട്ടർക്കും ജയിക്കാൻ (win-win situation) ഒരു പശ്ചാത്തലത്തെക്കുറിച്ച് ചിന്തിക്കുക.
3. എപ്പോഴും കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കുക.
4. സഹാനുഭൂതി(compassion) പരിശീലിക്കുക.
5. നമുക്ക് ഇഷ്ടപ്പെടാത്ത ആശയങ്ങൾ ഉൾക്കൊള്ളുന്നവരെ മനസ്സിലാക്കാൻ ശ്രമിക്കുക.
6. നമുക്ക് പ്രിയപ്പെട്ടവരെ നാം കൂടുതൽ സ്നേഹിച്ചേക്കും. പക്ഷെ, അപരിചിതർക്കും അവർ സ്നേഹിക്കുന്ന കുടുംബവും മറ്റുമുണ്ടെന്ന് മനസ്സിലാക്കുക; അവർ നമ്മെ പോലെതന്നെ മനുഷ്യരാണെന്നും.
7. കിംവദന്തികൾ ഒഴിവാക്കുക.
8. നാസികളെ കുത്തിവൃണപ്പെടുത്താതിരിക്കുക. ദോഷം മാത്രം കാണുന്നത് അലസതക്കുള്ള പര്യായമാണ്; ഉത്തരവാദിത്വമെടുക്കാതിരിക്കാനുള്ള ഒഴിവുകഴിവ് (excuse) മാത്രം.
9. നന്മ ചെയ്യാൻ മടിക്കേണ്ടതില്ല. അനുകമ്പ പടർന്നുപിടിയ്ക്കുന്നതാണ്. (contagious)
10. യഥാർത്ഥ ബോധവും, ധൈര്യവും സ്വായത്തമാക്കുക.

പുസതകം പൂർണ്ണമായി വായിക്കാൻ കഴിഞ്ഞാൽ ഇതിൽ ചർച്ചചെയ്ത വിഷയങ്ങളെക്കുറിച്ചെല്ലാം കൂടുതൽ മനസ്സിലാക്കാം.

ഈ ലേഖനം അവസാനിപ്പിക്കുന്നതിന് മുൻപ്, ആദ്യം പറയാൻ വിട്ടുപോയ, ഗ്രന്ഥകർത്താവിനെക്കുറിച്ച് രണ്ട് വാക്ക്, Rutger Bregman പ്രസിദ്ധ ഡച്ച് ചരിത്രകാരനും എഴുത്തുകാരനുമാണ്. അദ്ദേഹത്തിന്റെ "Utopia for Realists" ലോകം മുഴുവൻ വിറ്റഴിഞ്ഞ ഒരു പ്രശസ്ത കൃതിയാണ്. ഡച്ച് ഭാഷയിൽ ഗ്രന്ഥകർത്താവ് എഴുതിയ, ഇവിടെ അവലോകനം നടത്തിയ പുസ്തകം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്തതാണ്. Bregman കുടുംബസമേതം പോളണ്ടിൽ വസിക്കുന്നു.

*****

## എറണാകുളം കരയോഗത്തിൽ
## അഖണ്ഡ രാമായണ പാരായണം

**ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ**

**2023 ജൂലൈ മാസം 17- ാം തീയതി തിങ്കളാഴ്ച**

**രാവിലെ 6.30 മുതൽ ടി.ഡി.എം. ഹാളിൽ**

# കർമ്മവും ജ്യോതിശ്ശാസ്ത്രവും

ഡോ. കെ. ഹരിഹരൻ - 9847313322

*തുടർച്ച*

ഒരു ജീവാത്മാവിന്റെ പ്രാരബ്ധകർമ്മമനുസരിച്ച് പുതിയ ദേഹത്തിൽ ഏതെല്ലാം ഘടകങ്ങൾക്ക് ബലം കൂട്ടിയും ഏതെല്ലാറ്റിനും ബലം കുറച്ചും കർമ്മദേവൻ അതിനെ സൃഷ്ടിച്ചിരിക്കുന്നു എന്ന് ജനനസമയത്തെ ഗ്രഹനില നോക്കി ഗണിച്ചെടുക്കാമെന്നാണ് ജ്യോതിഷികൾ പറയുന്നത്. ഉദാഹരണമായി, മനസ്സിന്റെ അധിഷ്ടാനഗ്രഹമായ ചന്ദ്രന്റെ സ്ഥിതിയും ബലവും പരിഗണിച്ച് ലഗ്നത്തിന്റെ (ശിശുവിന്റെ) മനോബലവും, ബുദ്ധിയുടെ അധിഷ്ടാനദേവതയായബുധന്റെസ്ഥിതിനോക്കി ബുദ്ധിശക്തിയും നിർണ്ണയിക്കാം. പ്രാരബ്ധകർമ്മം ഇന്ന വിധമായിരിക്കുമെന്ന്ജനനസമയത്തെ ഗ്രഹസ്ഥിതി ചൂണ്ടിക്കാണിക്കുന്നു എന്നാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്.

ജനനസമയത്തെ ഗ്രഹനില ആ ജീവിതത്തിലെ അനുഭവങ്ങളുടെ ഒരു സംക്ഷിപ്തത ചിത്രമാണെങ്കിൽ ഒരേ സമയത്തു ജനിക്കുന്ന രണ്ടു വ്യക്തികളുടെ അനുഭവങ്ങൾ ഒരേ വിധമായിരിക്കേണ്ടതല്ലേ എന്ന ഒരു സംശയം ഉടലെടുക്കാൻ സാദ്ധ്യതയുണ്ട്. ഒരേ നിമിഷത്തിൽ പല ജനനവും നടക്കുന്നുണ്ടെങ്കിലും അങ്ങനെ ജനിച്ചവരുടെ അനുഭവങ്ങൾക്ക് ഐക്യരൂപ്യം ഒരിടത്തും ഉണ്ടായിട്ടുള്ളതായി അറിവില്ല. അതുപോലെ ഗ്രഹസ്ഥിതി ഒരു പോലെ ഇരുന്നാലും അനുഭവങ്ങൾ ഒരുപോലെ ആയിരിക്കില്ല. ഇതിന് കാരണങ്ങൾ ഉണ്ട്. പ്രാരബ്ധകർമ്മങ്ങൾ തിരഞ്ഞെടുക്കുന്നത് പല സംഗതികൾ പരിഗണിച്ചിട്ടാണ്. അതിൽ പ്രധാനമായത്, ജീവാത്മാവിന്റെ പൂർവ്വജന്മസംസ്കാരത്തെ പരിഗണിച്ച് ഈ ജന്മത്തിൽ ഏത് തരത്തിലുള്ള ചുറ്റുപാടുകളാണ് സഹായിക്കുക എന്നുള്ളതാണ്. അനേക ജന്മങ്ങളിലെ അനുഭവങ്ങളാകുന്ന പശ്ചാത്തലത്തോടുകൂടിയ ഒരാത്മാവും അത്രയും വികാസം സിദ്ധിച്ചിട്ടില്ലാത്ത് ഒരാത്മാവും തമ്മിൽ ആ വിഷയത്തിൽ വളരെ വ്യത്യാസമുണ്ടാകുമെന്ന് ധരിക്കാം. എന്നാൽ ഒരു പുതിയ ജന്മത്തിൽ അവർക്ക് ജീവവികാസത്തിനുള്ള ആനുകൂല്യങ്ങൾ പ്രതികൂല്യങ്ങൾ ഒരു പോലെയാക്കുന്നത്നന്നെന്ന് ദേവന്മാർ കണ്ടിട്ടുണ്ടെങ്കിൽ, അതിനെ അനുസരിച്ചുള്ള ഭൗതികപരിസരങ്ങൾ തമ്മിൽ ചില സാമ്യങ്ങൾ ഉണ്ടാകും. എന്നാൽ പരിസരങ്ങൾ, ജന്മം എടുക്കുന്ന വ്യക്തിയെ എങ്ങനെ സ്പർശിക്കുന്നു എന്നുള്ളതാണ് ഇതിൽ പ്രധാനമായ കാര്യം. ജീവാത്മാവിന്റെ പൂർവ്വസംസ്കാരം അനുസരിച്ചിരിക്കും, ഒരുവന് പരിസരങ്ങളിൽ നിന്നുണ്ടാകുന്ന സുഖവും അസുഖവും ലോകാനുഭവങ്ങളിൽ നിന്നും അവൻ പഠിക്കുന്ന പാഠങ്ങളും അതുപോലെ തന്നെയാണ്. ഒരു ഉദാഹരണത്തിലൂടെ ഇത് ഒന്നുകൂടി വ്യക്തമാക്കാം. ഒരു കച്ചവടക്കാരൻ, കച്ചവടത്തിൽ പരിചയമുള്ള തന്റെ മൂത്ത പുത്രനേയും, പരിചയമില്ലാത്ത ഇളയ പുത്രനേയും ഒരു പുതിയ കച്ചവടത്തിൽ ഏർപ്പെടുത്തുന്നു. അതിന് അവർക്ക് വേണ്ട മുതലും കച്ചവടസ്ഥലവും ചരക്കുകളും തുല്യമായി കൊടുക്കുന്നു. എന്നാലും ആ പുതിയ സംരംഭത്തിൽ രണ്ടു പേരുടേയും മനസ്സന്തുഷ്ടി ഒരു പോലെ ആയിരിക്കില്ല. ബാഹ്യസൗകര്യങ്ങൾ ഒരു പോലെയാണ്, എന്നാൽ അവയെ രണ്ടുപേരും സ്വീകരിച്ചുപയോഗിക്കുന്നതിൽ വ്യത്യാസമുണ്ടായിരിക്കുമെന്നർത്ഥം. പൊതുവായ ചില ഗുണദോഷങ്ങൾ അവരെ ഒരു പോലെയാണ് ബാധിക്കുക. ചരക്കുകളുടെ വില നിലവാരം, ഗവൺമെന്റ് നിയമങ്ങൾ, കാലാവസ്ഥ, വില്പന സൗകര്യം എന്നിവ രണ്ടാളെയും ഒരു പോലെ സ്പർശിക്കും എങ്കിലും അവസരങ്ങളെ ഉപയോഗിക്കുന്ന വിഷയത്തിലും, പരി

സരങ്ങളോടുള്ള മനോഭാവത്തിലും അവർ തമ്മിൽ വ്യത്യാസമുണ്ടായിരിക്കും. ഏതാണ്ട് ഇതേ രീതിയിലായിരിക്കും പൂർവ്വസംസ്കാരത്തിൽ വ്യത്യാസമുണ്ടെങ്കിലും ഈ ജന്മത്തിൽ ഒരേ സമയത്തു ജനിക്കുന്നവരുടെ അനുഭവങ്ങളിലുണ്ടാകുന്ന വ്യത്യാസം. പുതിയ ജന്മത്തിൽ ഒരേ സമയത്തു ജനിച്ച് രണ്ടു വ്യക്തികളുടെ കുടുംബസ്ഥിതിയും ചുറ്റുപാടുകളും വ്യത്യാസപ്പെടാതെ തരമില്ല. ഇങ്ങനെയുള്ള വ്യത്യസങ്ങൾ ഒഴിച്ചാൽ, ഒരേ സമയത്തു ജനിച്ച രണ്ടാത്മാക്കളുടെ സാമാന്യ അനുഭവങ്ങൾക്ക് സാമ്യം ഉണ്ടാകും എന്ന് തന്നെയാണ് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടിട്ടുള്ളത്.

**ജ്യോതിഷംകൊണ്ടുള്ള ഫലപ്രാപ്തി**

കർമ്മാനുഭവങ്ങളെ നിയന്ത്രിച്ച് ജന്മം സഫലമാക്കുന്ന കാര്യത്തിൽ ജ്യോതിശ്ശാസ്ത്രം എത്രത്തോളം ഉപകാരപ്രദമാകുമെന്ന് ഇനി ഒന്നു പരിശോധിക്കാം. മാറ്റുവാൻ പാടില്ലാത്തതായ ഭാവി അനുഭവങ്ങളെക്കുറിച്ച് ഒരു മുന്നറിയിപ്പുമാത്രമാണ് ജ്യോതിശ്ശാസ്ത്രം തരുന്നതെങ്കിൽ അതിൽ നിന്നും നമുക്ക് ഗുണത്തിലധികം ദോഷമാണ് ഉണ്ടാകുവാൻ ഇടയുള്ളത്. അപ്പോൾ പുരുഷപ്രയത്നം കൊണ്ട് മനുഷ്യർ അലസരാകും. വരാൻ പോകുന്ന ദോഷത്തെപ്പറ്റി ഭയവും ബുദ്ധിക്ഷയവും ഉണ്ടാകുകയും ചെയ്യും. എന്നാൽ വാസ്തവത്തിൽ ജ്യോതിഷത്തിന്റെ ഉദ്ദേശം അതല്ല. പുരുഷപ്രയത്നംകൊണ്ടും ദേവാനുകൂല്യംകൊണ്ടും നമ്മുടെ ഭാവിയെ നിയന്ത്രണം ചെയ്യാമെന്നുതന്നെയാണ് ജ്യോതിശ്ശാസ്ത്ര നിർദ്ദേശം അതിനുള്ള മാർഗ്ഗങ്ങളും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരു കുട്ടിയുടെ ശരീരം പരിശോധിച്ച് ഒരു വൈദ്യൻ ആ കുട്ടിയുടെ ശരീരത്തിൽ കാൽസിയം കുറവാണെന്നും രക്തത്തിൽ ശോണകണികകൾ പോരെന്നും, ആ കുറവുകൾ നികത്താൻ ഇന്നിന്ന മരുന്നുകൾ കഴിക്കണമെന്നും പറയുന്നു. ശ്വാസകോശത്തിന്റെ ദൗർലബ്ബല്യത്തിന് സ്ഥലം മാറിതാമസിക്കണമെന്നും ഉപദേശിക്കുന്നു. വൈദ്യശ്ശാസ്ത്രം ദേഹത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി നമുക്ക് അറിവു തരുന്നതുപോലെ ജ്യോതിശ്ശാസ്ത്രം നമ്മുടെ ഈ ജീവിതത്തിലെ കായികവും മാനസികവും ആത്മീയവുമായ സ്ഥിതിയെപ്പറ്റി അറിവു തരികയും അവ സംബന്ധിച്ചുള്ള ന്യൂനതകളെ പരിഹരിക്കുവാനുള്ള വഴികളെ ഉപദേശിക്കുകയും ചെയ്യുന്നു. നാം പൂർവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള ചില കർമ്മങ്ങൾ അനുഭവത്തിൽ വരുവാൻ പോകുന്നു എന്നാണ് പ്രാരബ്ധം എന്നു പറയുന്നതിന്റെ താല്പര്യം. അത് അനുഭവിക്കുന്നത് എല്ലാവരിലും ഒരേ തരത്തിൽ ആകണമെന്നില്ല. ഓരോരുത്തരുടേയും (ഈ ജന്മത്തിലെ) അനുഭവം അവൻ കർമ്മത്തെ നേരിടുന്ന രീതിയെ അനുസരിച്ചായിരിക്കും. വരുന്നതു പോലെ വരട്ടെ എന്ന് പറഞ്ഞ് അലസനായിരിയിക്കുന്നവൻ പൂർവ്വകർമ്മഫലം പൂർണ്ണമായി അനുഭവിക്കുക തന്നെ ചെയ്യും. പൂർവ്വകർമ്മത്തിലുള്ള ദോഷവാസനയ്ക്ക് കീഴടങ്ങി അതിൽ ലാലസനായിരിക്കാനാണ് ഭാവമെങ്കിൽ അതുകൊണ്ട് ഉയർച്ചയ്ക്കു പകരം അധപതനം തന്നെ വന്നുചേരും. നേരേമറിച്ച് സദ്വാസനകളെ വികസിപ്പിക്കുവാനുള്ള ഉദ്യമം ഉയർച്ചയ്ക്കും ദുഷ്കർമ്മഫലങ്ങളിൽ നിന്നു മോചനത്തിനും വഴിയുണ്ടാക്കും. ഉൽക്കർഷത്തിനു വേണ്ടി പാപങ്ങളോട് മല്ലിട്ട്, പുണ്യങ്ങളെ വർദ്ധിപ്പിച്ച് ആത്മവികാസം സാധിക്കുന്നത് എങ്ങിനെയാണെന്നുള്ളതിന് ജ്യോതിശ്ശാസ്ത്രത്തിൽ ധാരാളം മാർഗ്ഗനിർദ്ദേശങ്ങളുണ്ട്.

നാം ഈ ജന്മത്തിൽ അനുഭവിക്കുന്ന സുഖദുഖങ്ങൾക്ക് കാരണം പൂർവ്വജന്മങ്ങളിലെ സൽക്കർമ്മദുഷ്കർമ്മങ്ങളാണെന്ന് പറഞ്ഞുവല്ലോ. ഒഴിവാക്കാൻ വയ്യാത്ത ആ കർമ്മഫലങ്ങളെ എങ്ങിനെ നേരിടണം എന്നുള്ളത് ഏതു മനുഷ്യന്റേയും ഒരു പ്രധാന ജീവിതപ്രശ്നമാണ്. ഈ വിഷയത്തിൽ, നമ്മുടെ ജന്മോദ്ദേശം എന്താണെന്ന് ഓർമ്മ വെയ്ക്കേണ്ടതുണ്ട്. ആജന്മോദ്ദേശം സാധിക്കേണ്ടതിന് ഉപയുക്തമായിരിക്കണമല്ലോ നമ്മുടെ ജീവിതത്തിലെ ഏതു പ്രയത്നവും.

*(തുടരും)*

# ചതികൾ – വിരലറ്റത്ത്

യു.എസ്. രവീന്ദ്രൻ – 9496120978

**നി**ങ്ങളുടെ കേബിൾ ടി.വി. കണക്ഷൻ വരിസംഖ്യ അടച്ചതായി കാണുന്നില്ല. അതുകൊണ്ട് കേബിൾ ടി.വി. കണക്ഷൻ തുടരണമെങ്കിൽ താഴെ കാണുന്ന ലിങ്കിൽ അമർത്തി അപ്ഡേറ്റ് ചെയ്യുക.

നിങ്ങളുടെ എടിഎം കാർഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. തുടർന്ന് എടിഎം കാർഡ് ഉപയോഗിക്കണമെങ്കിൽ കാർഡ് നമ്പർ തരിക, ഈ ലിങ്കിൽ അമർത്തി ബാങ്കുമായി ബന്ധപ്പെടുക.

നിങ്ങളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചിട്ടില്ല. ഇന്ന് അടച്ചില്ലെങ്കിൽ നാളെ കണക്ഷൻ വിച്ഛേദിക്കുന്നതാണ്. ഇലക്ട്രിസിറ്റിചാർജ്ജ് അടക്കുവാനായി ഈ നമ്പറിൽ ഇലക്ട്രിസിറ്റിബോർഡുമായി ബന്ധപ്പെടുക.

നിങ്ങൾ മൊബൈൽഫോൺ ഉപയോഗിക്കുന്നവരാണെങ്കിൽ മുകളിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു സന്ദേശം എപ്പോഴെങ്കിലും വന്നുകാണും. ഇത് ആരെങ്കിലും അനുസരിച്ചിട്ടുണ്ടെങ്കിൽ അവർക്ക് നല്ലൊരു തുക നഷ്ടപ്പെട്ടിട്ടുമുണ്ടാകും.

കമ്പ്യൂട്ടറിന്റേയും മൊബൈൽഫോണിന്റേയും ഉപയോഗം സാധാരണയായ ഇക്കാലത്ത് സൈബർ കുറ്റവാളികൾ അഴിഞ്ഞാടുകയാണ്. ഒരു വ്യക്തിയുടെ വ്യക്തിഗത രഹസ്യങ്ങൾ, ബാങ്ക് അക്കൗണ്ട് നമ്പർ, ക്രെഡിറ്റ് ഡെബിറ്റ് കാർഡ് നമ്പറുകൾ എന്നിവ ഉപയോഗിച്ച് അയാളുടെ കമ്പ്യൂട്ടർ ഡാറ്റാസിസ്റ്റത്തിൽ പ്രവേശിക്കുവാനും, പ്രവർത്തനരഹിതമാക്കാനോ നിയന്ത്രിക്കാനോ സൈബർ കുറ്റവാളികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സൈബർ കുറ്റവാളികൾ ചൈന, റഷ്യ, നൈജീരിയ എന്നീ രാജ്യങ്ങൾ കേന്ദ്രമാക്കിക്കൊണ്ട് ലോകത്താകമാനമുള്ള കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്നവരെ ചതിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവരെ കണ്ടെത്തലും ശിക്ഷിക്കലും തികച്ചും ശ്രമകരമാണ്, അമേരിക്കയിലെ സൈബർ സുരക്ഷാ വിദഗ്ധർ പറയുന്നത് അമേരിക്കയാണ് ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമായിട്ടുള്ളതെന്നാണ്. 2021ൽ 30000 കോടി ഡോളറോളം അമേരിക്കയിൽ നിന്നും തട്ടിയെടുത്തിട്ടുണ്ടെന്നാണ് കണക്ക്. ഇന്റർനെറ്റ് കംബ്ലയിന്റ് സെന്ററിന്റെ കണക്കുപ്രകാരം ഇത് മുൻവർഷത്തെക്കാൾ 62 ശതമാനം കൂടുതലാണത്രേ. എന്നാൽ ഇത് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുള്ള കണക്കുമാത്രം. പുറത്തറിയിക്കാതെ, നടപടിയെടുക്കാൻ വിമുഖരായ സീനിയർ പൗരന്മാർക്ക് നഷ്ടമായതിന് കണക്കുകൾ ഒന്നും ഇല്ല.

കനേഡിയൻ ആന്റിഫ്രോഡ്സെന്ററിൻെറ റിപ്പോർട്ട് പ്രകാരം 2021ൽ കാനഡയിൽ വ്യത്യസ്തപ്രായഗ്രൂപ്പികളിൽപ്പെട്ട എല്ലാവരിൽ നിന്നുമായി 38 കോടിയോളം കനേഡിയൻ ഡോളർ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ ചതികളിലൂടെ നഷ്ടമായിട്ടുണ്ടത്രേ. യു.കെ.യിൽ സാമ്പത്തിക, വ്യവസായ ബാങ്കിങ്ങ് മേഖലകളിൽ നിന്നും 1300കോടി പൗണ്ടോളം ഡിജിറ്റൽ ചതികളിലൂടെ നഷ്ടമായിട്ടുണ്ടെന്നാണ് കണക്ക്. സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് പണം വരും എന്ന് വിശ്വസിപ്പിച്ച് പറ്റിച്ച ഇനത്തിലാണ് ഇതിൽ 40 ശതമാനത്തോളം വഞ്ചനകൾ നടത്തിയിട്ടുള്ളത്.

ഇന്ത്യയിലും സൈബർ കുറ്റകൃത്യങ്ങൾ കൂടിവരികയാണ്. 2014 ൽ 9600 സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2022 ആയപ്പോഴേക്കും അത് 16 ലക്ഷം കടന്നു. ഇൻഡ്യൻ പാർലിമെന്റിൽ കേന്ദ്രമന്ത്രി വെളിപ്പെടുത്തിയതാണീ വിവരം. ഒരു ദിവസം 3500 ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ ഇന്ത്യയിൽ നടക്കുന്നുണ്ടെന്ന് സൈബർ സെക്യൂരിറ്റി കോ-ഓർഡിനേറ്റർ ഡോ. രാജേഷ്പന്ത് വെളിപ്പെടുത്തിയിട്ടുണ്ട്.

അമേരിക്കയിലെ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ കണക്കുപ്രകാരം ഡിജിറ്റൽ കുറ്റകൃത്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം അമേരിക്ക, യു.കെ., കാനഡ എന്നിവക്കു പിന്നിൽ 4-ാമത്തേതായി എത്തിനിൽക്കുന്നു.

ഇന്ത്യക്കാരുടെ നിത്യജീവിതത്തിന്റെ ഭാഗമായി വരുന്നന കാര്യങ്ങളിൽ ഓൺലൈൻ ബില്ലുകൾ അടക്കൽ, ഭക്ഷണം ഓർഡർ ചെയ്യൽ, ആശുപത്രികളിലേക്ക് ഡോക്ടറുടെ കൺസൽട്ടേഷനു അനുവാദം ചോദിക്കൽ, അപരിചിതനിൽ നിന്നും വീഡിയോ കോൾ വരുന്നത് തുടങ്ങി ഏതു മേഖലകളിലും സൈബർ ചതികൾ ഒളിഞ്ഞു കിടപ്പുണ്ട്.

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ വേണ്ടത്ര പരിജ്ഞാനമില്ലാതെ അത് എല്ലാ കാര്യങ്ങളിലും ഉപയോഗിക്കാൻ തിടുക്കം കൂട്ടുന്നതുകൊണ്ടാണ് ഇങ്ങനെയുള്ളള ചതിക്കുഴികളിൽ ചെന്നുപെടുന്നത്. കഴിഞ്ഞ കൊല്ലങ്ങളിൽ ഇന്ത്യയിൽ അസാമാന്യമായ ഡിജിറ്റൽ വളർച്ചയുണ്ടായിട്ടുണ്ട്. എന്നാൽ കുറച്ചു ജനങ്ങൾക്കു മാത്രമേ അത് വേണ്ട വിധം ഉപയോഗിക്കുവാൻ അറിയുകയുള്ളൂ. ബോംബേയിലെ ഡിജിറ്ററൽ ക്രൈം ഇൻവെസ്റ്റഗേറ്ററായ ശ്രീ രമേഷ് ഭാട്ട്യയുടെ അഭിപ്രായമാണിത്.

കാര്യങ്ങൾ ഇനിയും മോശമായികൊണ്ടിരിക്കുകയാണ്. 2025 ആകുമ്പോഴേക്ക് സൈബർ കുറ്റകൃത്യങ്ങൾ മൂലം 105000 കോടി ഡോളർവരെ വിവിധ തരങ്ങളിലുള്ള ഡിജിറ്റൽ ചതികളിലായി ജനങ്ങൾക്ക് നഷ്ടമായേക്കാം. 2015 ൽ 3000 കോടി ഡോളറായിരുന്നു. അമേരിക്കയിലെ സൈബർ കുറ്റകൃത്യങ്ങളുടെ ഇൻവെസ്റ്റിഗേറ്ററുടെ അഭിപ്രായമാണിത്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക വ്യവസ്ഥയുള്ള അമേരിക്കയും, ചൈനയും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്തെത്തി നി ൽക്കുന്നത് സൈബർ കുറ്റകൃത്യപ്രസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയാണ്. ഇത് ജപ്പാൻ, ജർമ്മനി, യു.കെ, ഇന്ത്യ, ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങളുടെ, സാമ്പത്തിക വ്യവസ്ഥയെക്കാൾ മൂന്നിലാണ്.

ഇതിന്റെ ഒന്നാമത്തെ കാരണം കൊറോണയ്ക്കുശേം നല്ല ശതമാനം കമ്പ്യൂട്ടർ വിദഗ്ദന്മാരും വർക്ക് അറ്റ് ഹോം എന്ന സമ്പ്രദായം സ്വീകരിച്ചതുകൊണ്ടാണത്രെ. ഓഫീസിലെ സെറ്റപ്പിലുള്ള സൈബർ സുരക്ഷാക്രമീകരണങ്ങൾ വീടുകളിൽ ഉണ്ടാവുകയില്ലാല്ലോ. തന്മൂലം കമ്പ്യൂട്ടർവൈറസുകൾ കയറിവരാനുള്ള സാധ്യത കൂടുതലാണ്.

ഓൺലൈൻ അക്കൗണ്ട് തുറക്കാനും, ബാങ്കിങ്ങ് നടത്താനും, സാധങ്ങൾ വാങ്ങാനും, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്ട്സാപ്പ് തുടങ്ങിയ സാമൂഹിക ആപ്ലിക്കേഷനുകൾക്കുവേണ്ടിയും കമ്പ്യൂട്ടർ സിസ്റ്റം ഉപയോഗിക്കുന്നുണ്ടല്ലോ. ഏതു വഴി വേണമെങ്കിലും വൈറസുകൾക്ക് കയറി സ്വന്തം സിസ്റ്റത്തിലൽ പ്രവേശിക്കാം. സാധാരണ കയറി വരാറുള്ള ചില ഡിജിറ്ററൽ കുരുക്കുകൾ ഇവയാണ്.

ഉത്തരവാദിത്വപ്പെട്ട ഒരു കമ്പനിയോ ഗവൺമെന്റ് സ്ഥാപനങ്ങളോ നിങ്ങളുടെ വ്യക്തിപരമായ രേഖകൾ ഒരു ഫോമിൽ പൂരിപ്പിച്ച് ഇമെയിൽ ചെയ്യാൻ ആവശ്യപ്പെടാറില്ല. ആധികാരികത തോന്നുന്ന ഈ ആവശ്യപ്പെടൽ ഫിഷിംഗ് എന്നുപറയും - വേറെ ഒരു വൈറസിലേക്ക് കൊണ്ടുപോവുകയും ബാങ്ക് അക്കൗണ്ട് ചോർത്തിയെടുക്കുകയും ചെയ്യും. ചിലപ്പോൾ ഇതെല്ലാം ആവശ്യപ്പെടുകൊണ്ടുള്ള സന്ദേശങ്ങൾ എസ്.എം.എസിലൂടെ ആയിരിക്കും വരിക - ഇതിനെ സ്മിഷിംഗ് എന്നുപറയുന്നു. ഇത്തരത്തിലുള്ള ഇമെയിലുകൾ പ്രത്യക്ഷപ്പെടുക ബാങ്കിന്റേയോ ക്രെഡിറ്റ് കാർഡിന്റെയോ ലോഗോയ്ക്ക് സമാനമായ പടത്തോടുകൂടിയായിരിക്കും. 'ആരോ നിങ്ങളുടെ അക്കൗണ്ട് തുറക്കാൻ ശ്രമിക്കുന്നു. വേഗം പാസ്‌വേഡ് മാറുക' എന്ന സന്ദേശവും ലഭിച്ചേക്കാം. അതെല്ലാം അനുസരിച്ചാൽ സ്വന്തം അക്കൗണ്ടിലെ പണം നഷ്ടപ്പെട്ടേക്കാം. സ്വന്തം അക്കൗണ്ടിലെ പാസ്‌വേർഡ് മാറ്റിയതുമൂലം ബ്ലോക്ക് ആയേക്കാം.

*തുടരും*

****

# തമസോ മാ ജ്യോതിർഗമയ

പത്മജ മേനോൻ – 8289887472

*(തുടർച്ച)*

**ഉ**ദ്ദേശിച്ച സ്ഥലത്ത് എത്തിയ സന്യാസി വര്യൻ തന്റെ പ്രവചനങ്ങളെ ശ്രവിക്കാൻ എത്തിയ നാനാജാതി മതസ്ഥരായ ജനങ്ങളെയും കൂപ്പുകൈകളോടെ അഭിവാദ്യം ചെയ്തു. കർമ്മങ്ങൾ നിത്യജീവിതത്തിന്റെ തപസ്സാണ് കാലാതിവർത്തിയായ ധർമ്മശാസ്ത്രങ്ങൾ സംരക്ഷിക്കപ്പെടണം അനുഭവിച്ച ആനന്ദത്തിന്റെ ബ്രഹുസ്ഫുരണമാണ് കർമ്മം, പരമപ്രധാനമായ സ്നേഹം മറ്റുള്ളവർക്ക് നൽകുന്ന ഹൃദയവിശാലത കർമ്മത്തിലൂടെ നേടാൻ കഴിയും. ഭൗതിക – ലൗകീക ജീവിതത്തിൽ ധർമ്മശാസ്ത്രപഠനത്തിലൂടെ കാമനകളെയും ആസക്തികളെയും ഭ്രമങ്ങളെ യും മാറ്റാൻ കഴിയും. ഭൂമിയെ പോലെ സഹനവും ക്ഷമയും ഉള്ളവനാവാൻ കഴിയണം. നി ഷ്കർമ്മനായി ഒന്നിനോടും പ്രതിപത്തിയില്ലാത്ത സൂര്യനാവാൻ പഠിക്കണം. അൽഭുതത്തിന്റെ കൊട്ടാരം ഉണ്ടെങ്കിലും അത് പുറത്ത് കാണിക്കാത്ത കടൽ പോലെയായിരിക്കണം നമ്മുടെ വ്യക്തിത്വം. കർമ്മഫലമാണ് മഹാത്മാക്കളെയും പാപികളേയും സൃഷ്ടിക്കുന്നത്. സ്വർഗ്ഗവും നരകവും എന്നുള്ളത് നമ്മുടെയെല്ലാം മാനസികാവസ്ഥ മാത്രമാണ്. ഇന്ദ്രീയങ്ങളുടെ ആഗ്രഹസാഫല്യത്താൽ സുഖം തോന്നുമെങ്കിലും മനഃസുഖമില്ലങ്കിൽ ഇന്ദ്രിയസുഖങ്ങൾക്ക് ആനന്ദിക്കാൻ കഴിയില്ല. ഭീരുത്വമാണ് ജീവിതത്തിന്റെ സുതാര്യത നഷ്ടപ്പെടുത്തുന്നത്. ശരി എന്ന് തോന്നുന്നത് മാത്രം ചെയ്യുക. ശക്തിയുള്ള മനസ്സിനു മാത്രമേ ദുഃഖങ്ങളെ തരണം ചെയ്യാൻ കഴിയൂ. നിരന്തരമായ പ്രയത്നം കൊണ്ട് സമുൽകൃഷ്ടമായ സംസ്ക്കാരം വാർത്തെടുക്കാൻ കഴിയും. തദ്സത് – ചിൻമുദ്രയോടെ സന്യാസിവര്യൻ ധ്യാനാനി മഗ്നനായി.

അടുത്ത ദിവസം മാനസീകപ്രശ്നങ്ങളെ വിശകലനം ചെയ്യുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന പരിപാടിയായിരുന്നു. അടുത്തുള്ള അനാഥാലയത്തിൽ വച്ചായിരുന്നു ആ പരിപാടി നടത്തുന്നത്. അനാഥാലയത്തിൽ എത്തിയ സന്യാസിവര്യന്റെ മനസ്സിലൂടെ ....... പൂർവ്വകാലം ഒരു വെളിച്ചം പോലെ തെളിഞ്ഞു. താൻ പിച്ചവച്ചു നടന്ന തിരുമുറ്റത്തെത്തിയപ്പോൾ ഏതോ ഉൽപ്രേരണ എന്ന പോലെ താൻ ആ മണ്ണിനെ തൊട്ട് വന്ദിച്ചു. വിവേകാനന്ദൻ എന്ന കൗമാരക്കാരനിൽ നിന്നും സന്യാസിവര്യനിലേക്കുള്ള ദൂരം പ്രേയസ്സിയിൽ നിന്നും ശ്രേയസ്സിലേക്കുള്ള യാത്ര.... കൂടെ വന്നിരുന്ന മഹാത്മ്യൻ പറഞ്ഞു ഇവിടെ താമസിച്ചിരുന്ന മാതാപിതാക്കളുടെ മകൻ ഒരു പ്രത്യേക സാഹചര്യത്തിൽ നാടുവിട്ടു. പിന്നെ അവർ അധികകാലം ജീവിച്ചില്ല. അടുത്തടുത്ത ദിനങ്ങളിൽ തന്നെയായിരുന്നു അവരുടെ മരണവും. മരിക്കുന്നതിന് മുൻപ് അവർ വീടും സ്വത്തുക്കളും അനാഥാലയത്തിന് എഴുതി വെച്ചു. തന്റെ മാതാപിതാക്കൾ പ്രകൃതിയുടെ അലംഘനീയ നിയമമായ മരണത്തിൽ ലയിച്ചിരിക്കുന്നു. നിർമ്മലഹൃദയനായി താൻ എല്ലാം കേട്ടുനിന്നു.....

ഓരോരുത്തരായി തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനായി എത്തി. പലർക്കും വേണ്ട ഉപദേശങ്ങൾ നൽകി തിരിച്ചയച്ചു. ഒടുവിൽ ഒരു സ്ത്രീ തന്റെ ഉപദേശത്തിനായി ആഗതയായി... അവർ പറഞ്ഞു

– ഗുരോ.. എനിക്ക് ഒട്ടും മനസ്വസ്ഥത ഇല്ല. ഞാൻ എന്റെ ഭർത്താവിനോട് നീതി പുലർത്തുന്നില്ല. വർഷങ്ങൾക്ക് മുൻപ് എനിക്ക് ഒരു പ്രണയമുണ്ടായിരുന്നു. അയാളിൽ സംശയമുളവായ ഞാൻ അയാളെ ശാപവാക്കുകൾ പറഞ്ഞ് ആത്മഹത്യാഭീഷണി മുഴക്കി നാടു കടത്തുകയായിരുന്നു. വികാരവിക്ഷോഭത്താൽ അയാൾ പറയുന്നതൊന്നും ഞാൻ ചെവിക്കൊണ്ടില്ല.. വർഷങ്ങൾ കഴിഞ്ഞപ്പോൾ വീട്ടുകാർ എനിക്ക് മറ്റൊരു വിവാഹം നടത്തി. പക്ഷേ, അയാളെ ഭർത്താവായി കാണാൻ എനിക്ക് കഴിയുന്നില്ല. വർഷം രണ്ടായി മനുഷീകത ഉള്ളതുകൊണ്ടാവാം എന്റെ മനം മാറ്റത്തിനായി അദ്ദേഹം കാത്തിരിക്കുകയാണ്. ഞാനെന്ത് ചെയ്യണം. കുറ്റബോധവും അപകർഷതാബോധവും എന്നിൽ സംയോജിച്ചിരിക്കുന്നു. എനിക്ക് ഒന്നുമറിയില്ല ഈ സങ്കടക്കടലിൽ നിന്ന് എന്നെ രക്ഷിക്കണം എന്നു പറഞ്ഞ് ആ യുവതി പൊട്ടിക്കരഞ്ഞു. സന്യാസി വര്യൻ ചിന്തിച്ചു, തന്നെ തേടി തന്റെ സവിധം എത്തിയിരിക്കുന്നത് തന്റെ യാത്രയിൽ അനേകം പ്രാവശ്യം നീണ്ട അനുരാഗബന്ധ ജീവിതനാക്കി പ്രണയത്തിന്റെ മാസ്മരികലോകത്ത് എത്തിച്ച ബഹുസ്ഫുരണങ്ങൾ വേട്ടയാടിയ അവൾ - അതെ അവൾ തന്നെയാണിത്. ഗുരു പതിയെ കണ്ണ് തുറന്നു. അവളിൽ പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു...ബദ്ധ ചിത്തനായി പറയാൻ തുടങ്ങി, പ്രതിസന്ധികളും, പ്രലോഭനങ്ങളും, പ്രയാസങ്ങളുമെല്ലാം ലൗകിക ജീവിത്തിലെ സഹയാത്രികരാണ്. അതിനെ അതിജീവിക്കുവാൻ നമ്മൾ പ്രയത്നിക്കണം. വിവാഹത്തിന് മുൻപ് തന്നെ മാനസികമായും, ശാരീരികമായും തയ്യാറെടുപ്പ് നടത്തണം. അതിന് കഴിയാത്ത ഭവതി അക്ഷന്തവ്യയമായ തെറ്റാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു പുരുഷനെയും അയാളുടെ പൗരുഷത്തിനെയും നിങ്ങൾ അപമാനിച്ചിരിക്കുന്നു. അദ്വൈതഭാവത്തിൽ കാണേണ്ട പ്രണയം ഭവതി കണ്ടത് ദ്വൈതഭാവത്തിലായിരുന്നു, ഭവതിയ്ക്ക് അദ്ദേഹത്തോടുള്ള പ്രണയം ആത്മാവിൽ നിന്നും ഉടലെടുത്തതാണെങ്കിൽ ഈ ലോകം മുഴുവനും അദ്ദേഹത്തിന് നേരെ വിരൽ ചൂണ്ടിയാലും ഭവതി കൂടെ നിൽക്കുമായിരുന്നു. അന്ന് ബാഹ്യമായ മായയിൽ ഭവതി അടിമപ്പെട്ടിരിക്കുകയായിരുന്നു. പരസ്പര വിശ്വാസമാണ് ഏതൊരു ബന്ധത്തിന്റെയും അടിത്തറ എന്നറിയില്ലേ. അദ്ദേഹത്തോട് ഭവതിയ്ക്ക് പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നെങ്കിൽ ദൃഢനിശ്ചയം ഉണ്ടാകുമായിരുന്നു അദ്ദേഹം അനീതികളൊന്നും പ്രവർത്തിക്കുകയില്ലായെന്ന്. പരസ്പര മാനസിക സമർപ്പണമാണ് യഥാർത്ഥ പ്രണയം. ഭവതിയുടെ മരണം കാംക്ഷിക്കാത്തതുകൊണ്ടായിരിക്കാം മാതാപിതാക്കളെ പോലും കാണാൻ അദ്ദേഹം വരാതെയിരുന്നത്. നഷ്ടപ്പെട്ടത് ഒരിക്കലും തിരിച്ചുകിട്ടില്ല. തിരിച്ചു വരുകയുമില്ല. വാക്കുകൾക്ക് വാളിനെക്കാൾ മൂർച്ഛയുണ്ടെന്ന് മനസ്സിലാക്കുക. വികാരങ്ങൾക്ക് അടിമപ്പെടാതെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുക. ഭർത്താവിനോട് നീതി പുലർത്തി അദ്ദേഹത്തിന്റെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകി ജീവിതവുമായി താദാത്മ്യം പ്രാപി ക്കുക. ഞങ്ങളുടെ സേവാസംഗത്തിന് പ്രസാദങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും ഞാനൊരു അംഗുലീയം ഭവതിയെ ഏൽപ്പിക്കാം. 3 ദിവസത്തെ ധ്യാനത്തിനുശേഷം മനസ്സിനെ ശാന്തമാക്കി ഞാൻ നൽകിയ പൊതി തുറന്ന് അംഗുലീയം കൈയ്യിൽ അണിയുക. പിന്നെ ഭവതിയുടെ എല്ലാ വിഷമതകളും മാറികിട്ടും എന്നും പറഞ്ഞ് സഞ്ചിയിലുണ്ടായിരുന്ന അംഗുലീയം തിരികെ ഏൽപ്പിക്കുമ്പോൾ മന

സ്സിന്റെ കോണിൽ കിടന്നിരുന്ന ആ ഭാരം നേർത്ത് നേർത്ത് ഒരു മഞ്ഞുകണം പോലെ ഇല്ലാതാവുകയായിരുന്നു. പഞ്ചേന്ദ്രിയങ്ങളെ താൻ നിയന്ത്രണത്തിൽ കൊണ്ടുവന്നിരിക്കുന്നു. തന്റെ ദൗത്യത്തെ അനായസേന പൂർത്തികരിക്കുവാൻ തനിക്ക് കഴിഞ്ഞിരിക്കുന്നു. താൻ നൽകിയ അംഗുലീയം കാണുമ്പോൾ അവൾക്ക് കാര്യങ്ങളെല്ലാം ബോധ്യമാകും. അതോടെ അവളിൽ അവശേഷിക്കുന്ന തന്റെ ഓർമ്മകൾ നിശ്ശേഷം മാഞ്ഞുപോകും... മനസ്സിൽ മുഴുവനും ചാരിതാർത്ഥ്യമാണ്. തന്റെ പാഥേയത്തിൽ കാലിടറാതെ.... തിരിഞ്ഞു നോക്കാതെ യാത്ര തുടരുമ്പോൾ മനസ്സിൽ അലൗകികാനന്ദം പീലിവിരിച്ചാടുകയായിരുന്നു.....

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 ജൂൺ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | മുരളീധരൻ. സി. പി. ശ്രീപത്മനാഭ, പോണോത്ത് റോഡ് കലൂർ, കൊച്ചി - 17 | 14,062/- |
| 2. | ചന്ദ്രിക പി. മേനോൻ, പത്മവിഹാർ, ലായം റോഡ്, എറണാകുളം | 10,000/- |
| 3. | അശോക് മേനോൻ, 4 A, South cove Apts, Lane - 18, ജനതാ റോഡ് | 5,000/- |

മിനിക്കഥ

## പ്രയാസവും എളുപ്പവും

ഉണ്ണി വാരിയത്ത്
9867179480)

മകന് ഒരു മല കാണിച്ചുകൊടുത്ത് അച്ഛൻ പറഞ്ഞു :'മലയോളം ഉയരത്തിൽ മഹിമയുണ്ടാകണം മനുഷ്യർക്ക്' കടൽ കാണിച്ചുകൊടുത്ത് പറഞ്ഞതും അച്ഛൻ തന്നെ: 'കടലോളം ആഴത്തിൽ കരുണയുമുണ്ടാകണം' മരങ്ങളെയും ചെടികളെയും ചൂണ്ടിക്കാട്ടി അച്ഛൻ പറഞ്ഞത്: 'അവയെപ്പോലെ മനസ്സിൽ നിസ്വാർത്ഥതയുമുണ്ടാകണം' മകൻ അതെല്ലാം എത്ര പെട്ടെന്നാണ് മറന്നത്! ചിലർക്ക് പാഠങ്ങൾ പഠിക്കാൻ പ്രയാസവും മറക്കാൻ എളുപ്പവുമാണല്ലോ!

## 2-ാം ചരമവാർഷികം

**31.07.2023**



**തങ്കം പണിക്കർ**

കല്ല്യാൺ, പ്ലോട്ട് നമ്പർ 44
കൃഷ്ണവിഹാർ, കോളനി,
പനമ്പിള്ളി നഗർ, കൊച്ചി - 682036
*സന്തപ്ത കുടുംബാംഗങ്ങൾ*

# മറക്കില്ലൊരിക്കലും

കെ. എസ്. ഹരികുമാർ

1983 മെയ് മാസത്തിലെ ചൂടേറിയ ഒരു ഞായറാഴ്ച. അന്നാണ് ബാങ്കിന്റെ എഴുത്തു പരീക്ഷ നടക്കുന്ന ദിവസം. മാത്തമറ്റിക്സ് പഠിക്കാത്ത ഞാൻ എങ്ങിനെ കണക്കിന്റെ ആപ്റ്റിട്യൂട് ടെസ്റ്റ് എഴുതും? സുവോളജി ഐച്ഛിക വിഷയമായി ഡിഗ്രിക്ക് പഠിച്ച ഞാൻ എങ്ങിനെ ഈ ടെസ്റ്റ് പാസാകും.? സുവോളജിക്ക് ഒപ്പം പഠിച്ചത് ബോട്ടണിയും കെമിസ്ട്രിയും ആണ്. ഡിഗ്രി പരീക്ഷ കഴിഞ്ഞ് ആദ്യത്തെ ടെസ്റ്റ് ആണ്.

നല്ല പേടിയുണ്ട്.

ഉച്ചക്ക് രണ്ട് മണിക്ക് ഉള്ള ടെസ്റ്റിന് കാലേ കൂട്ടി തയ്യാറായി. നാട്ടിൻപുറത്തുള്ള എന്റെ വീട്ടിൽ നിന്ന് സൈക്കിൾ ചവുട്ടിയാണ് നാല് കിലോമീറ്റർ അകലെയുള്ള ടൗണിൽ എത്താറുള്ളത്. അവിടെ നിന്നും ടെസ്റ്റ് നടക്കുന്ന സെന്ററിലേക്കു 21 കിലോമീറ്ററോളം കാണും.

അന്നും പതിവുപോലെ സൈക്കിൾ ചവുട്ടി പന്ത്രണ്ട് മണിയോടെ തന്നെ ടൗണിലെത്തി. രണ്ട് മണിക്കാണ് ടെസ്റ്റ്. ധാരാളം സമയമുണ്ട്. ഒരു മണിക്കൂറു കൊണ്ട് ആലുവയിൽ എത്താം. ദേശസാൽകൃത ബസ് റൂട്ട് ആണ്. പതിവായി കോളേജിൽ പോകുന്ന വഴി തന്നെ.. ആദ്യത്തെ ബസ് വന്നു. വലിയ തിരക്ക്. അടുത്ത ബസ് വരട്ടെ എന്ന് കരുതി കാത്തു നിന്നു.

ഞായറാഴ്ച ആയതിനാൽ ട്രാൻസ്പോർട് ബസ്സുകൾ കുറവ്. ഉള്ളതിൽ എല്ലാം നല്ല തിരക്കും. അവസാനം കാത്തിരുന്ന് ഒരു മണിയോടെ ഒരു ബസ് വന്നു. ചാടി കയറി. നല്ല തിരക്കുണ്ട്. വിയർത്തു കുളിച്ച് ആലുവയിലെ പമ്പ് ജംഗ്ഷൻ ബസ് സ്റ്റോപ്പിൽ ഇറങ്ങിയപ്പോൾ രണ്ട് മണി കഴിഞ്ഞു. ടെസ്റ്റ് സെന്റർ സെന്റ് മേരി സ്കൂൾ എവിടെയെന്നു കൃത്യമായി അറിയില്ല. ആലുവ എനിക്ക് നല്ല പരിചയമില്ല. ആരോടെങ്കിലും ചോദിക്കാമെന്നു വച്ചാൽ സൺഡേ ഒരു കടയും തുറന്നിട്ടില്ല. എതിരെ വന്ന ഒരാളോട് ചോദിച്ചു. അടുത്ത കയറ്റം കയറി വളവു തിരിഞ്ഞു ഇടത്തോട്ട് പോയാൽ മുകളിൽ സ്കൂൾ കാണാം ഏകദേശം 50 വർഷത്തിന് മുമ്പാണ്, അന്ന് ഓട്ടോ റിക്ഷകളോ മറ്റു വാഹനങ്ങളോ ഇല്ലാ. അംബാസിഡർ കാറുകൾ മാത്രം വിരളമായി ഓടുന്ന കാലം. നീട്ടി പിടിച്ചു നടക്കുക തന്നെ. ശരിക്കും ഓടുകയോ നടക്കുകയോ അല്ല. രണ്ടിന്റെയും ഇടയിൽ ഉള്ള ഒരു പ്രക്രിയ. മുണ്ടും പൊക്കിപിടിച്ചുള്ള ഒരു ദ്രുത പ്രയാണം. കുന്നു കയറി വളവു തിരിഞ്ഞപ്പോൾ സ്കൂൾ കാണാറായി. പക്ഷേ അത് പിന്നെയും പൊക്കത്തിലാണ്.

ഒരുവിധം വിയർപ്പിൽ നടന്നു കുളിച്ചു സ്കൂളിന്റെ മുകളിലത്തെ നിലയിൽ ആദ്യത്തെ ഹാളിൽ എത്തി. ടെസ്റ്റ് തുടങ്ങി കഴിഞ്ഞു. പുറത്തെങ്ങും ആരുമില്ല. ഹാളിന്റെ വാതിൽക്കൽ കറുത്ത സുന്ദരനായ ഒരു ചെറുപ്പക്കാരൻ മാത്രമുണ്ട്. പേടിച്ചരണ്ട് ഞാൻ ഹാൾ ടിക്കറ്റ് അദ്ദേഹത്തെ കാണിച്ചു. അദ്ദേഹം വാച്ചിൽ നോക്കി. സമയം രണ്ട് മണി കഴിഞ്ഞ് ഇരുപതു മിനിറ്റ്.

അദ്ദേഹത്തിന്റെ രൂക്ഷമായ നോട്ടം എന്റെ തളർച്ച കൂട്ടി.

മനസ്സില്ലാ മനസ്സോടെ എന്നോട് കയറി ഇരിക്കാൻ പറഞ്ഞു. ലാസ്റ്റ് ബെഞ്ച് മാത്രം ഒഴിഞ്ഞു കിടന്നിരുന്നു. ബാക്കിയെല്ലാ ബെഞ്ചുകളിലും ഇരുന്ന എല്ലാവരും തല ഉയർത്താതെ ടെസ്റ്റ് എഴുതികൊണ്ടിരിക്കുന്നു.

ബാക്ക് ബെഞ്ചിൽ ഇരുന്ന എനിക്ക് അദ്ദേഹം പേപ്പേഴ്സ് കൊണ്ട് വന്നു തന്നു. എന്റെ ദൈ ന്യഭാവം കണ്ടിട്ടാണെന്നു തോന്നുന്നു അദ്ദേഹം എനിക്ക് ഒരു സ്റ്റീൽ കൂജയിൽ കുടിക്കാൻ വെള്ളം കൊണ്ടുവന്നു തന്നു.

ചിരിച്ചുകൊണ്ട് പറഞ്ഞു 'വെള്ളം കുടിച്ചിട്ടു, പേടിക്കാതെ എഴുതു'

അദ്ദേഹത്തിന്റെ ആ ചിരിയും നിർദ്ദേശവും ഞാൻ ജീവനുള്ളിടത്തോളം കാലം മറക്കില്ല. ബാക്ക് ബെഞ്ചിൽ വെള്ളം കുടിച്ച്, ഒറ്റക്കിരുന്ന്, എഴുതി തുടങ്ങി.

ഒട്ടും പ്രിയമല്ലാത്ത കണക്കിന്റെ ആപ്പ്റ്റിട്യൂട് ടെസ്റ്റ് ആണ് ആദ്യത്തെ പേപ്പർ..പത്താം ക്ലാസ് പരീക്ഷക്ക് കണക്കിന് അറുപതു ശതമാനം മാർക്ക് പോലും കിട്ടാത്ത ഞാൻ എങ്ങിനെയോ ആ പേപ്പർ മുഴുമിപ്പിച്ചു.

അടുത്ത സൈക്കോളജി ടെസ്റ്റ് എഴുതി കഴിഞ്ഞു തല ഉയർത്തിയപ്പോൾ ഹാളിൽ ആരുമില്ല. 4 മണി കഴിഞ്ഞു, പരീക്ഷാർഥികളെല്ലാം പോയി കഴിഞ്ഞു. ആദ്യം കണ്ട ചെറുപ്പക്കാരനായ സൂപ്പർവൈസർ അതേ ചിരിയോടെ മുന്നിൽ നിൽക്കുന്നു.

'വീട്ടിൽ പോകണ്ടേ?'

അദ്ദേഹത്തിന്റെ ചോദ്യം.

ആൻസർ പേപ്പേഴ്സ് എല്ലാം എക്സാമിനറെ തിരിച്ചേല്പിച്ച അദ്ദേഹത്തോടൊപ്പം ഞാനും നടന്നു ട്രാൻസ്പോർട് സ്റ്റാൻഡിലേക്ക്.

അദ്ദേഹം പണ്ടേ പരിചയമുള്ള ഒരു സുഹൃത്തിനെപ്പോലെ സംസാരിക്കാൻ തുടങ്ങി. ബാങ്കിന്റെ ഒരു ഓഫീസർ ആയിരുന്നു അദ്ദേഹം. ഞാൻ പോകുന്ന വഴിയിൽ കോളേജിന് അടുത്താണ് മണി സാറിന്റെ താമസം.

'അത്രയും വൈകി വന്ന തന്നെ പരീക്ഷക്ക് കയറ്റുവാൻ ഒരു നിർവാഹവും ഇല്ലായിരുന്നു. രണ്ടു മണിക്ക് ശേഷം, ആരെയും ടെസ്റ്റിന് അഡ്മിറ്റ് ചെയ്യേണ്ടാ എന്ന് ബാങ്കിന്റെ കർശന നിർദേശം ഉണ്ടായിരുന്നു. എന്നാൽ, തനിക്ക് മുമ്പിൽ ഒരു ചുവന്ന ഷർട്ട്കാരൻ വന്നു. അയാളെ നേരത്തെ കണ്ടു പരിചയമുള്ളതിനാൽ, അയാളെ ഹാളിൽ കയറ്റി. അയാളുടെ പിറകിലാണ് താൻ വന്നത്. അങ്ങിനെ തന്നെയും കയറാൻ സമ്മതിക്കേണ്ടി വന്നു.' മണി സാറിന്റെ നിഷ്കളങ്കതയാർന്ന ആ സംഭാഷണം വർഷങ്ങൾക്ക് ശേഷവും എന്റെ മനസ്സിൽ ഒരു നിറഞ്ഞ വേദനയോടെ തങ്ങി നിൽക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എം കോം ഫസ്റ്റ് റാങ്ക് നേടി ബാങ്കിൽ ചേർന്ന അദ്ദേഹം എം ബി എ വിദ്യാർത്ഥി കൂടി ആയിരുന്നു. മനസ്സിൽ കരുണയുടെ കിരണങ്ങൾ പേറി നടന്ന അദ്ദേഹം എവിടെയാണിപ്പോൾ? വൈകി വന്ന അവസാന ഉദ്യോഗാർത്ഥിയായ എന്നെ ടെസ്റ്റ് എഴുതാൻ അനുവദിച്ചതുകൊണ്ട് എന്ത് പ്രയോജനം?

തുടർന്ന് വായിക്കുക

ദിവസങ്ങൾ കഴിഞ്ഞു. ഒട്ടും പ്രതീക്ഷയില്ലാത്ത ബാങ്ക് ടെസ്റ്റിനെ പറ്റി മറന്ന് തുടങ്ങി. എം എസ് സി ക്ക് അഡ്മിഷൻ തേടി രണ്ടു കോളേജികളിൽ നിന്നു അപേക്ഷ വാങ്ങി.

അതിനിടയിൽ, ഡിഗ്രിക്ക് ഫസ്റ്റ് ക്ലാസ്സ് കിട്ടിയ എന്നെ, വെറുതെ ഇരിക്കേണ്ട എന്ന് പറഞ്ഞ് ടൗണിലെ ഒരു ട്യൂട്ടോറിയൽ കോളേജ് പ്രിൻസിപ്പൽ, അവിടെ പ്രീഡിഗ്രി കുട്ടികളെ പഠിപ്പിക്കാൻ ഏല്പിച്ചു.

കോളേജ് അഡ്മിഷനും, പഠിപ്പിക്കലും ആയി സമയം പോയി.

പെട്ടന്ന് ഒരുദിവസം, ഒരു ഇന്റർവ്യൂ കാർഡ് വന്നു. പുതിയ എം എസ് സീ അഡ്മിഷന് കോളേജിൽ നിന്നുള്ളതായിരിക്കും എന്ന് കരുതി. പക്ഷെ, അത് ബാങ്കിൽ നിന്നുള്ള കാൾ ലെറ്റർ ആയിരുന്നു.

ബാങ്ക് ടെസ്റ്റ് പാസ്സായി എന്നത് എനിക്ക് വിശ്വസിക്കാൻ പ്രയാസമായിരുന്നു. ഒന്നാമത്, കണക്കിന് ഏറ്റവും മോശമായ ആൾ. രണ്ടാമത്, ടെസ്റ്റിന് വൈകി എത്തിയ ഞാൻ എങ്ങിനെയോ ഹാളിനുള്ളിൽ കടന്നു കൂടി പരീക്ഷ എഴുതി എന്ന് മാത്രം.

*(തുടരും)*

*****

**17/07/23 മുതൽ 16/08/23 വരെ**

# മാസഫലം

കർക്കിടക മാസഫലം

## ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) പ്രണയ ബന്ധങ്ങൾ



ദൃഢത കൈവരിക്കാം. അകന്ന് നിൽക്കുന്ന ദമ്പതികൾക്ക് കൂടി ചേരാൻ സാധ്യതയുണ്ട്. ചെറിയ യാത്രകൽ ചെയ്യാം. സംരഭങ്ങളിൽ പുരോഗതി ഉണ്ടാകും. കിട്ടാതിരുന്ന ധനം കൈവശം വന്ന് ചേരാം. ജൂലായ് 28, 29 തീയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. സർപ്പ പ്രീതിക്കും, വിഘ്നേശ്വര പ്രീതികരവും ആയ വഴിപാടുകൾ നടത്തുക.

ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം



ആദ്യപകുതി) ധാരാളം യാത്ര ചെയ്യേണ്ടതായി വരും. യാത്രയുടെ ഉദ്ദേശം സഫലീകരിക്കും. ബന്ധുക്കളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയും. പൊതുകാര്യങ്ങളിൽ വിജയവും അംഗീകാരവും ഉണ്ടാകും. ജൂലായ് 30, 31 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ്. സർപ്പ പ്രീതിയും വിഷ്ണുക്ഷേത്ര ദർശ്ശനവും നടത്തുക.

മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന



മൂന്ന് പാദം) ശാസ്ത്ര സാഹിത്യ വിഷയങ്ങളിൽ നിന്നും നേട്ടമുണ്ടാകും. മാധ്യമ രംഗവുമായി ബന്ധപ്പെട്ടവർക്കും കമ്മീഷൻ ഏജൻസിയുമായി ബന്ധപ്പെവർക്കും വിജയവും നേട്ടവും പ്രതീക്ഷിക്കാം. ആഗസ്റ്റ് 1,2 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ശങ്കരനാരായണ ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുന്നത് നല്ലതാണ്.

കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) വിശി



ഷ്ടരായവരിൽ നിന്നും അന്തസ്സും ആദരവും ലഭിക്കും. വിദ്യാർത്ഥികൾക്ക് വിദ്യാലാഭവും, റിയൽ എസ്റ്റേറ്റ് രംഗത്തും കലാരംഗത്തും പ്രവർത്തിക്കുന്നവർക്കും ധനലാഭവും പ്രതീക്ഷിക്കാം. ദാമ്പത്യ ജീവിതത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടാകാം. ആഗസ്റ്റ് 3,4 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ഭദ്രകാളി ദുർഗ്ഗാ ക്ഷേത്രദർശ്ശനം നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) എല്ലാവരാലും ആദരിക്ക



പ്പെടുകയും മറ്റുള്ളവരുടെ സഹകരണത്തോടെ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുകയും ചെയ്യും. ഊർജ്ജസ്വലതയും ധൈര്യവും ആത്മ വിശ്വാസവും പ്രകടിപ്പിക്കാം. ആഗസ്റ്റ് 5,6 തീയതികൾ അഷ്ടരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഭദ്രകാളി, ദുർഗ്ഗാ ദേവീ ക്ഷേത്രദർശനം നടത്തുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയ്യുക.

കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപ



കുതി) വിദേശത്ത് നിന്നും ധനലാഭം ധനം സമ്പാദിക്കുന്നതിൽ പ്രത്യേക നിപുണത പ്രകടിപ്പിക്കും. മറ്റുള്ളവരാൽ ആദരിക്കപ്പെടുക മൂലം കീർത്തി നേടും. സ്ഥാനലബ്ധി, കച്ചവടത്തിൽ വിജയം, തൃപ്തികരമായ ആരോഗ്യം എന്നീ ഗുണങ്ങളും, അശ്രദ്ധമായ വാക്കുകൾ മൂലം മനപ്രയാസത്തിന് ഇടവരാനുള്ള സാധ്യതയും ഉണ്ട്. ആഗസ്റ്റ് 7,8 ദിവസങ്ങൾ അനുകൂലമല്ല. ഗണപതി ഹോമം, ഭഗവതി സേവ എന്നിവ ക്ഷേത്രത്തിൽ നടത്തുക.

തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന്



പാദം) സൗഹൃദങ്ങളിലൂടെ വിജയം നേടും. സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ കഴിവ് തെളിയിക്കാൻ കഴിയും. സാഹിത്യ കലാരംഗത്തും ഏതെങ്കിലും നിലയിൽ സെക്രട്ടേറിയൽ ജോലി കൈകാര്യം ചെയ്യുന്നവർക്കും മികവ് പുലർത്താനും അഭിനന്ദനങ്ങൾ ലഭിക്കാനും സാധ്യത ഉണ്ട്. ആഗസ്റ്റ് 10,11 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ദേവീ പ്രീതി വളർത്തുക.

വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) ധനാഗ



മനം ഉണ്ടാകുമെങ്കിലും ഗൃഹനിർമ്മാണം, വാഹനങ്ങളുടെ കേടുപാടുകൾ തീർക്കൽ, ഭൂമി വാങ്ങുക തുടങ്ങിയ കാര്യങ്ങളിലൂടെ ധനം ചെലവാക്കുകയും അതുമൂലം സാമ്പത്തിക ഞെരുക്കം അനുഭവിക്കുകയും ചെയ്യും. പല കാര്യങ്ങളിലും വിശാലമനസ്കത പ്രകടിപ്പിക്കും. ആഗസ്റ്റ് 13,14 തീയതികൾ ശുഭകരമല്ല. വൈഷ്ണവ പ്രീതികരമായ വഴിപാടുകൾ നടത്തുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) സഹായികളിൽ



നിന്നും സഹോദര സ്ഥാനിയരിൽ നിന്നും പ്രതീക്ഷിച്ച രീതിയിൽ സഹായങ്ങൾ ലഭിച്ചില്ലെങ്കിലും സഹാനുഭൂതിയും ചെറിയ തോതിലുള്ള സഹായങ്ങൾ പ്രതീക്ഷിക്കാം. ബിസിനസ്സ് പാർട്ടണർമാർ വിട്ടു നിൽക്കാനും ചില നിർഭാഗ്യങ്ങൾ കർമ്മവുമായി ബന്ധപ്പെട്ടും ഉണ്ടാകാം. കമിതാക്കൾ തമ്മിൽ അഭിപ്രായ വ്യത്യാസ ഉണ്ടാകും. ആഗസ്റ്റ് 15,16 തീയതികൾ ശുഭകാര്യത്തിന് സ്വീകരിക്കരുത്. ദേവീ ക്ഷേത്ര ദർശ്ശനവും യഥാശക്തി വഴിപാടുകൾ നടത്തുന്നതാണ് നല്ലതാണ്.

മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം



ആദ്യപകുതി) സ്ത്രീകൾ നിമിത്തം ചില ഭാഗ്യങ്ങൾ ലഭിക്കുമെങ്കിലും സ്ത്രീകൾ തന്നെ ശത്രുക്കളായും ഭവിക്കും. വാഹനത്തിനോ വീടിനോ വേണ്ടി പണം ചിലവഴിക്കേണ്ടി വരും. ചെറിയ തോതിലാണെങ്കിലും വാഹന അപകടങ്ങൾക്ക് സാധ്യത ഉള്ളതിനാൽ ശ്രദ്ധയോടെ വാഹനങ്ങൾ കൈകാര്യം ചെയ്യണം. ജൂലായ് 21, 22 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.

കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന്



പാദം) എല്ലാ കാര്യങ്ങളിലും ഊർജസ്വലത പ്രകടിപ്പിക്കും. നഷ്ടപ്പെട്ട പലതും കഠിന പ്രയത്നത്തിലൂടെ നേടിയെടുക്കാൻ കഴിയും. രോഗപ്രതിരോധശേഷി വർദ്ധിക്കുന്നതിനാൽ രോഗങ്ങളിൽ ആശ്വാസം ലഭിക്കും. ഇൻഷുറൻസിൽ നിന്നും ധനം ലഭിക്കാം. ജൂലൈ 24, 25 തീയതികൾ പ്രായേണ ഗുണം കുറയും. ദേവീക്ഷേത്ര ദർശ്ശനവും ദേവീപ്രീതികരങ്ങളായ വഴിപാടുകളും നടത്തുക.

മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) പൊതു



കാര്യങ്ങളിൽ താൽപര്യം വർദ്ധിക്കുന്നത് മൂലം ജനശ്രദ്ധ നേടാം. മാതൃപിതൃ ഗുരു ജനങ്ങളുടെ അനുഗ്രഹം ലഭിക്കും. സ്ഥിരോത്സാഹം കൊണ്ട് പല കാര്യങ്ങളും അനുകൂലമാക്കി മാറ്റാൻ കഴിയും. ജൂലൈ 26, 27 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. ഗണപതി ക്ഷേത്ര ദർശ്ശനം നടത്തുന്നതും കറുകമാല സമർപ്പിക്കുന്നതും ഗണപതി ഹോമം നടത്തുന്നതും തടസ്സങ്ങൾ മാറി കിട്ടാൻ നല്ലതാണ്.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 32/160cm, Chadayam, M.com(Finance), Currently pursuing CMA, Treasuary Officer (Dubai, UAE), 1/2 Dosham, Mob:- 9846861454


Email:sobhanav1379@gmail.com
Date of Birth:29-10-1990 (10.30 am)
Sishta Dasa: Rahu - 14-04-27




Contact Address:
MRS. SOBHANA SREELAKAM
DEVI NAGAR
PALLIPARAMBU KAVU
TRIPUNITHURA P.O, DNRA.15
KOCHI - 682301

Nair Boy, 36/172 cm, Aayilyam, B.Tech from IIT Kharaghpur & MBA from Oxford UK, Senior Product Manager,GE Health Care, Bangalore, Divorced, Pref:- Employed & relocate to Bangalore, Mob:- 9650465006, 7337878453


Email:suchitrapg@gmail.com
Date of Birth:30-09-1986 (12.00 am)
Sishta Dasa:




Contact Address:
MR. AJITHKUMAR
B04, ALMOND TREE
KENCHENAHALLI
YELAHANKA - 560 064

Nair Boy, 28/172cm, Rohini, B.Tech, System Analyst, Inapp Technologies, Mob:- 9447381870

Email:psasikumar442@gmail.com
Date of Birth:30-08-1994 (3.45 am)
Sishta Dasa:





Contact Address:
MR. P.SASIKUMAR
PARAYELIL HOUSE
THOTTAKKATTUKARA
ALUVA - 683108

# വരനെ ആവശ്യമുണ്ട്

Nair Girl, 26/157cm, Karthika 1/4 (Medam), BBA LLB, Practicing Lawyer & Legal Professional , Mob:- 9447054471


Email:advntgopakumar@gmail.com
Date of Birth:14-02-1997
Sishta Dasa:




Contact Address:
MR. N.T GOPAKUMAR
NEDUMATTIYIL HOUSE
LAKKATTOOR
AYARKUNNAM
KOTTAYAM - 686564

Nair Girl,25/165cm,Moolam,White, PG- Biotechnology,Senior Manager, Pref: Professional, Mob:8075833499


Email:binduj246@gmail.com
Date of Birth:25-01-1998(8.36pm)
Sishta Dasa:




Contact Address:
MR.JAYAKUMAR K R
KAITHATHU HOUSE
THRICHATTUKULAM P O
CHERTHALA
ALAPPUZHA 688526

Nair Girl, 33/165cm, Thrikketta, BCA,Worked earlier & now not working & searching for jobs, Divorced, Mob:- 9895971595

Email:drjayanthiraghurajan@gmail.com
Date of Birth:19-02-1990 (01.12 pm)
Sishta Dasa: Mercury- 08-01-26




Contact Address:
MR. RAGHU RAJAN.V
SNRA - 45, LANE -3
SANTHI NAGAR
KALANGAT ROAD
KAKKANAD, KOCHI -682030

# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്

Radheyam
Guest House



എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ
സൗകര്യപ്രദമായ 38 മുറികൾ, വിശാലമായ പാർക്കിംഗ്,
വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ





**ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്**
**തെക്കേ നട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101**

**ബുക്കിങ്ങിനായി വിളിക്കുക. - 0487-2504700, 8547871161, 9446365116**

## എറണാകുളം കരയോഗത്തിന്റെ ആയുഷ്യം മെഡിക്കൽസ്






നിങ്ങൾക്ക് ആവശ്യമുള്ള മരുന്നുകൾ ഓർഡർ ചെയ്യൂ. മരുന്നുകൾ വീട്ടിൽ എത്തിക്കുന്നതാണ്.

**Ph: 9446488833, 0484-2361160 (Extn.127)**

ഹോം സർവ്വീസിന് വിളിക്കൂ......

**ഇംഗ്ലീഷ് മരുന്നുകൾ 5 മുതൽ 15 ശതമാനം വരെ ഡിസ്‌ക്കൗണ്ട്**

## എറണാകുളം കരയോഗത്തിന്റെ വിവിധ ക്ലാസ്സുകൾ

വയലിൻ, കരാട്ടേ, യോഗ, ഭരതനാട്യം, സിനിമാറ്റിക് എന്നിവ നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക് - 0484 2361160



## നല്ല കൂട്ടാൻ കട



എറണാകുളം കരയോഗം നല്ല കൂട്ടാൻ കടയിൽ നിന്നും വിവിധതരം പ്രഥമനുകൾ, ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കൂട്ടാനുകൾ, പലഹാരങ്ങൾ, അച്ചാറുകൾ എന്നിവ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് - 9778410765


## എറണാകുളം കരയോഗം മാംഗല്യം



www.karayogammangalyam.com
എന്ന വെബ്‌സൈറ്റ് വഴി എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ, ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ

കൂടുതൽ വിവരങ്ങൾക്ക് - 0484 -2361160

## ജ്യോതിഷം



എറണാകുളം കരയോഗത്തിൽ ജ്യോതിഷാചാര്യൻ
ജി.കെ. മേനോന്റെ സേവനം
തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
പ്രവർത്തന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് - 8848036518, 9645683491

## ചൈത്രം

മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു കൗൺസിലിങ്ങ് കേന്ദ്രം.
സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.
പ്രവർത്തന സമയം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് - 0484 2361161

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ് വനിതാ ഹോസ്റ്റൽ

എറണാകുളം കരയോഗത്തിന്റെ കീഴിൽ ഒരു ഓൾഡേജ് ഹോമും വനിതാ ഹോസ്റ്റലും നടത്തി വരുന്നു.



കൂടുതൽ വിവരങ്ങൾക്ക്
9188081355, 0484 -2345061

## ക്ലിനിക്ക് ഓൺ വീൽസ്



സമൂഹത്തിലെ നിർദ്ധനരായ രോഗികൾക്ക് സേവനം നൽകുവാൻ എറണാകുളം കരയോഗത്തിൽ സഞ്ചരിക്കുന്ന ആശുപത്രിയുടെ സേവനം ഒരുക്കിയിട്ടുണ്ട്

കൂടുതൽ വിവരങ്ങൾക്ക് - 9188640743

## ആംബുലൻസ് സർവ്വീസ്

എറണാകുളം കരയോഗത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസിന്റെയും മൊബൈൽ ബോഡി ഫ്രീസറിന്റെയും സേവനം ലഭ്യമാണ്.



കൂടുതൽ വിവരങ്ങൾക്ക് - 9387306579

DATE OF PUBLICATION: 10-07-2023

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 15 JULY 2023 Issue No. 7

**ബീം മെയ് മാസ പരിപാടി**
**കഥകളി**
## സന്താനഗോപാലം
**ജൂലൈ 25 ചൊവ്വാഴ്ച വൈകുന്നേരം**
**6.00ന് ടി.ഡി.എം. ഹാളിൽ**

**എറണാകുളം കരയോഗം**
**സാംസ്ക്കാരിക വിഭാഗം**
## സംഗീത സായാഹ്നം
**മഴയെക്കുറിച്ചുള്ള പാട്ടുകൾ**
**ജൂലൈ 30 ഞായറാഴ്ച വൈകുന്നേരം**
**4 മണിക്ക് ടി.ഡി.എം. ഹാളിൽ**


വി. കലാധരൻ

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വി. കലാധരൻ കഥകളിയുടെ ദേശാതീതമാനങ്ങൾ എന്ന വിഷയത്തെപ്പറ്റി സംസാരിക്കുന്നു.

മൂന്നു പതിറ്റാണ്ടിലധികം കേരള കലാമണ്ഡലത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തു. മലയാളത്തിലും ഇംഗ്ലീഷിലുമായി കലാസംബന്ധിയായ ഒട്ടേറെ ലേഖനങ്ങൾ. രണ്ടുപുസ്തകങ്ങൾ. വിദേശ സർവ്വകലാശാലകളിലെ റിസർച്ച് ജേണലുകളിൽ അക്കാദമിക് സ്വഭാവമുള്ള പ്രബന്ധങ്ങൾ. കേരളീയ കലകളെ സ്വദേശത്തും വിദേശങ്ങളിലും ആഴത്തിൽ പരിചയപ്പെടുത്തുന്ന പ്രഭാഷണങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ ആകാശവാണിയിലും ടെലിവിഷൻ ചാനലുകളിലും കലകളെ ആസ്പദമാക്കിയുള്ള സംവാദങ്ങൾ, അഭിമുഖങ്ങൾ എന്നിവയിലും പങ്കെടുത്തു വരുന്നു.

**ജൂലൈ 15 ശനിയാഴ്ച വൈകീട്ട് അഞ്ചുമണിക്ക് ടി.ഡി എം ഹാളിൽ ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.